# അവതാരിക

കെരളവാസികളായ നമ്മുടെ സ്വന്തഭാഷയ്ക്കു അലങ്കാരമായ കൃതികൾ ഗദ്യത്തിൽ എത്രയും അപൂർവ്വമായിരിക്കകൊണ്ടു സ്വയമായിട്ടെങ്കിലും അക്കുറവു നികത്തുവാൻ കഴിയുന്ന യത്നങ്ങൾ ഒക്കയും ചെയ്യുന്നതിലെക്കു ദൃഷ്ടിവെക്കുന്നതു നമ്മുടെ മുറയാകുന്നു എന്നു ഏവരും സമ്മതിക്കുമെല്ലൊ. അന്യഭാഷക്കാരായ യൂറൊപ്പ്യർ ഈ ഭാഷ പഠിച്ചിട്ടു ഗ്രന്ഥകർത്താക്കളായി ഒരോരോ കൃതികൾ ചമെച്ചിട്ടുള്ളതു നോക്കുമ്പോൾ നമ്മുടെ ഉദാരതയും മടിയും ഒരു ദർപ്പണത്തിൽ എന്നപോലെ പ്രതിബിംബിച്ചുകാണുന്നു. വളരെപ്പുസ്തകങ്ങൾ ഈ ഭാഷയിൽ ഉണ്ടാകുന്നതു ആവശ്യംതന്നെ. എന്നാൽ അവ എല്ലാം ഒരുമിച്ചും ഒരു ആളാലും ചമച്ചുവരുന്നതു സാദ്ധ്യമാകയില്ലല്ലൊ. ഇതുവരെ ഉണ്ടായിട്ടുള്ള പുസ്തകങ്ങൾ മിക്കവയും സൂത്രങ്ങളെയും ശാസ്ത്രങ്ങളെയും സംബന്ധിച്ചവ ആകയാൽ അവയിൽ ഭാഷയുടെ ജീവനായ രീതി (Idiom) അധികശൊഭിതമായി കാണ്മാൻ സംഗതി ഇല്ലായ്കകൊണ്ടു ക്രമത്താലെ അതിനു ന്യൂനത ഭവിച്ചെക്കുമെന്നുള്ള ശങ്കയിന്മെൽ പഞ്ചതന്ത്ര നിബന്ധാവു പറയുംപ്രകാരം 'സല്കഥാകഥനം എന്നുള്ളൊരു മാർഗ്ഗത്തൂടെ" അതിനെ ഈ ചെറിയ പുസ്തകത്തിൽ വെണ്ടപോലെ പ്രയോഗിച്ചിട്ടുണ്ട്. ആകയാൽ ഈ ഭാഷയിൽ വിശെഷജ്ഞന്മാരും നിപുണന്മാരും ആകുവാൻ ഇച്ഛിക്കുന്ന സ്വദെശികൾക്കും വിശെഷാൽ പരദെശികൾക്കും ഇതു ഉപകരിക്കുന്നതാകുന്നു. ഇതു ഷെക്സ്പിയെർ എന്ന ഇംഗ്ലീഷുകവിശ്രെഷ്ഠൻ വകഞ്ഞുണ്ടാക്കീട്ടുള്ള നാടകങ്ങളിൽ ഒന്നും തുലൊം രസവും ഫലിതവും നെരമ്പൊക്കും ഉള്ളതും അനുരാഗം തൊന്നിക്കുന്നതും ആകുന്നു. ഇപ്പുതുമ പരസമ്മതമെന്നും ഇങ്ങനെയുള്ള പ്രബന്ധങ്ങളിൽ വായനക്കാർക്കു ഇമ്പവും താല്പര്യവും ഉണ്ടെന്നും കണ്ടാൽ ഇതിനെക്കാൾ വലിപ്പവും വിശെഷവും കൂടിയ കൃതികൾ പലതും കുറ്റം തീർത്തു വച്ചിട്ടുള്ളതും താമസിയാതെ പ്രസിദ്ധം ചെയ്യുന്നതാകുന്നു എന്നു.

പ്രസിദ്ധകൻ

കൊച്ചി 1866 നവംബർ

പി. ഉമ്മൻ

# ആൾമാറാട്ടം.

## ഒരു നല്ല കേളീസല്ലാപം.

എംഗ്ലിഷ്ഷ കവി ശ്രേഷ്ഠൻ

വില്ല്യം ഷെയ്ക്സ്പീയെർ എന്ന

ജഗൽ പ്രസിദ്ധൻ

വകെക്കുണ്ടാക്കിയിരിക്കുന്ന

നാടകങ്ങളിൽ ഒന്നു.

എംഗ്ലീഷിൽനിന്നു മലയാഴ്മയിലോട്ടു

കൊച്ചിയിൽ ഗ്രാൻറു ഇൻ എയിഡു പള്ളിക്കൂടത്തിലെ

ആശാന്മാരിൽ ഒരുവനായ

കല്ലൂർ ഉമ്മൻ പീലിപ്പോസു

ഗദ്യമാക്കിച്ചമെച്ചതു.

COCHIN:

PRINTED AT THE WESTERN STAR OFFICE.—1866.

**1866-ൽ അച്ചടിച്ച ആൾമാറാട്ടത്തിന്റെ ഒന്നാം പതിപ്പിന്റെ ടൈറ്റിൽ പേജ്**

# ആൾപ്പട്ടിക

| | |
|---|---|
| സൊലിനസ്സു | - എപ്പെസൂസിലെ രാജാവ് |
| ഈജയിൻ | - സൈറാക്ക്യൂസുകാരനായ ഒരു വ്യാപാരി |
| എപ്പെസൂസിലെ അന്റിപ്പൊലസ്സു<br>സൈറാക്ക്യൂസിലെ അന്റിപ്പൊലസ്സു | - ഇരട്ട പിറന്ന സഹോദരന്മാർ. ഈജിന്റെയും എമീലിയായുടെയും പുത്രന്മാർ- അന്യോന്യം അറിഞ്ഞിട്ടില്ലാത്തവർ |
| എപ്പെസൂസിലെ ഡ്രോമിയൊ<br>സൈറാക്ക്യൂസിലെ ഡ്രോമിയൊ | - ഇരട്ട പിറന്ന സഹോദരന്മാരും അന്റിപ്പൊലസ്സന്മാരിൽ ഒരൊരുത്തന്റെ പരിചാരകന്മാരും. |
| ബൽതാസ്സെർ | - ഒരു വ്യാപാരി |
| അൻജീലോ | - ഒരു തട്ടാൻ |
| ഒരു വ്യാപാരി | - സൈറാക്ക്യൂസിലെ അന്റിപ്പൊലസ്സിന്റെ ചങ്ങാതി |
| പിഞ്ചു | - ഒരു മന്ത്രവാദിയും വൈദ്യനും |
| എമീലിയ | - ഈജയിന്റെ ഭാര്യ - എപ്പെസൂസിലെ ആശ്രമ പ്രധാനി. |
| അഡ്രിയാനാ | - എപ്പെസൂസിലെ അന്റിപ്പൊലസ്സിന്റെ ഭാര്യ |
| ലൂസിയാനാ | - അവളുടെ അനുജത്തി |

ഒരു വെശ്യയും ശിപായിയും മററു ഉദ്യൊഗസ്ഥന്മാരും ഭൃത്യന്മാരും.

# 1

# ആൾമാറാട്ടം

## ഒരു നല്ല കെളിസല്ലാപം

ഈജയിൻ – തിരുമനസ്സുകൊണ്ടു എന്നോടു ഒരു കരുണയും കാണിക്കയില്ലെന്നുതന്നെ ഉറച്ചിരിക്കുന്നുവെങ്കിൽ കാലതാമസം കൂടാതെ എന്റെ മരണഭീതികൾക്കു ഒക്കയും ഒരു നിവൃത്തി വരുത്തി തരുമാറാകേണം.

സൊലിനസ്സു രാജാവു – സൈറാക്ക്യൂസുകാരനായ വ്യാപാരീ നീ ഇനി ഏറെയൊന്നും പറഞ്ഞിട്ടു ആവശ്യമില്ല. ന്യായരഹിതമായി യാതൊന്നും നമുക്കു പ്രവൃത്തിച്ചുകൂടാ. കുറഞ്ഞൊരു നാൾക്കുമുമ്പു നമ്മുടെ വ്യാപാരികളുടെ നേരെ നിങ്ങളുടെ രാജാവു കാണിച്ചിട്ടുള്ള കാഠിന്യതയെക്കുറിച്ചു ഓർത്താൽ നിന്നോടു ലേശംപോലും ദയ കാണിപ്പാൻ പാടില്ല. ആ ക്രൂരന്റെ കൈവശത്തിൽ അകപ്പെട്ടുപോയ നമ്മുടെ പാവപ്പെട്ട വ്യാപാരികൾക്കു പണംകൊടുത്തു തങ്ങളുടെ ജീവനെ വീണ്ടുകൊൾവാൻ ഗതിയില്ലാഞ്ഞതിനാൽ അവരുടെ പ്രാണ ഹാനി വന്നു. അതിൽ പിന്നെ കലഹപ്രിയരായ ആ ദിക്കുവാസി കളും ഞങ്ങളും തമ്മിൽ അന്യോന്യം വ്യാപാരം ചെയ്തുകൂടാ യെന്നും എഫേസൂസിൽ ജനിച്ചിട്ടുള്ളവരിൽ ആരെയെങ്കിലും സൈറാ ക്ക്യൂസിൽ വെച്ചു കാൺകയൊ അപ്രകാരംതന്നെ സൈറാക്ക്യൂസിൽ പിറന്നിട്ടുള്ള യാതൊരുത്തനെയെങ്കിലും എഫേസൂസിലെ അതൃ ക്കകെത്തു കാലെടുത്തുകുത്തിയപ്രകാരം കാൺകയോ ചെയ്താൽ ഒരായിരം വരാഹൻകൊണ്ടു അവൻ തന്റെ ജീവനെ വീണ്ടുകൊള്ളാ ത്തപക്ഷം അവന്റെ വസ്തുവകകൾ ജപ്തിചെയ്തു വിറ്റു സർക്കാ രിൽ ചേർക്കുമെന്നും ഇരുപാട്ടുകാരും കൂടിയ ഒരു യോഗമുഖേന നിശ്ചയിച്ചു സ്ഥിരപ്പെടുത്തിയിരിക്കുന്നു. നിന്റെ വസ്തുക്കൾ മോഹ വിലെക്കു വിറ്റാലും അവയ്ക്കു നൂറു വരാഹനിൽ അപ്പുറം കിട്ടുകയി ല്ലാത്തതുകൊണ്ടു രാജ്യചട്ടപ്രകാരം നീ മരണത്തിനു യോഗ്യനായി രിക്കുന്നു.

ഈൗജയിൻ - എന്നാൽ ഇനി തിരുമേനിയുടെ വാക്കുകൾ അവസാനിക്കുന്നതിനോടുകൂടെ എന്റെ കഷ്ടതകൾക്കും ഒരു അവസാനം വരുത്തിത്തരേണമെന്നു മാത്രമേ ഞാൻ ഇച്ഛിക്കുന്നുള്ളൂ.

രാജാവു - എന്നാൽ നീ നിന്റെ സ്വദേശം വിട്ടു പുറപ്പെട്ടു ഇവിടെ വന്നിറങ്ങുവാനുള്ള കാരണം എന്തെന്നു പറക.

ഈൗജയിൻ - പറയാവതല്ലാത്ത എന്റെ ദുഃഖങ്ങളെ വിവരിപ്പാൻ എന്നോടു കല്പിക്കുന്നതിനേക്കാൾ വലുതായൊരു ഭാരം എന്റെമേൽ ചുമത്തുവാനില്ല. ഞാൻ സൈറാക്ക്യൂസിൽ പിറന്നു വളർന്നു. വ്യാപാരത്താൽ സമ്പന്നനായി. വിവാഹം ചെയ്തു സുഖേന പാർത്തുവരുമ്പോൾ എപ്പിഡാമ്നിൽ ഉണ്ടായിരുന്ന എന്റെ പങ്കു കച്ചവടക്കാരൻ മരിച്ചുപോകയും അവന്റെ പക്കൽ ഉണ്ടായിരുന്ന മുതൽ കാര്യങ്ങൾ ഒക്കയും പലരുടേയും കൈവശം ആയിപ്പോകയും ചെയ്കയാൽ ആയതു കരസ്ഥമാക്കാൻവേണ്ടി ഭാര്യയെ സൈറാക്ക്യൂസിൽ പാർപ്പിച്ചുംവെച്ചു ഞാൻ മറ്റേടത്തുപോയി താമസിക്കേണ്ടിവന്നു. ഞാൻ പോയി ഏകദേശം ആറുമാസം കഴിഞ്ഞപ്പോഴേക്കു എന്റെ ഭാര്യ വിരഹതാപത്താൽ വേഗത്തിൽ എന്റെ അടുക്കൽ വന്നുചേർന്നു. അവിടെ വന്നിട്ടു അധികനാൾ ചെല്ലുന്നതിനുമുമ്പേ അവൾ ഇരട്ട പ്രസവിച്ചു. രണ്ടും ആൺകുട്ടികൾ. കാഴ്ചയിൽ അവർക്കിരുപേർക്കും യാതൊരു വ്യത്യാസവും ഇല്ലാഞ്ഞതിനാൽ ഒരു പ്രകാരത്തിലും തമ്മിൽ തമ്മിൽ തിരിച്ചറിയുവാൻ വഹിയാഞ്ഞു. അന്നേദിവസം തന്നെ അവിടെയുള്ള ഒരു പാവപ്പെട്ട സ്ത്രീയും ഇപ്രകാരം തമ്മിൽ തിരിച്ചറിഞ്ഞുകൂടാത്ത രണ്ടു ആൺകുട്ടികളെ പ്രസവിച്ചു. അവരുടെ മാതാപിതാക്കന്മാർ തുലോം പാവപ്പെട്ടവരായിരുന്നതുകൊണ്ടു ഞാൻ ആ കുട്ടികളെ വിലെക്കു വാങ്ങി എന്റെ പുത്രന്മാരുടെ പരിചാരകന്മാരാകുന്നതിനായിട്ടു വളർത്തിക്കൊണ്ടുവന്നു. അങ്ങിനെ കുറെ നാളുകൾ കഴിഞ്ഞശേഷം എന്റെ ഭാര്യ കുട്ടികളേയുംകൊണ്ടു സ്വദേശത്തിലേക്കു പോകുന്നതിന്നു ദിവസേന എന്നെ നിർബ്ബന്ധിക്കയാൽ ഒടുവിൽ മനസ്സുകേടോടുകൂടെയെങ്കിലും ഞാനും അതിന്നു സമ്മതിച്ചു. ഞങ്ങൾ കപ്പൽകയറി എപ്പിഡാമ്നിൽനിന്നു ഒരു കാതംവഴി ദൂരമായില്ല അതിനു മുമ്പു എല്ലായ്പോഴും കാറ്റിന്നു അനുകൂലമായിരിക്കുന്ന കടൽ കോപിച്ചതിനാൽ ഞങ്ങൾ അപകടത്തിൽ ആയിരിക്കുന്നു എന്നും മരണം അടുത്തിരിക്കുന്നു എന്നും കണ്ടു. ഇനിക്കു അതിങ്കൽ ഏറെ ഭയമി

ല്ലാഞ്ഞെന്നുവരികിലും ഭാര്യയുടെ കരച്ചിലും കുട്ടികളോടുള്ള വാത്സല്യവും ഹേതുവാൽ അവരുടെയും എന്റെയും ജീവനെ അല്പംകൂടെ ദീർഘമാക്കുന്നതിനു വല്ല ഉപായവും ഉണ്ടോയെന്നു നോക്കേണ്ടി വന്നു. മുങ്ങിത്തുടങ്ങിയ ആ കപ്പലിൽ ഞങ്ങളെ ഇട്ടും കളഞ്ഞുകപ്പല്ക്കാർ അതിലെ വഞ്ചി ഇറക്കി അവരുടെ ജീവരക്ഷയ്ക്കുള്ള വഴി തേടി. എന്റെ ഭാര്യ ഞങ്ങളുടെ മക്കളിൽ ഒരുവനേയും മറ്റെ ഇരട്ടപ്പിള്ളകളിൽ ഒരുവനേയുംകൂടെ ഒരു പലകയുടെ അറ്റത്ത് ചേർത്തുകെട്ടി. മറ്റവരെ ഇരുവരേയും ഞാൻ പലകയുടെ മറ്റേ അറ്റത്തും ബന്ധിച്ച ശേഷം അവർക്കു സഹായത്തിന്നായി ഞങ്ങളും ഓരോ അറ്റത്തും പിടിച്ചുകൊണ്ടു കിടന്നു. കപ്പൽ മുഴുവനും മുങ്ങിയശേഷം കുറെ നേരത്തേക്കു ഞങ്ങൾ അങ്ങിനെ പലകയിൽ പിടിച്ചുകൊണ്ടു പൊങ്ങിഒഴുകി. പിന്നെ സൂര്യൻ ഉദിച്ചപ്പോൾ കാറ്റു സാവധാനമായി. ദൂരെനിന്നു രണ്ടു കപ്പൽ ഞങ്ങളുടെനേരെ വരുന്നതുകണ്ടു. എന്നാൽ അവ വന്നെത്തുന്നതിനുമുമ്പെ - ഹാ ഇനി എന്നെക്കൊണ്ടു പറയിപ്പിക്കല്ലേ! പിന്നീടു സംഭവിച്ചതു ഒക്കെയും ഈ പറഞ്ഞിടംകൊണ്ടു എടുത്തുകൊള്ളേണമെ.

രാജാവു - ഹേ അങ്ങിനെയല്ല. നിനക്കു മാപ്പു തന്നുകൂടായെങ്കിലും ഈ ആപത്തുകൾ ഒക്കയും കേട്ടാൽ നമുക്കു നിന്റെ പേരിൽ കനിവു തോന്നിയേക്കുമായിരിക്കുമല്ലൊ.

ഈജയിൻ - കപ്പൽ അടുത്തുവരുന്നതിനുമുമ്പെ ഞങ്ങളുടെ പലക ഒരു പാറയിന്മേൽ ചെന്നു അടിച്ചു നടുവേ ഒടിഞ്ഞു പോയി. ഇങ്ങനെ ഞങ്ങൾ തമ്മിൽ വേർപിരിഞ്ഞെന്നു വരികിലും ഇരുപേർക്കും ഒരുപോലെയുള്ള സന്തോഷ സന്താപങ്ങൾക്കു ഇടയുണ്ടായിരുന്നു. അവരെ മൂവരേയും കൊറന്തിലെ മുക്കുവർ പിടിച്ചു കേറ്റുന്നതു ഞങ്ങൾ കണ്ടു. ഏറെ താമസിയാതെ ഒരു കപ്പൽ വന്നു ഞങ്ങളേയും പിടിച്ചുകേറ്റി. ആ കപ്പൽ ഓട്ടത്തിന്നു തുലോം സാവധാനമുള്ളതല്ലാഞ്ഞെന്നുവരികിൽ ഞങ്ങൾ പിന്നെയും ഒന്നിക്കുന്നതിന്നു ഇടവന്നേനെ. എന്നാൽ അതു അസാദ്ധ്യമെന്നു കാണുകകൊണ്ടു കപ്പല്ക്കാർ ചൊവ്വേ ഓടിച്ചുപോയി ഞങ്ങളെ സൈറാക്ക്യൂസിൽ ഇറക്കി. ഇങ്ങിനെ ഭാഗ്യത്തിന്റെ ഉച്ചയിൽനിന്നു ഇനിക്കുണ്ടായ അധോഗതിയെക്കുറിച്ചു തിരുമനസ്സുകൊണ്ടു കേട്ടുവല്ലോ.

രാജാവു - നീ ഇപ്പോൾ ആരെക്കുറിച്ചു പരിതപിച്ചുവരുന്നുവോ

അവരെപ്രതി നിനക്കും അവർക്കും ഇതുവരെയും സംഭവിച്ചിട്ടുള്ള തൊക്കെയും വിവരംപോലെ നമ്മൊടു പറക.

ഈജയിൻ - എന്റെകൂടെ ഉണ്ടായിരുന്ന ആ മകന്നു പതിനെട്ടു വയസ്സായപ്പോൾ തന്റെ സഹോദരനെയും മറ്റും തിരക്കുവാനായിട്ടു തന്നേയും തന്നെപ്പോലെതന്നെ സഹോദരനെക്കാണേണമെന്നു ആഗ്രഹിച്ചുവരുന്ന പരിചാരകനെയും വിടേണമെന്നു എന്നോടു അപേക്ഷിച്ചു. അവരെക്കാണേണം എന്നുള്ള താല്പര്യം ഇനിക്കും ഉണ്ടായിരുന്നതിനാൽ എന്നോടു കൂടെയുണ്ടായിരുന്നവരേയും വിട്ടുപിരിയേണ്ടിവന്നു. അങ്ങിനെ കൈവിട്ടുപോയ മകനേപ്രതി കൈവശമുണ്ടായിരുന്നവനെക്കൂടെ കളഞ്ഞുംവെച്ചു ഇതാ ഇപ്പൊൾ ആറു സംവത്സരമുണ്ടു ഞാൻ ചുറ്റിനടക്കുന്നു. ഗ്രീസിലും ആസീയായിൽ മിക്കയിടവും അന്വേഷിച്ചുംവെച്ചു സ്വന്ത ദിക്കിലേക്കു പോകുംവഴി അവരെക്കാണുമെന്നുള്ള ആശ കുറയുമെങ്കിലും ഒരിടവും അന്വേഷിക്കാതെ ഇട്ടേപ്പാൻ മനസ്സില്ലാഞ്ഞിട്ടു ഇവിടെയും വന്നേ. എന്നാൽ ഇവിടെ എന്റെ കഥ അവസാനിപ്പിച്ചല്ലോ മതിയാവു. അവർ ജീവിച്ചിരിക്കുന്നു എന്നു കേട്ടിട്ടു മരിച്ചെങ്കിൽ ഞാൻ ഭാഗ്യവാനായിരുന്നു.

രാജാവു - ഭാഗ്യദോഷിയായ ഈജയിനെ നിന്റെ കാര്യം നമുക്കു ദുർബ്ബലപ്പെടുത്തിക്കൂടാത്ത രാജ്യചട്ടങ്ങൾക്കും ആണെക്കും വിരോധമല്ലാഞ്ഞു എന്നുവരികിൽ നിനക്കു സഹായിക്കുന്നതിന്നു നമുക്കു യാതൊരു മടിയുമില്ല. എന്നാൽ ഇപ്പോൾ നമ്മുടെ മാനഹാനി വരുത്തിയിട്ടെങ്കിലും മരണത്തിന്നു വിധിച്ചുപോയ നിനക്കു നമ്മാൽ കഴിയുന്ന സഹായം ചെയ്തുതരാം. അതുകൊണ്ടു വ്യാപാരീ നീ ഇന്നു വൈകുന്നതിനകം ഇരന്നിട്ടോ കടം വാങ്ങിയിട്ടോ എങ്ങിനെയെങ്കിലും നിന്നെ വീണ്ടുകൊൾവാനുള്ള പണം ഉണ്ടാക്കിക്കൊണ്ടു വന്നാൽ നിനക്കും ജീവിക്കാം. ആയതല്ലെങ്കിൽ മരിക്കേ പാടുള്ളൂ. ആരോച്ചാരേ ഇവനെക്കൊണ്ടുപോക.

ആരോച്ചാർ - ഇറാൻ.

ഈജയിൻ - ആശയും സഹായവും ഇല്ലാത്തവനായ എന്റെ ജീവനെ ഒരു മാത്രനേരത്തേക്കുകൂടെ വെച്ചേച്ചിട്ടു എന്തു സാദ്ധ്യം. (എന്നു പറഞ്ഞുകൊണ്ടു ആരോച്ചാരുടെ പിന്നാലെ പോയി)

## 2

# എഫെസൂസിൽ ഒരിടത്തുവെച്ചു സൈറാക്ക്യൂസിൽ നിന്നുവന്ന അന്റിപ്പൊലസ്സും ഡ്രോമിയൊയും അവരുടെ സ്നേഹിതനായ ഒരു വ്യാപാരിയും തമ്മിൽ ഉണ്ടായ സംഭാഷണം

വ്യാപാരി – അന്റിപ്പോലസ്സേ സൈറാക്ക്യൂസിലെ ഒരു വ്യാപാരി ഇന്നു ഇവിടെ വരികയും ഈ പട്ടണത്തിലെ ചട്ടം അറിയാതെ താൻ ഇന്നിടത്തുകാരനെന്നുള്ള പരമാർത്ഥം പറഞ്ഞുപോകയും ചെയ്കയാൽ അയാളുടെ ജീവനെ വീണ്ടുകൊൾവാൻമാത്രം പണം കൈയ്ക്കൽ ഇല്ലാത്തതുകൊണ്ടു അസ്തമിക്കുന്നതിനുമുമ്പേ അയാളെ തൂക്കത്തക്കവണ്ണം നിശ്ചയിച്ചിരിക്കുന്നു. ആകയാൽ തന്റെ വസ്തുതകൾ സർക്കാരിൽനിന്നു ജപ്തിചെയ്യാതിരിക്കെണമെങ്കിൽ സൈറാക്ക്യൂസുകാരനെന്നു മിണ്ടിപ്പോകരുത്. എപ്പിഡാമ്നംകാരനെന്നുതന്നെ പറഞ്ഞുകൊള്ളുക. ഇതാ എന്റെ പക്കൽ തന്നിരുന്ന പണം.

സൈ. അന്റി – എടാ ഡ്രോമിയൊ ആ പണം വാങ്ങി സെന്റാർ എന്ന സത്രത്തിൽ കൊണ്ടുപോയി വച്ചുകൊണ്ടു ഞാൻ ഉച്ചെയ്ക്കുള്ള ഭക്ഷണത്തിനു വരുന്നതുവരെ അവിടെ ഇരിക്ക. ഞാൻ ഇവിടെ ഒക്കെ ഒന്നു ചുറ്റിനടന്നു ഇവിടുത്തെ വിശേഷങ്ങൾ ഒക്കയും കണ്ടുംവെച്ചു വരട്ടെ. നീ ചുറുക്കേപോ.

സൈ. ഡ്രോ – യജമാനനെ ഇത്ര നല്ലതരംവരുന്ന സമയം നിങ്ങളുടെ വാക്കിനൊപ്പിച്ചു പൊയ്ക്കളയുന്നവർ പലരും കാണും.

(എന്നു പറഞ്ഞുംവെച്ചുപോയി)

സൈ. അന്റി - നല്ല വിശ്വാസിയായുള്ളോരു ചെർക്കനാണു ഇവൻ കേട്ടോ ചെങ്ങാതീ. ഞാൻ വിഷാദിച്ചിരിക്കുമ്പോൾ ഒക്കയും അവൻ ഫലിതങ്ങൾ പറഞ്ഞു എന്നെ സന്തോഷിപ്പിക്ക പതിവാണു. എന്നാൽ എന്താ കൂടെ വരികയല്ലയോ?

വ്യാപാരി - ഇല്ല ചെങ്ങാതീ. എന്നെ ഇന്ന് ഒരു കച്ചവടക്കാരൻ ക്ഷണിച്ചിരിക്കുന്നു. അവിടെ പോയിട്ടു മററും ചില കാര്യസാദ്ധ്യങ്ങൾ വരുത്തിക്കൊൾവാനുണ്ടു. മുഷിച്ചിൽ തോന്നരുതേ. വേണമെങ്കിൽ ഞാൻ ഏകദേശം അഞ്ചുമണിയാകുമ്പോൾ ചന്തയിൽ വന്നു നിങ്ങളെ കാണുകയും ഒട്ടു രാച്ചെല്ലുന്നതുവരെ വർത്തമാനം പറഞ്ഞുകൊണ്ടിരിക്കയും ചെയ്യാം.

സൈ. അന്റി - എന്നാൽ അങ്ങിനെ ആകട്ടെ സലാം. ഞാൻ ഇവിടെയൊക്കെ ഒന്നു ചുററിനടന്നു കാണട്ടെ.

വ്യാപാരി - നിങ്ങളുടെ ഇച്ഛപോലെ ആകട്ടെ

(എന്നു പറഞ്ഞുംവെച്ചു നടന്നു)

സൈ. അന്റി - എന്റെ ഇച്ഛപോലെ ആകട്ടെ എന്നു പറയുന്നവൻ ഭവിക്കാത്തകാര്യം പറകയല്ലോ ആകുന്നു. എന്റെ ആഗ്രഹം സാധിച്ചെങ്കിലോ വെണ്ടതില്ലാഞ്ഞെല്ലൊ. ഞാൻ കടലിൽവീണ ഒരുതുള്ളി വെള്ളത്തെ അന്വേഷിച്ചു ഇറങ്ങിയ വേറൊരു തുള്ളിപോലെയാകുന്നു. ആയ്തും കടലിൽ ചെന്നു വീണാൽ അതിലെ വെള്ളത്തോടുകൂടെ സമ്മിശ്രപ്പെടുന്നതല്ലാതെ ആഗ്രഹപ്രകാരം സാധിക്കുന്നതിന്നിട വരികയില്ല. അപ്രകാരംതന്നെ ഞാൻ അമ്മയേയും സഹോദരനേയും തിരക്കിയിറങ്ങി വല്ല ആപത്തിലും ചെന്നു ചാടുന്നതല്ലാതെ ഒരു ഗുണം സിദ്ധിക്കുമെന്നു തോന്നുന്നില്ല.

(എന്നിങ്ങനെ തന്നത്താൻ പറഞ്ഞുകൊണ്ടു നില്ക്കുമ്പോൾ എപ്പേസൂസിലെ ഡ്രോമിയോ വരുന്നതു കണ്ടു)

"ഇതാവരുന്നു എന്നെപ്പോലെ തന്നെയുള്ള ഒരു ഭാഗ്യദോഷി" എന്തെടാ നീ ഇത്ര വേഗത്തിൽ ഇങ്ങോട്ടു തിരിച്ചോടിയതു.

എ.ഡ്രോ - വേഗത്തിലെന്നാ തോന്നിയത്? അല്ല താമസിച്ചു പോയെന്നാണെ എന്റെ വിചാരം. മണി പന്ത്രണ്ട് അടിച്ചുകഴിഞ്ഞു. കൊച്ചമ്മ അതു എന്റെ ചെകിട്ടത്തു ഒന്നു എന്നാക്കി. അവർക്കു അത്ര ചൂടുകൊണ്ടിരിക്കുന്നതു തീൻ തണുത്തപോകകൊണ്ടു. തീൻ തണു

ത്തുപോയതു നിങ്ങൾ വരായ്കകൊണ്ടു. നിങ്ങൾ വരാത്തതു വിശപ്പില്ലാഞ്ഞിട്ടു. വിശപ്പില്ലാത്തതു എവിടെയോ ഏതാണ്ടു കിട്ടിയിട്ടു. എന്നാൽ നിങ്ങളുടെ ഈ കുറ്റത്തിനു കൊച്ചമ്മയും മറ്റും ഉപവസിച്ചു പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നു.

സൈ. അന്റി - മതിയെടാ നിന്റെ ഫലിതം. ഞാൻ തന്ന പണം നീ എവിടെവച്ചു?

എ.ഡ്രോ - ഏതു? ഇന്നാളത്തെ അരെക്കാൽ രൂപായല്ലയോ? അതു കൊച്ചമ്മയുടെ തോൽസഞ്ചി നന്നാക്കിയ വകെക്കു ചക്കിലിക്കു കൊടുക്കേണമെന്നു പറഞ്ഞു. ഞാൻ അങ്ങിനെതന്നെ കൊടുക്കയും ചെയ്തുവല്ലോ.

സൈ. അന്റി - എടാ നിന്റെ കളിവാക്കുകൾ കേൾക്കുന്നതിൽ ഇനിക്കു ഇപ്പോൾ അത്ര ഇമ്പമില്ല. പണം എവിടെയാ വെച്ചിരിക്കുന്നതെന്നു വേഗം പറക. നമുക്കു ഇവിടെ ഒരു മുഖപരിചയവും ഇല്ലാതിരിക്കുമ്പോൾ നിന്റെ പക്കൽ ഉണ്ടായിരുന്ന പണം ആരെ ഏല്പിച്ചു?

എ.ഡ്രോ - ഫലിതം നിങ്ങൾ തീനിനിരിക്കുമ്പോൾ പറഞ്ഞു കൊള്ളാമല്ലോ. നിങ്ങളെ വേഗം വിളിച്ചുകൊണ്ടു ചെല്ലുന്നതിന്നു കൊച്ചമ്മ എന്നെ ഇങ്ങോട്ടു ഓടിച്ചു. താമസിച്ചുപോയാൽ നിങ്ങളുടെ കുറ്റത്തിന്നു ഞാൻ കൊട്ടുകൊള്ളേണ്ടിവരും. നിങ്ങളുടെ വയർ എന്റേതുപോലെ പെരുത്തു കൃത്യമായ ഒരു മണി ആയിരുന്നെങ്കിൽ ആരും വന്നു വിളിക്കാതെ തീൻസമയത്തു വീട്ടിൽ എത്തിയേനേ.

സൈ. അന്റി - മതി മതി ഡ്രോമിയോ. കളിക്കിപ്പോൾ ഒരു തക്ക സമയമല്ലെന്നു ഞാൻ പറഞ്ഞതു കേട്ടില്ലയോ? അതു ഇനി വേറൊരു സമയത്തേക്കു വെച്ചുകൊള്ളുക. ഞാൻ നിന്റെ പക്കൽ തന്നെ ആ പൊൻനാണയങ്ങൾ എവിടെ?

എ.ഡ്രോ - എന്റെ പക്കലോ? എന്റെ കയ്യിലെങ്ങും നിങ്ങൾ പൊൻനാണയങ്ങൾ തന്നിട്ടില്ല.

സൈ. അന്റി - എടാ തെമ്മാടി നിന്റെ വികൃതികൾ മതിയാക്കിയും വെച്ചു ഞാൻ നിന്നെ ഏല്പിച്ചതു എവിടെക്കൊണ്ടു പോയികളഞ്ഞെന്നു പറക.

എ.ഡ്രോ - ഞാൻ ഏറ്റുകൊണ്ടുവന്നതു നിങ്ങളെ കമ്പോളത്തിൽനിന്നു വിളിച്ചു തീൻ തിന്മാൻ കൊണ്ടുചെല്ലുന്നതിനാണ്.

കൊച്ചമ്മയും അനുജത്തിയും നിങ്ങൾക്കായി കാത്തിരിക്കുന്നു.

സൈ. അന്റി - നീ എന്റെ പണം ഇന്നിടത്തു വച്ചിരിക്കുന്നു എന്നു പറയാതെ ഇനിയും കളിവാക്കുകൾ പറഞ്ഞുകൊണ്ടു നിന്നാൽ നീ മേടിക്കും കേട്ടൊ. ഞാൻ തന്ന ആ ആയിരം അറബിക്കാശു എവിടെ?

എ. ഡ്രോ - ആയിരം അറബിക്കാച്ചോ! നിങ്ങളുടേതിൽ ചിലതു എന്റെ ചെള്ളയ്ക്കും കൊച്ചമ്മ തന്നിട്ടുള്ള കാച്ചുകളിൽ ചിലതു എന്റെ പുറത്തും കിടപ്പുണ്ടു. എന്നാൽ രണ്ടു വകയും ഒന്നിച്ചുകൂട്ടിയാലും ഇപ്പോൾ ആയിരം തികെച്ചു കാണുമെന്നു തോന്നുന്നില്ല. അവയെ ഞാൻ അങ്ങോട്ടു തിരികെ തരാമെന്നുവന്നാൽ നിങ്ങൾ ക്ഷമയോടെ വാങ്ങിക്കൊള്ളുമെന്നും തോന്നുന്നില്ല.

സൈ. അന്റി - നിന്റെ കൊച്ചമ്മ തന്നതോ? എടാ ഇരപ്പാളി നിനക്കു ഏതാ കൊച്ചമ്മ?

എ. ഡ്രോ - ഫീനിക്സിൽ പാർത്തുവരുന്ന നിങ്ങളുടെ ഭാര്യ. അല്ലാണ്ടാരാ എന്റെ കൊച്ചമ്മ.

സൈ. അന്റി - എന്തു? ഞാൻ ആമ്മട്ടും വിലക്കിയാറെയും നീ ഈ കളിയും പരിഹാസവും മതിയാക്കുകയില്ലയോ? എന്നാൽ ഇനി ഇതുകൂടെ വാങ്ങിച്ചുകൊണ്ടാകട്ടെ.

എ.ഡ്രോ - അയ്യോ! അയ്യോ! കൊച്ചമ്മയെ ഓർത്തിട്ടു ഇനിയും എന്നെത്തല്ലരുതെ. തല്ലു നിർത്തുകയില്ലെങ്കിൽ ഇനിയും ഞാൻ ഓടുകേ പാങ്ങുള്ളു.

(എന്നു പറഞ്ഞുംവെച്ചു ഓടി)

സൈ. അന്റി - നിശ്ചയമായിട്ടു ഈ ഏഭ്യനെ ആരാണ്ടോ പറ്റിച്ചു. ഈ പട്ടണത്തിൽ ഉള്ളവരിൽ അധികം പേരും പിടിച്ചുപറിക്കാരും ചതിയന്മാരും ക്ഷുദ്രക്കാരും ആകുന്നെന്നു കേട്ടിട്ടുണ്ടു. അതുകൊണ്ടു കഴിയുന്നിടത്തോളം വേഗം ഇവിടെനിന്നു തൊങ്കെണം. ഏതായാലും വഴിയമ്പലത്തിലേക്കു ചെന്നു ആ ഇരപ്പാളിയെ ഒന്നുകൂടെ നോക്കട്ടേ. എന്റെ പണം പൊയ്പോയി എന്നുതന്നെയാ തോന്നുന്നത്.

(എന്നിപ്രകാരം പറഞ്ഞുകൊണ്ടു നടന്നു.)

## 3

# എഫെസൂസിലെ അന്റിപ്പൊലസിന്റെ ഭാര്യയായ അഡ്രിയാനായും അവളുടെ അനുജത്തിയായ ലൂസിയാനായും

അഡ്രിയാനാ – മണി 2 അടിച്ചുകഴിഞ്ഞുവല്ലൊ. എന്റെ ഭർത്താവിനെയെങ്കിലും അവരേ വേഗം വിളിച്ചു കൊണ്ടുവരുവാൻപോയ ഡ്രോമിയോയെ എങ്കിലും കാണുന്നില്ല. എന്താ വേണ്ടതു?

ലൂസിയാനാ – അയാളെ വല്ല കച്ചവടക്കാരും ക്ഷണിച്ചിട്ടുണ്ടായിരിക്കും. നമുക്കു വിശന്നിരിക്കാതെ ഭക്ഷണം കഴിക്കാം. പുരുഷന്മാരല്ലയോ അവർക്കു നമ്മെക്കാൾ സ്വതന്ത്രം ഉണ്ടു. അയാൾക്കു ബൊധിക്കുമ്പൊൾ വരട്ടെ.

അഡ്രി – അവർക്കെന്താ നമ്മെക്കാൾ അത്ര സ്വാതന്ത്ര്യം?

ലൂസി – അതു പറയാം. നമുക്കു വീട്ടിൽതന്നെ കുത്തിയിരുന്നാൽ മതി. അവർക്കതു പോരാ. അവർ വെളിയിൽ ഇറങ്ങി കാര്യാദികൾ അന്വേഷിച്ചെങ്കിലല്ലോ മതിയാവൂ.

അഡ്രി – ഞാൻ ചിലപ്പോൾ സ്വമേധയായിട്ടു വല്ലതും പ്രവൃത്തിച്ചുപോയാൽ അതു അവർക്കു ബോധിക്കയില്ലല്ലോ.

ലൂസി – അതു പിന്നെ ബോധിക്കുമോ? അയാൾ നിങ്ങളുടെ മനസ്സിന്റെ ഒരു കടിഞ്ഞാണല്ലയോ?

അഡ്രി – കഴുതയും മറ്റുമെ അങ്ങിനെയുള്ള ബന്ധനത്തിൻകീഴിൽ കിടക്കൂ.

ലൂസി - അങ്ങിനെയാ നിങ്ങളുടെ ഭാവം? കടിഞ്ഞാണില്ലാത്ത കുതിര എതിലേയും പായുമെന്നു ഒരു പഴഞ്ചൊല്ലു കേട്ടിട്ടില്ലയോ? അധിക സ്വാതന്ത്ര്യം എടുക്കുന്നവരുടെ അവസാനം പെരുത്തു കഷ്ട മുള്ളതായിരിക്കും. കീഴ്‌വഴക്കമില്ലാത്തതൊന്നും ഈ ഭൂലോകത്തി ലില്ല. വിചാരബുദ്ധിയില്ലാത്ത പക്ഷിമൃഗാദികളിൽകൂടേയും ആണു പെണ്ണിന്റെമേൽ കർത്തവ്യം ചെയ്യുന്നതു കാണ്മാനുണ്ടെങ്കിൽ വിവേ കാത്മാവോടും വിചാരബുദ്ധിയോടും കൂടിയ മനുഷ്യരുടെ ഇടയിൽ അതു എത്ര അധികമായി കാണേണം.

അഡ്രി - എന്നാൽ ഈ മുറപറയുന്ന നീ ഇതുവരെ വിവാഹബ ന്ധനത്തിൽ ഉൾപ്പെടാതെ പാർക്കുന്നതു ഈ അടിമയെക്കുറിച്ചു ഓർത്തിട്ടല്ലയോ?

ലൂസി - ഹീ ഹീ! അതല്ല. ഞാൻ അതു തൃജിച്ചു പാർപ്പാനുള്ള കാരണം വേറെ കിടക്കുന്നു. ആയ്തു വിവാഹ അവസ്ഥയിൽ ഉണ്ടാ കുന്ന അനർത്ഥങ്ങളെക്കുറിച്ചു ഓർത്തിട്ടത്രെ.

അഡ്രി - എങ്കിലും വിവാഹം കഴിഞ്ഞാൽ നിനക്കും അല്പം അധികാരം ഉണ്ടായാൽ കൊള്ളാമെന്നു തോന്നും.

ലൂസി - വിവാഹത്തിനു മനസ്സുവെക്കുന്നതിന്നുമുമ്പേ ഞാൻ അനുസരിപ്പാൻ പഠിക്കും.

അഡ്രി - നിന്റെ ഭർത്താവു വല്ലിടവും പോയി ഇതിന്മണ്ണം താമ സിച്ചാൽ നീ എന്തുചെയ്യും?

ലൂസി - അവർ തിരികെ വരുവോളം ഞാൻ ക്ഷമയോടെ കാത്തി രിക്കും.

അഡ്രി - അതു വലിയ ക്ഷമതന്നെ. എന്നാൽ മനോദീനത്തിന്നു വേറെ ഹേതുക്കളില്ലാത്തവർക്കു അങ്ങിനെയുള്ള ക്ഷമ വരുന്നതു അതിശയമല്ല. ഉള്ളിലെ വ്യസനംകൊണ്ടു പരവശനായി നിലവിളി ക്കുന്നവനോടു മിണ്ടാതിരിപ്പാൻ നാം ഗുണദോഷം പറയുമെങ്കിലും അത്തരം വ്യസനം നമുക്കു വരുമ്പോൾ അതുപോലെയെന്നല്ല അതി നെക്കാൾ അധികമായുള്ള വിമ്മിഷ്ടം നമ്മളും കാണിച്ചുപോകും. ഭർത്തൃകാഠിന്ന്യംകൊണ്ടു ഖേദത്തിന്നു വകയില്ലാത്ത നീ ഇപ്പോൾ എന്നോടു ഈ ഗുണദോഷം ഒക്കെ പറയുന്നുവല്ലോ. എന്നാൽ നിനക്കു വല്ലപ്പോഴും ഇതുപോലെയുള്ള ദണ്ഡം കൊൾവാൻ സംഗതി

വന്നാൽ നീ ഈ പറയുന്ന ക്ഷമയൊന്നും അപ്പോൾ നിന്റെ പക്കൽ കാണുമെന്നു തോന്നുന്നില്ല.

ലൂസി - ആകട്ടെ. ഇതു പരീക്ഷിപ്പാനായിട്ടു ഞാനും ഒരിക്കൽ വിവാഹം ചെയ്തുനോക്കാം. എന്നാൽ ഇതാ നിങ്ങൾ അയച്ച വേല ക്കാരൻ വരുന്നു. നിങ്ങളുടെ ഭർത്താവും പുറകേ വരുന്നുണ്ടായിരിക്കും.

അഡ്രി - എന്തായി. ഡ്രോമിയോ യജമാനൻ വരുന്നുണ്ടോ?

ഡ്രോമി - ഇല്ലില്ല. ഞാൻ ചെന്നു വിളിച്ചാറേ അദ്ദേഹം എന്നെ തല്ലി ഇട്ടോടിക്കയാ ചെയ്തതു.

അഡ്രി - നീ അവരെക്കണ്ടു സംസാരിച്ചുവോ? എന്താ അവർ വരുന്നില്ലയോ?

എ.ഡ്രോ - ഞാൻ ചെന്നു വിളിച്ചശേഷം എന്നോടു വക്കാണ ത്തിന്നു വരികയാണു ചെയ്തതു. അതിന്റെ കാരണം എന്തെന്നു ഇനിക്കു അറിഞ്ഞുകൂടാ. അമ്പോ! എത്ര അടി അദ്ദേഹം എന്നെ അടിച്ചു.

അഡ്രി - അതു കിടക്കട്ടെ. അവർ വരുന്നുണ്ടോ? ഭാര്യയെക്കു റിച്ചും മറ്റും ഒശ്ശി അധികം വിചാരമുള്ള കൂട്ടത്തിലുള്ളവനാണെന്നു തോന്നുന്നു.

എ.ഡ്രോ - എന്റെ പൊന്നമ്മെ യജമാനന്നു പിച്ചു പിടിച്ചിരി ക്കുന്നു.

അഡ്രി - എന്തെന്തു? പിച്ചുപിടിച്ചുവോ?

എ.ഡ്രോ - ഇല്ലമ്മെ മുഴപ്പിച്ചില്ല അരപ്പിച്ചേയുള്ളൂ. ഞാൻ ചെന്നു അങ്ങേരെ വിളിച്ചപ്പോൾ ആയിരം അറബിക്കാശു ചോദിച്ചു. തീൻ കാലമായിയെന്നു ഞാൻ. എന്റെ അറബിക്കാശു കൊണ്ടുവാ എന്നു അദ്ദേഹം. ഇറച്ചിയും മറ്റും തണുത്തുപോയി എന്നു ഞാൻ. എന്റെ അറബിക്കാശു കൊണ്ടുവാ എന്നു അദ്ദേഹം. വീട്ടിലേക്കു വരുമോ എന്നു ഞാൻ. എന്റെ അറബിക്കാശു എവിടെ എന്നു അദ്ദേഹം. കൊച്ചമ്മ വിളിക്കുന്നു എന്നു ഞാൻ. അവരെക്കൊണ്ടുപോയി കഴു വേറ്റെന്നു അദ്ദേഹം. വേഗം വിളിച്ചുകൊണ്ടു ചെല്ലുവാനാണെ കൊച്ചമ്മ എന്നെ അയച്ചതെന്നു ഞാൻ. അവളെ ഞാൻ അറിയുന്നില്ല. അവളുടെ കാര്യം ഇനിക്കൊട്ടു കേൾക്കയും വേണ്ടാ. എന്റെ അറബി ക്കാശു കൊണ്ടുവാ എന്നു അദ്ദേഹം.

ലൂസി – ഇപ്രകാരമൊക്കയും പറഞ്ഞതാർ?

എ.ഡ്രോ – എന്റെ യജമാനൻതന്നെ. അല്ലാണ്ടാർ? പിന്നെയും അദ്ദേഹത്തിന്നു വീടും കൂടും ഒന്നും ഇല്ലെന്നു പറഞ്ഞുകൊണ്ടു എന്നെത്തല്ലി ഓടിച്ചു.

അഡ്രി – നീ ഒരിക്കൽകൂടെപോയി യജമാനനെ വിളിച്ചുകൊണ്ടു ഇവിടെ വരിക.

എ.ഡ്രോ – അയെയതെ. ഞാൻ ഇനിയും ചെന്നു തല്ലുമേടിപ്പാൻ അല്ലയൊ? നിങ്ങൾക്കു ചേതമില്ലല്ലൊ! തമ്പുരാനെ ഓർത്തു മറ്റു വല്ലവരെയും വിടേണമേ എന്റെ പൊന്നമ്മേ.

അഡ്രി – വേഗം ചെന്നു വിളിച്ചുകൊണ്ടു വരുന്നതു നിനക്കു നല്ലതു. അതല്ലെങ്കിൽ ഇനി എന്റെ കയ്യിനാൽകൂടെ മേടിക്കേണ്ടിവരും. കേട്ടോ?

എ.ഡ്രോ – അതുകൊള്ളാം. എന്നാൽ അമ്മയുടെ കൈ നല്ല പോലെ പൊലിക്കും. അങ്ങോട്ടു ചെന്നാൽ ഉടനെ അവിടെനിന്നു കിട്ടുമെല്ലോ.

അഡ്രി – മതിയെടാ വിടുവാ പറഞ്ഞുകൊണ്ടു നില്ക്കാതെ വേഗം പോക.

എ.ഡ്രോ – ഇതു കൊള്ളാമല്ലൊ. ഇങ്ങോട്ടു വരുമ്പോൾ ഇവിടെ. അങ്ങോട്ടു ചെല്ലുമ്പോൾ അവിടെ. ഇങ്ങിനെ നിങ്ങൾക്കു എന്നെ ഇട്ടു വട്ടുതട്ടുന്നതുപോലെ തട്ടേണമെങ്കിൽ ഒരു തൊകലിനകത്തിട്ടു കുത്തിമുറുക്കിക്കൊണ്ടാകട്ടെ.

(എന്നു പറഞ്ഞുകൊണ്ടു പോയി)

ലൂസി – നിങ്ങളുടെ മുഖഭാവം കണ്ടാറെ വലിയ വിഷാദമുള്ള പ്രകാരം തോന്നുന്നുവല്ലോ.

അഡ്രി – നിശ്ചയമായിട്ടു എന്റെ ഭർത്താവിന്നു പരസ്ത്രീകളോടു ചേർച്ചയുണ്ടു. അതു എന്റെ സൗന്ദര്യത്തിന്നു വല്ല കുറവും വന്നു പോകയൊ എന്റെ സംഭാഷണങ്ങളിൽ അവർക്ക് ഇമ്പമില്ലാതെ പോകയോ ചെയ്തിട്ടായിരിക്കുമോ? ഹാ അങ്ങിനെ വന്നിട്ടുണ്ടെങ്കിലും അതു അവർ എന്നെ ദുഃഖിപ്പിക്കയാലും ദയകേടായിട്ടു എന്നോടു പെരുമാറുകയാലും വരുത്തീട്ടുള്ളതാണല്ലോ. അത്രേയുള്ളു എങ്കിൽ

അതിനു ഉപശാന്തിയും അവർതന്നെ നിരൂപിച്ചാൽ കാണുമെല്ലോ.

ലൂസി - ഇതൊക്കയും അനാവശ്യമായ വിചാരമാണു. ആ വൈരാഗ്യം കളക.

അഡ്രിധി - നീ ഒരു ഭോഷിയാകകൊണ്ടത്രെ ഇതു അനാവശ്യം എന്നു തോന്നുന്നതു. അല്ലെങ്കിൽ പിന്നെ അവർ ഇപ്പോൾ ഇവിടെ വരേണ്ടിയിരുന്നുവല്ലൊ. പിന്നെ ഒരു പൊന്മാല ഇനിക്കു തീർപ്പിച്ചു തരാമെന്നു അവർ പറഞ്ഞിരുന്നതു നീ ഓർക്കുന്നില്ലയോ? എന്നാൽ ഇനിക്കു മാല കിട്ടിയില്ലെങ്കിലും വേണ്ടതില്ല. എന്നോടു വേണ്ടുന്ന വിശ്വാസത്തിന്നു ഭംഗം വരുത്താതിരുന്നാൽ മതി. അതിന്നു കുറവു കാണുന്നതുകൊണ്ടു ഞാൻ ഇനി ജീവിച്ചിരുന്നിട്ടെന്തു സാദ്ധ്യം?

ലൂസി - ഇങ്ങിനെയുള്ള വ്യഥാചഞ്ചലംകൊണ്ടു പൊട്ടികളല്ലാതെ വ്യസനിക്കുമോ?

# 4

## സൈറാക്ക്യൂസിലെ അന്റിപ്പൊലസ്സു

സൈ. അന്റി – ഞാൻ ഡ്രോമിയോയുടെ പക്കൽ ഏല്പിച്ചിരുന്ന പണം ഭദ്രമായി സൂക്ഷിച്ചുവെച്ചുംവെച്ചു അവൻ എന്നെത്തിരക്കി ഇറങ്ങിയിരിക്കുന്നു എന്നു സത്രപ്രമാണി എന്നോടു പറഞ്ഞുവല്ലൊ. (എന്നിങ്ങിനെ തന്നെത്താൻ പറഞ്ഞുംകൊണ്ടു നില്ക്കുമ്പോൾ ഡ്രോമിയോ വരുന്നതു കണ്ടു അവനോടു)

എന്തായടാ ഡ്രോമിയോ നിന്റെ ഫലിതത്തിന്നൊട്ടു അടക്കം വന്നുവോ? നീ തല്ലിനു മറിപ്പൻ അല്ലയോ? ഇനിയും തുടങ്ങിക്കൊൾക. നീ സത്രം അറികയില്ല. എന്നോടു പണവും വാങ്ങിയിട്ടില്ല. നിന്റെ കൊച്ചമ്മ എന്നെ വിളിപ്പാൻ നിന്നെപ്പറഞ്ഞയച്ചു. ഇനിക്കു ഫീനിക്സിൽ ഒരു വീടു ഉണ്ടായി. ഈ വകയല്ലാഞ്ഞുവോ നിന്റെ ഒടക്കു? നീ ഈ പറഞ്ഞതൊക്കയും പിച്ചലാഞ്ഞുവോ?

സൈ. ഡ്രോ – ഏപ്പറഞ്ഞതൊക്കയും. യജമാനനെ ഞാൻ എപ്പോഴാണു ഇപ്രകാരം ഒക്കയും പറഞ്ഞതു.

സൈ. അന്റി – ഇപ്പോൾതന്നെ. അരനാഴികയിൽ അധികമായിട്ടില്ലല്ലോ.

സൈ.ഡ്രോ – നിങ്ങൾ പണവും തന്നു എന്നെ അയച്ചതിൽ പിന്നെ ഇപ്പോൾ മാത്രമേല്ലു ഞാൻ നിങ്ങളെക്കാണുന്നുള്ളു.

സൈ. അന്റി – എടാദ്രോഹീ നീ പണം വാങ്ങിയിട്ടില്ലെന്നും നിനക്കു ഒരു കൊച്ചമ്മയുണ്ടെന്നും അവർ എന്നെ തീനിന്നു വിളിക്കുന്നുവെന്നും ഒക്കെപ്പറഞ്ഞതു ഇനിക്കു ഒട്ടും രസിച്ചില്ലാഞ്ഞു എന്നു നീ അനുഭവംകൊണ്ടു അറിഞ്ഞില്ലയോ.

സൈ. ഡ്രോ – നിങ്ങളിൽ ഈ വിനോദശീലം കാൺകയാൽ ഇനിക്കു വളരെ സന്തോഷം തോന്നുന്നു. എന്നാൽ ഈ കളിവാക്കുകളുടെ സാരം എന്നോടുകൂടെ പറയേണമെ.

സൈ. അന്റി – എന്താ ഇനിയും നീ എന്റെ മുഖത്തിന്നുനേരെ

നിന്നുംകൊണ്ടു എന്നെ പരിഹസിക്കുമോ? ഞാൻ കളി പറയു ന്നെന്നോ നിന്റെ വിചാരം. എന്നാൽ ഇനിയും മേടിച്ചോ.

(എന്നു പറഞ്ഞുങ്കൊണ്ടു തല്ലുതുടങ്ങി)

സൈ. ഡ്രോ - അയ്യോ എന്നെ തല്ലരുതെ! നിങ്ങളുടെ കളി കാര്യമായിരിക്കുന്നുവെന്നു ഇപ്പോൾ ഇനിക്കു തോന്നുന്നു. എന്നെ ത്തല്ലുന്നതു എന്തിന്നു എന്നു പറയേണമേ.

സൈ. അന്റി - ചിലപ്പോൾ ഒരു കോമാളിയെപ്പോലെ നീ ഫലി തങ്ങൾ പറഞ്ഞു എന്നെ സന്തോഷിപ്പിച്ചുകൊൾവാൻ നിന്നെ അനു വദിക്കയാൽ നീ എന്നെ പുല്ലോളം വകവെക്കാതെ ഞാൻ കാര്യം പറയുമ്പോഴും കളിയാക്കി കളകകൊണ്ടത്രേ. ഇതൊട്ടും കൊള്ളുക യില്ല. സൂര്യൻ പ്രകാശിക്കുമ്പോൾ കൊതുകു അതിന്റെ രശ്മിചെ ല്ലാത്ത കോണുകളിലും മൂലകളിലും ഇരിക്കുന്നതല്ലാതെ അസ്തമ നത്തിന്നുമുമ്പെ വെളിയിൽ സഞ്ചരിക്ക പതിവില്ലല്ലോ. എന്നോടു വല്ല കളിയും പറവാൻ മനസ്സുണ്ടെങ്കിൽ അതു അപ്പോഴപ്പോഴത്തെ എന്റെ ശീലം നോക്കി ചിലവിട്ടുകൊണ്ടില്ലെങ്കിൽ വരുന്ന ഭവിഷ്യം ഇപ്പോൾ നീ കണ്ടുവല്ലോ.

സൈ.ഡ്രോ - ഈ പറഞ്ഞതുകൊണ്ടൊന്നും എന്നെത്തല്ലിയതു എന്തിനെന്നു മനസ്സിലായില്ല.

സൈ. അന്റി - നീ അറിഞ്ഞില്ലയോ?

സൈ. ഡ്രോ - ഇല്ല. എന്നെത്തല്ലി എന്നല്ലാതെ മറ്റൊന്നും അറി യുന്നില്ല.

സൈ. അന്റി - എന്നാൽ അതു എന്തിനെന്നു പറയട്ടോ?

സൈ. ഡ്രോ - എന്തിനെന്നുതന്നെ പറഞ്ഞാൽപോരാ. എന്തോരു വകെക്കെന്നുംകൂടെ പറയേണം.

സൈ. അന്റി - മുമ്പേതന്നെ എന്തിനെന്നു - നീ എന്നെ നിന്ദി ച്ചതിന്നു. പിന്നെ എന്തൊരു വകെക്കെന്നു- പറഞ്ഞതുതന്നെ പിന്നെയും പിന്നെയും പറഞ്ഞുങ്കൊണ്ടു നിന്ന വകെക്കു.

സൈ. ഡ്രോമി - പെരുത്തുപെരുത്തു ഉപകാരം.

സൈ. അന്റി - അതെന്തിന്നു?

സൈ. ഡ്രോമി - അല്ല അങ്ങോട്ടൊരു വസ്തു തരാതെ ഇങ്ങോ

ട്ടിത്രയും തന്നതിന്നു.

സൈ. അന്റി - അത്രേയുള്ളോ. എന്നാൽ ഇനിയും ഒരിക്കൽ നീ വല്ല ഉപകാരവും ചെയ്യുമ്പോൾ നിനക്കു ഒന്നും തരാതെയിരുന്നാൽ ഈ നഷ്ടം തീരുകയില്ലയോ? അതു കിടക്കട്ടെ. തീൻ കാലമായോ?

(ഇങ്ങിനെ പറഞ്ഞുകൊണ്ടു നില്ക്കുമ്പോൾ അഡ്രിയാനായും ലൂസിയാനായുംകൂടെ അവിടെ വന്നു)

അഡ്രി - (അന്റിപ്പോലിസിനോടു) എന്താ കണ്ടിട്ടില്ലാത്ത ഭാവം നടിക്കയും ഇത്ര കോപത്തോടുകൂടെ നോക്കുകയും ചെയ്യുന്നതു. നിങ്ങൾക്കു എന്നോടു ഉണ്ടായിരുന്ന സ്നേഹം അശേഷം കളഞ്ഞും വെച്ചു ഇപ്പോൾ ഇങ്ങിനെ ദുർമ്മാർഗ്ഗമായി നടക്കുന്നതു എന്റെ പേരിൽ പതിവ്രതാഭംഗം എന്നുള്ള കുറ്റം വല്ലപ്പോഴും ഒരിക്കൽ എങ്കിലും കണ്ടിട്ടു ആയിരുവെങ്കിൽ ഇനിക്കു നിങ്ങളെ കുറ്റപ്പെടുത്തുവാൻ വകയില്ലാഞ്ഞേനേ. ഇനിയെങ്കിലും ഇതു ഒക്കെയും ഉപേക്ഷിച്ചുംവെച്ചു സന്മാർഗ്ഗമായി നടന്നെങ്കിൽ കൊള്ളാമായിരുന്നു.

സൈ. അന്റി - അല്ല ഈ പറയുന്നതു എന്നോടോ? ഞാൻ നിങ്ങളെ അറിയുന്നില്ല. ഞാൻ ഈ എപ്പേസൂസിൽ വന്നിട്ടു രണ്ടു നാഴികേല്ലു ആയിട്ടുള്ളു. നിങ്ങൾ ഈ പറഞ്ഞു കൊണ്ടുവരുന്നതിന്റെ സാരമെന്ത് എന്നു ഇനിക്കു അശേഷം മനസ്സിൽ ആകുന്നില്ല.

ലൂസി - ഇതെന്തുകൊണ്ടാ ജ്യേഷ്ടാ ഇപ്രകാരമൊക്കയും തുടങ്ങുന്നത്? നിങ്ങളെ വിളിച്ചുകൊണ്ടുവരുവാൻ ഡ്രോമിയോയെ പറഞ്ഞയച്ചാറെ വരായ്കകൊണ്ടല്ലയോ ഞങ്ങൾതന്നെ ഈ പതിനാറാംനാഴികയ്ക്കു ഇറങ്ങിത്തിരിച്ചതു.

സൈ. അന്റി - ഡ്രോമിയോയെ പറഞ്ഞു അയച്ചുവോ?

സൈ. ഡ്രോമി - എന്നെയോ?

അഡ്രി - അതേ നിന്നെത്തന്നെ. നീയല്ലയോ തിരിച്ചു വന്നു യജമാനൻ നിന്നെത്തല്ലിയെന്നും വീടും കൂടും ഭാര്യയും ഒന്നും ഇല്ലാത്തപ്രകാരം പറഞ്ഞെന്നും അറിയിച്ചതു?

സൈ. അന്റി - എടാ നീ ഈ സ്ത്രീയുമായി സംഭാഷിക്കയുണ്ടായോ? നിങ്ങളുടെ ഈ കൂട്ടുകെട്ടിന്റെ സാരമെന്ത്?

സൈ. ഡ്രോമി– എന്റെ യജമാനനേ ഞാൻ ഇവരേ ഇതുകൂടെ ക്കൂട്ടി ഒരിക്കൽ മാത്രമേ കണ്ടിട്ടുള്ളൂ.

സൈ. അന്റി – എടാ ദ്രോഹീ നീ ആപ്പറയുന്നതു ശുദ്ധമേ ഭോഷ്കല്ലയോ? ഇവർ പറഞ്ഞ വാക്കുകളൊക്കെയും കമ്പോള ത്തിൽവെച്ചു നീ എന്നോടു പറഞ്ഞുവെല്ലോ.

സൈ. ഡ്രോമി – എന്റെ ആയുസ്സോടു ഇടയിൽ ഇപ്പോൾ മാത്രമെ ഇവരെ കാൺകയും സംസാരിക്കയും ചെയ്തിട്ടുള്ളു.

സൈ. അന്റി – ഇവർ പിന്നെ എങ്ങിനെ നമ്മുടെ പേർ അറി ഞ്ഞു. ഇവർക്കു ദിവ്യ ചക്ഷുസ്സുണ്ടോ?

അഡ്രി – ഹാ! ഈ എമ്പോക്കിയൊടു കൂടിക്കൊണ്ടു എന്നെ ഇപ്രകാരം നിന്ദിക്കുന്നതു എത്ര പോരാത്ത കാര്യമെന്നു ഓർക്ക. നിങ്ങൾ ഒരു മാവും ഞാൻ അതിനോടുകൂടെ ഒട്ടിച്ചു ചേർക്കപ്പെട്ട ഒരു കൊമ്പും അല്ലയോ? എന്നെക്കൂടാതെ ഈ തടിയേൽ പിടിപെ ട്ടിരിക്കുന്നതു ഒക്കയും ദോഷമല്ലാതെ ഒരു ഗുണവും വരുത്താത്ത ഇത്തിക്കണ്ണികൾ ആക കൊണ്ടു അവയെ പറിച്ചു എറിഞ്ഞുകളയുന്ന തുതന്നെ ഉത്തമം. വരൂ നമുക്കു പോകാം.

(എന്നു പറഞ്ഞുകൊണ്ടു അവൾ അന്റിപ്പോലസ്സിന്റെ കൈയ്ക്കു കടന്നുപിടിച്ചു)

സൈ. അന്റി – ഛീ എന്നേ വിഷമമെ! ഇതെന്തൊരു വിസ്മയം. ഒരുനാളം കണ്ടിട്ടും കേട്ടിട്ടും ഇല്ലാത്ത ഈ പെൺപിറന്നവർ എന്നെ പ്പിടിച്ചു വലിക്കുന്നുവല്ലൊ. ഞാൻ ഇവളെ സ്വപ്നത്തിൽ വിവാഹം കഴിച്ചുവോ? അതൊ കാണുന്നെന്നും കേൾക്കുന്നെന്നും ഇനിക്കു തോന്നുന്നതു ഒരു സ്വപ്നമൊ? എന്തായാലും ശരി ഇവളോടുകൂടെ പ്പോകതന്നെ. ഇവളുടെ അപേക്ഷയെ നിസ്സാരമാക്കുന്നില്ല. (എന്നി പ്രകാരം മനോരാജ്യം വിചാരിച്ചു)

ലൂസി – ഡ്രോമിയോ നീ വേഗം ചെന്നു വേലക്കാരോടു തീൻ കൊണ്ടെവെക്കുവാൻ പറക.

സൈ. ഡ്രോമി – അയ്യോ എന്റെ മാതാവെ! നിശ്ചയമായിട്ടു ഇതു ചെയിത്താന്മാർ കുടിയിരിക്കുന്ന ഒരു പ്രദേശമാണെ. അവർ പറയുംപ്രകാരമൊക്കെയും കേട്ടില്ലെന്നുവരികിൽ അവർ ജപിച്ചു എന്നെ പട്ടിയോ പൂച്ചയോ ഓന്തോ അരണയോ വല്ലോം ആയിട്ടു

മാറ്റിക്കളയും. (എന്നിങ്ങനെ വിചാരിച്ചുകൊണ്ടു നിന്നു.)

ലൂസി - എടാ കുരങ്ങേ കഴുതേ നീ എന്താ ഈ പിറുപിറത്തുകൊണ്ടു നില്ക്കുന്നത്.

സൈ. ഡ്രോമി - അയ്യോ ചതിച്ചല്ലോ. യജമാനെ എന്റെ ആകൃതിയിൽ വല്ല മാററവും വന്നിട്ടുണ്ടോ?

സൈ. അന്റി - ഇല്ലെടാ. ആകൃതിയിലല്ല മനസ്സിലത്രേ നമുക്കിരുപേർക്കും മാറ്റം ഭവിച്ചിരിക്കുന്നത്.

സൈ. ഡ്രോമി - അല്ല യജമാനനെ. മനസ്സിനും അങ്ങിനെതന്നെ. ആകൃതിക്കും മാറ്റം സംഭവിച്ചിരിക്കുന്നു. ഞാനൊരു കുരങ്ങായിപ്പോയെന്നു ഇനിക്കു തോന്നുന്നു.

ലൂസി - എടാ കുരങ്ങായിട്ടല്ല. കഴുതയായിട്ടത്രേ നീ മാറിയിരിക്കുന്നതു.

സൈ.ഡ്രോമി - ശരിതന്നെ. ഇനിക്കു പുല്ലുതിന്നെങ്കിൽ കൊള്ളായിരുന്നുവെന്നു തോന്നുന്നുവല്ലോ.

അഡ്രി - മതിമതി. യജമാനന്നു തക്ക ഭൃത്യൻ. വിശന്നു പ്രാണൻ പൊരിയുന്നു. ഭർത്താവെ വരിക. ഡ്രോമിയോ വാതിൽക്കൽ നിന്നുകൊൾക. വല്ലവരും വന്നു യജമാനനെ തിരക്കിയാൽ തീൻ തിന്നുന്നു എന്നു പറക. ഒരുത്തരേയും അകത്തു കടത്തേണ്ടാ. വാ ലൂസിയാനാ.

സൈ. അന്റി - ഞാൻ സ്വർഗ്ഗത്തിലോ ഭൂമിയിലോ പാതാളത്തിലോ. ഉറങ്ങുന്നുവോ ഉണർന്നിരിക്കുന്നുവോ? ബുദ്ധിഭ്രമത്തോടോ സുബോധത്തോടുകൂടിയോ ഇരിക്കുന്നതു. ഇവരുടെ ഇഷ്ടപ്രകാരമൊക്കയും ചെയ്കതന്നെ. അതിനാൽ വരുന്നതെന്തെങ്കിലും വരട്ടേ (എന്നു വിചാരിച്ചു.)

സൈ. ഡ്രോമി - യജമാനനേ എന്നാലെന്താ ഞാൻ വാതിൽകാവല്ക്കാരനാകട്ടോ?

അഡ്രി - അങ്ങിനെതന്നെ. വല്ലവരേയും അകത്തോട്ടു കേറ്റിപ്പോയാൽ അറിയാം.

ലൂസി - ജ്യേഷ്ടാ വാ. വാ. ഇത്ര താമസിച്ചു ഒരിക്കലും നാം ഉച്ചയ്ക്കലത്തേ ഭക്ഷണം കഴിച്ചിട്ടില്ല.

(എന്നു പറഞ്ഞുകൊണ്ടു അവർ ചെന്നു തീനിനിരുന്നു.)

# 5

## എഫെസൂസിലെ അന്റിപ്പൊലസ്സു, ഡ്രോമിയൊ ബൽതാസ്സർ, അൻജീലൊ മുതലായവർ

എ. അന്റി – അൻജീലൊ ഞാൻ തീൻ സമയത്തു വീട്ടിൽ എത്തുന്നില്ലെങ്കിൽ അതെന്റെ ഭാര്യയ്ക്കു പെരുത്തു മുഷിച്ചിൽ ആണു. അതുകൊണ്ടു ഇന്നു കുറെ താമസിച്ചുപോയതിന്നു ഒരു ഉപായം പറകേ പാടുള്ളൂ. അവളുടെ പേർക്കു ഒരു പൊന്മാല തീർപ്പിപ്പാനായിട്ടു ഞാൻ ഇതുവരയും നിന്റെ വീട്ടിൽ ഇരിക്കയായിരുന്നു എന്നു നീകൂടെ ഒന്നു പറഞ്ഞേക്കണം. എന്നാൽ ഈ വിഡ്ഢി ഇവൻ അതൊക്കെ തെറ്റിക്കും. ഇവൻ എന്നെ വന്നു വിളിച്ചപ്പോൾ ഞാൻ അവനെത്തല്ലി. ഇനിക്കു വീടും ഭാര്യയും ഒന്നും ഇല്ലെന്നു പറഞ്ഞു ഒരായിരം അറബിക്കാശു ചോദിച്ചു എന്നിങ്ങനെയൊക്കെപ്പറഞ്ഞുകൊള്ളുന്നുവല്ലോ. എടാ നീ ഇനി ഇപ്രകാരമൊക്കെയും അവളൊടുചെന്നു പറഞ്ഞുവോ? ഇതിന്റെ സാരമെന്തെടാ. ഞങ്ങൾ തമ്മിൽ കടിപിടി കൂടുന്നതു കണ്ടു നിനക്കു ചിരിക്കേണം ഇല്ലയോ?

എ.ഡ്രോമി – അവിടേക്കു ബോധിച്ചതൊക്കെയും പറഞ്ഞുകൊണ്ടാട്ടെ. ഉണ്ടായ പരമാർത്ഥമൊക്കെയും ഞാൻ പറഞ്ഞു. നിങ്ങളുടെ വിരൽ അഞ്ചും ഇപ്പോഴും എന്റെ ചെള്ളയ്ക്കു കിടപ്പുണ്ടായിരിക്കും.

എ.അന്റി – നീ ഒരു കഴുത ആകുന്നു.

എ.ഡ്രോമി – അതു പരമാർത്ഥംതന്നെ. അതല്ലയോ ഞാൻ ഈ പാടുകേടൊക്കയും ഏറ്റുകൊള്ളുന്നതു?

എ. അന്റി – എടോ ബൽതാസ്സർ തന്റെ പേർക്കായി വിശേ

ഷാൽ ഒന്നും ഒരുങ്ങിയിട്ടില്ലെങ്കിലും വരൂ. തീൻ കഴിഞ്ഞിട്ടു പോകാം.

ബൽതാസ്സേർ - സൽക്കാരത്തിൽ ഭക്ഷണസാധനങ്ങളുടെ പെരുപ്പമല്ല നോക്കുവാനുള്ളതു. ക്ഷണിക്കുന്ന ആളിന്റെ സ്നേഹവും സന്തോഷവും അത്രേ.

എ. അന്റി - അതു തന്നെപ്പോലെയുള്ള ലുബ്ധന്മാരുടെ പ്രമാണമാകുന്നു. നില്ക്ക വാതിൽ അടച്ചിരിക്കുന്നു. ഡ്രോമിയോ വല്ലവരെയും വിളിച്ചു ഇതു തുറപ്പാൻ പറക.

എ. ഡ്രോമി - എടാ തോമാസേ! എടീ മര്യാളെ! റോസെ! ഈ വാതിലങ്ങോട്ടു തുറക്ക.

സൈ.ഡ്രോ - (അകത്തു) എടാ ഛീ. അതാരടാ പോടാ, മണ്ടത്തലയാ. പെരുവായാ. ഇപ്പോൾ തുറക്കയില്ല. അല്പം താമസിച്ചേ തുറക്കുന്നുള്ളു.

എ. ഡ്രോമി - ഇതു ഏതു തെമ്മാടിയെ ആകുന്നു ഈ വാതുക്കൽ നിർത്തിയിരിക്കുന്നത്? യജമാനൻ വന്നു പുറത്തു നില്പാൻ തുടങ്ങിയിട്ടു ഇപ്പോൾ എത്ര നാഴികയായി.

സൈ. ഡ്രോമി - അങ്ങേരു നിന്നു കാലുകഴെക്കാതെ തിരിച്ചു പോയി തെല്ലു വെയിലാറുമ്പോൾ വരുവാൻ പറക.

എ.അന്റി - അതു ആരടാ അവിടെ അകത്തു പറയുന്നതു? ഹേ- തുറക്ക.

സൈ.ഡ്രോമി - അയ്യോ അത്ര പേടിപ്പിക്കല്ലേ! ഇന്നപ്പോൾ തുറക്കുമെന്നു ഞാൻ പറയാം. ഇന്നവകെക്കു എന്നു എന്നോടു പറയേണം.

എ.അന്റി - ഇന്നവകെക്കെന്നോ? ഞാൻ ഇന്നു തീൻ തിന്നില്ല ആ വകെക്കു.

സൈ. ഡ്രോമി - എന്നാൽ ഇന്നു ഇവിടെനിന്നു തിന്നാമെന്നു ഓർക്കേണ്ട. പോയി പിന്നെ ഒരിക്കൽ വന്നാട്ടെ.

എ. അന്റി - എടാ എന്നെപ്പുറത്തിട്ടു എന്റെ വീട്ടിന്റെ വാതിലും അടെച്ചുംകൊണ്ടു നില്ക്കുന്നതു ഇതേതവനെടാ?

സൈ.ഡ്രോമി - തത്സമയത്തേക്കു നിയമിക്കപ്പെട്ട ഒരു വാതിൽ കാവൽക്കാരൻ. എന്റെപേർ ഡ്രോമിയോ എന്നു. എന്താ ഇപ്പോൾ നിറഞ്ഞുവോ? ഇനിയും അതു അറിയാഞ്ഞിട്ടു എന്നുവേണ്ടാ.

എ.ഡ്രോമി - എടാ തെമ്മാടീ നീ ഇപ്പോൾ എന്റെ സ്ഥാനം അപഹരിച്ചതുകൂടാതെ പേരും എടുത്തുകൊണ്ടുവോ? ഇന്നു മുഴുവനും നീ ഡ്രോമിയോ ചമഞ്ഞിരുന്നെങ്കിൽ നിനക്കിപ്പോൾ ഒട്ടു മതി വന്നേനെ.

ലൂസി - (അകത്തുനിന്നു) ഡ്രോമിയോ എന്താ അവിടെ വാതുക്കൽ ഒരു അരവം കേൾക്കുന്നതു?

എ.ഡ്രോമി - അതാരു ലൂസിയമ്മയോ? വാതിൽ തുറന്നു യജമാനനേ അകത്തോട്ടുകേറ്റുവാൻ പറക.

ലൂസി - ഇല്ലില്ല. ഇത്ര താമസിച്ചുവന്നാൽ അകത്തോട്ടു കേറ്റുകയില്ലെന്നുതന്നെ നിന്റെ യജമാനനോടു പറഞ്ഞേരെ.

എ.ഡ്രോമി - ഇതു കേട്ടിട്ടു ചിരിവരുന്നു എന്നല്ലാതെ എന്താ പറവാനുള്ളതു.

എ.അന്റി - എടാ അകത്തു നില്ക്കുന്ന തൂമേ നീ വാതിൽ തുറക്കുമോ ഇല്ലയോ?

സൈ. ഡ്രോമി - ആരെപ്രതിയാ ഞാൻ വാതിൽ തുറക്കേണ്ടിയതു?

എ.ഡ്രോമി - യജമാനനേ ഉറച്ചു മുട്ടുക.

ലൂസി - കൈ കഴെക്കുന്നതുവരെ മുട്ടട്ടെ.

എ.അന്റി - ഞാൻ വാതിൽ ചവിട്ടിപ്പൊളിച്ചു അങ്ങോട്ടു കേറി വന്നാൽ എല്ലാവർക്കും കുറേ പുളിക്കുമായിരിക്കും കേട്ടോ.

ലൂസി - എന്തിന്നു അത്ര വിഷമിക്കുന്നു. ഇതു കോടും കച്ചേരിയും ആമവും പാറാവും ഒന്നും ഇല്ലാത്ത ഒരു ദിക്കല്ലല്ലോ.

അഡ്രി - ഇതാരാണെന്നു പറഞ്ഞു വാതില്ക്കൽ കിടന്നു ഇത്ര പൊടിച്ചുവാരുന്നതു.

സൈ. ഡ്രോമി - എന്റെ അമ്മേ ഇവിടെ അല്ലയൊ തഞ്ചെക്കു മുമ്പെ പിറന്ന ഒരുകൂട്ടം പിള്ളേർ വന്നു കിടന്നുംകൊണ്ടു വാതിൽ ചവിട്ടിപ്പൊളിപ്പാനും മറ്റും ഭാവിക്കുന്നതു.

എ. അന്റി - അതാരാ ആ പറയുന്നതു. എന്റെ ഭാര്യയല്ലയോ? അല്ല നീ കൂടെ അവിടെ ഇരുന്നുകൊണ്ടാ ഞങ്ങളെ ഇവിടെ നിറുത്തി വിഷമിപ്പിക്കുന്നതു?

അഡ്രിഡി - പോടാ പോക്കിരി നിനക്കേതാ ഭാര്യ? എന്റെ വാതുക്കൽനിന്നു വേഗം പൊയ്ക്കൊള്ളുന്നതു നിനക്കു നല്ലതു.

എ. ഡ്രോമി - യജമാനനെ അകത്തോട്ടു കേറിയാൽ ഉടനെ നമുക്കു ഈ വാതുക്കൽ നില്ക്കുന്ന തെമ്മാടിക്കിട്ടു നല്ലപോലെ നാലു കൊടുക്കേണം.

അൻജീലൊ - ഇവിടെയൊന്നും നല്ല പന്തിയാകുമെന്നു ഇനിക്കു തോന്നുന്നില്ല.

ബിൽതാസ്സർ - വീട്ടുകാരനും വിരുന്നുകാരനും എല്ലാം ഉറിപോലെ പോകേ ഉണ്ടാവൂ.

എ. അന്റി - ഡ്രോമിയോ നീ ചെന്നു വല്ലതും എടുത്തുകൊണ്ടുവാ. ഞാൻ ഈ വാതിൽ ഇടിച്ചുപൊളിക്കട്ടെ.

സൈ. ഡ്രോമി - താപ്പായി. ഇവിടെ വല്ലിടവും ഇടിച്ചുപൊളിച്ചാൽ ആ പൊളിക്കുന്നവന്റെ തല ഞാനും ഇടിച്ചുപൊളിക്കും.

എ. അന്റി - എടാ നീ ചെന്നു ഒരു കോടാലിതന്നെ വാങ്ങിക്കൊണ്ടുവാ.

ബൽതാസ്സർ - ഹേ അതു ശരിയല്ല. ബഹുജനങ്ങളെ ശങ്കിക്കേണ്ടായോ? നിങ്ങളുടെ ഭാര്യയിൽ ഇതുവരെ കണ്ടിട്ടുള്ള സൽഗുണങ്ങളേയും സുകൃതങ്ങളേയും കുറിച്ചു ഓർത്താൽ അവർ ഇപ്പോൾ നമ്മെപ്പുറത്തിട്ടു വാതിൽ അടച്ചുകളഞ്ഞതിനും ഏതാണ്ടോ മതിയായ കാരണം ഉണ്ടായിരിക്കുമെന്നേ വിചാരിപ്പാനുള്ളൂ. അതുകൊണ്ടു എന്റെ ഈ ഗുണദോഷം കേൾക്ക. നമുക്കു വല്ല അഗാരത്തിലും ചെന്നു തീൻ കഴിച്ചശേഷം പിന്നെ വൈകുന്നേരത്തു വന്നു ഇതിന്റെ കാരണം തിരക്കിക്കൊള്ളുന്നതത്രേ യുക്തം. ആയതല്ലാതെ ഈ നട്ടയ്ക്കാട്ടുച്ചെക്കു പട്ടണത്തിന്റെ നടുവിൽവെച്ചു വാതിൽ വെട്ടിപ്പൊളിക്കയും ധൃതിയുണ്ടാക്കുകയും ചെയ്യുമ്പോൾ പുരുഷാരം എന്തുമാത്രം വന്നുകൂടുമെന്നു തോന്നുന്നു. കാര്യമെന്തായാലും ഒരു ദുഷ്കേൾവിക്കും അപമാനത്തിന്നും ഇടയായിത്തീരും.

എ. അന്റി - ചങ്ങാതീ താൻ ആ പറഞ്ഞതു കാര്യം തന്നെ. എന്നാൽ നമുക്കു പൊർക്ക്യുപ്പൈനിൽ പോയി തീൻ കഴിക്കാം. കയ്യിൽ കാശുണ്ടായാൽ അറിയാത്ത ഉമ്മായും അപ്പം തരികയില്ലയൊ? സ്വന്ത വാതുക്കൽ മുട്ടിയാൽ തുറക്കാത്തപക്ഷം പിന്നെ തുറക്കുന്ന വാതി

ല്ക്കൽ മുട്ടുകയല്ലാതെ നിർവ്വാഹമുണ്ടോ? അൻജീലൊ നീ പോയി വെഗം ആ മാല കുറ്റംതീർത്തു പൊർക്കൂപ്പൈനിൽ കൊണ്ടുവന്നേരെ. അതെന്റെ ഭാര്യയുടെ പേർക്കായിട്ടു നിശ്ചയിച്ചിരുന്നതാണെങ്കിലും അവളുടെ ഇന്നത്തെ തുടക്കം കണ്ടാറെ അവൾക്കു കൊടുപ്പാൻ മനസ്സില്ല. അവൾക്കു ദണ്ഡം കൊൾവാനായിട്ടു അതു ഞാൻ ആ തേവിടിച്ചിക്കു കൊടുത്തേക്കുന്നുണ്ടു.

അൻജീലോ - വേണ്ടതില്ല. കുറേത്താമസിക്കുമ്പോൾ അവിടെ ക്കൊണ്ടുവന്നേക്കാം.

എ. അന്റി - എനിക്കു കുറെ പണച്ചിലവു വന്നാലും ശരി അവളെ ഞാനൊന്നു പഠിപ്പിച്ചേലെ സമ്മതിക്കൂ. (എന്നിപ്രകാരം ഭാര്യയെക്കുറിച്ചു പറഞ്ഞുംകൊണ്ടു വലിയൊരു മനക്ലേശത്തോടുകൂടെ തീനിന്നു പോയി)

# 6

## ലൂസിയാനായും സൈ. അന്റിപ്പൊലസ്സും

ലൂസി - ജ്യേഷ്ഠത്തിക്കു നിങ്ങളുടെ ഇന്നത്തെ ഈ വിധം കണ്ടിട്ടു വളരെ വിഷാദം കൊണ്ടിരിക്കുന്നു. അവരുടെ ദുഃഖം അടക്കിക്കൊൾവാൻ കഴിയാഞ്ഞിട്ടത്രെ അവരിവിടെനിന്നു ഇറങ്ങിപ്പൊയ്ക്കളഞ്ഞതു. ജ്യേഷ്ഠൻ അവരുടെ പണം മോഹിച്ചിട്ടു മാത്രമാണു അവരെ വിവാഹം ചെയ്തതു എങ്കിൽ അതിനുമാത്രം എങ്കിലും അവരോടു ഒരു സ്നേഹം കാണിക്കേണ്ടായൊ? ഉള്ളിൽ നിങ്ങൾക്കവരോടു യാതൊരു ഇഷ്ടവും ഇല്ലെന്നു വരികിലും കാണാകേളികളെക്കൊണ്ടു പറയിപ്പിക്കാതെയിരിപ്പാൻവേണ്ടി പുറമേയെങ്കിലും ഒരു സ്നേഹഭാവം കാണിക്കരുതോ. കഴിഞ്ഞതൊക്കെയും അങ്ങിനെ ഇരിക്കട്ടെ. മേലാൽ അവരെ ആശ്വസിപ്പിപ്പാനുള്ള വഴി നോക്കെണം.

സൈ. അന്റി - ഇപ്പറയുന്ന നിങ്ങളുടെ പേരെന്തെന്നുപോലും ഇനിക്കു മനസ്സിലായിട്ടില്ല. എന്റെ പേർ നിങ്ങളൊക്കെ മനസ്സിലാക്കിയതെന്തോരു വിസ്മയമെന്നതും അറിഞ്ഞുകൂടാ. ഞാൻ പറഞ്ഞിട്ടുള്ളതത്രയും പരമാർത്ഥം തന്നെ. അതു മറിച്ചു പറയിപ്പിപ്പാൻ എന്തിന്നു ശ്രമിക്കുന്നു. എന്നെ ഒരു പുതിയ സൃഷ്ടി ആക്കുവാൻ കഴിയുമോ? അതു കഴിയുമെങ്കിൽ ഇഷ്ടപ്രകാരം ഒക്കെയും എന്നെക്കൊണ്ടു പറയിപ്പിക്കയൊ പെയ്യിപ്പിക്കയൊ ഒക്കെ ആവാം. ആയതല്ലാതെ ഞാൻ ഞാനായിട്ടുതന്നെ ഇരിക്കയാണെങ്കിൽ നിങ്ങളുടെ ഈ കരയുന്ന സഹോദരി എന്റെ ഭാര്യ അല്ല. അതുകൊണ്ടു ഇനി അക്കാര്യം പറഞ്ഞു എന്നെ പ്രയാസപ്പെടുത്താതെ കന്യകയായ നിങ്ങൾക്കു എന്റെ ഭാര്യ ആയിക്കൊൾവാൻ സമ്മതമുണ്ടായിരുന്നാൽ അതിലെക്കു ഇനിക്കും വിസമ്മതമില്ല.

ലൂസി - ഇതെന്താ ജ്യേഷ്ഠാ ഈ സംസാരം കേട്ടിട്ടു നിങ്ങളുടെ തലെക്കു നല്ല സ്ഥിരമില്ലെന്നു കേട്ടതു പരമാർത്ഥം തന്നെയെന്നു തോന്നുന്നു.

ലൈസ. അന്റി - തലെക്കു സ്ഥിരമില്ലാഞ്ഞിട്ടല്ല. ഒരു കുഴച്ചിലു കൊണ്ടത്രേ.

ലൂസി - അതു നിങ്ങളുടെ കണ്ണിന്റെ ദൂഷ്യമാണെന്നു തോന്നുന്നു.

ലൈസ. അന്റി - അതു ശരിതന്നെ ആയേക്കാം. സൂര്യനെപ്പോലെയുള്ള നിങ്ങളെ നോക്കുന്തോറും എന്റെ കണ്ണുമഞ്ചിപ്പോകുന്നു.

ലൂസി - നിങ്ങൾ നോക്കെണ്ടിയ ഇടത്തു നോക്കിയാൽ ആ മൂടൽ നീങ്ങിപ്പോകും.

ലൈസ. അന്റി - എന്റെ പ്രിയയേ ഇതിൽ വിശേഷമായ ഒരു ആളിന്റെമേൽ നോക്കുന്നതിന്നു അത്ര ഭംഗിയുണ്ടായിട്ടു ഒരുത്തിയെ ഞാൻ ഇതുവരെ കണ്ടിട്ടില്ല.

ലൂസി - എന്നെ എന്തിന്നു പ്രിയ എന്നു വിളിക്കുന്നു. എന്റെ സഹോദരിയെ വേണമെല്ലൊ അങ്ങിനെ വിളിപ്പാൻ.

ലൈസ. അന്റി - അല്ല. സഹോദരിയുടെ സഹോദരിയെ അത്രേ.

ലൂസി - അതു എന്റെ സഹോദരിതന്നെയല്ലോ.

ലൈസ. അന്റി - ഇല്ലില്ല. അതു നിങ്ങൾതന്നെ. എന്റെ കണ്ണിന്റെ കൃഷ്ണമണിയും ജീവന്റെ ശരണവും മനസ്സിന്റെ ഉല്ലാസവും നിങ്ങൾതന്നെ.

ലൂസി - ഇപ്പറഞ്ഞതൊക്കയും എന്റെ സഹോദരി ആയിരിക്കയോ ആകയോ വേണം.

ലൈസ. അന്റി - ആ സഹോദരി നിങ്ങൾതന്നെ ആയിക്കൊൾവിൻ. ഞാൻ മറ്റൊരുത്തരേയും സ്നേഹിക്കാതിരിക്കയും നിങ്ങൾക്കു ഇതുവരെ ഒരു ഭർത്താവും അങ്ങിനെതന്നെ ഇനിക്കിതുവരെ ഒരു ഭാര്യയും ഇല്ലാതിരിക്കയും ചെയ്കയാൽ നിങ്ങളെ എന്റെ ഭാര്യയായിട്ടു പരിഗ്രഹിച്ചുകൊള്ളുന്നതിന്നും എന്റെ ആയുസ്സുകാലം മുഴുവനും നിങ്ങളോടുകൂടെ പോക്കിക്കൊള്ളുന്നതിനും ഇനിക്കു പൂർണ്ണസമ്മതം തന്നെ.

ലൂസി - ഇവിടെ നില്ക്ക. ഞാൻ ചെന്നു ജേഷ്ഠത്തിയെ വിളിച്ചുകൊണ്ടുവരട്ടേ.

(എന്നു പറഞ്ഞുംവെച്ചു പോയി)

## 7

# എഫെസൂസിലെ അന്റിപ്പൊലസിന്റെ ഭവനത്തിൽനിന്നു സൈറാക്ക്യൂസിലെ അന്റിപ്പൊലസും ഡ്രോമിയൊയും ഇറങ്ങിപ്പോയ വിവരം

സൈ. അന്റി - എടാ ഡ്രോമിയോ നീ എവിടെക്കാണെ ഇത്ര ധൃതിവെച്ചോടുന്നതു?

സൈ. ഡ്രോമി - യജമാനനെ ഞാൻ നിങ്ങളുടെ ഭൃത്യനായ ഡ്രോമിയോ തന്നെയോ? ഇനിക്കു സുബുദ്ധിയുണ്ടോ പൊയ്പോയൊ?

സൈ. അന്റി - നീ എന്റെ ഭൃത്യൻ തന്നെ. നിനക്കു സുബോധവുമുണ്ടു.

സൈ. ഡ്രോമി - ഇല്ലില്ല. ഇനിക്കു ബുദ്ധിഭ്രമം പിടിച്ചിരിക്കുന്നു. ഞാൻ ഒരു കഴുതയും ഒരുത്തിയുടെ ഒരുത്തനും ആയിത്തീർന്നിരിക്കുന്നു.

സൈ. അന്റി - ഏതൊരുത്തിയുടെ ഒരുത്തനെടാ? നിനക്കെന്തു പിണഞ്ഞു ബുദ്ധിഭ്രമം പിടിപ്പാൻ?

സൈ. ഡ്രോമി - എന്റെ യജമാനനേ ഇവിടെ ഒരു സ്ത്രീ ഞാൻ അവളുടെ ഭർത്താവാകുന്നു എന്നു പറഞ്ഞുംകൊണ്ടു എന്റെ പുറകെ ഓടി നടക്കുന്നു. ജന്മംചെയ്താൽ അവൾ എന്റെ അടുക്കൽനിന്നു വിട്ടുമാറുകയില്ലെന്നു തുടങ്ങിയിരിക്കുന്നു.

സൈ. അന്റി - അവൾ ഏതെടാ?

സൈ. ഡ്രോമി - ആരുകണ്ടാലും മാനിക്കത്തക്കവണ്ണം അവൾ തുലോം വണ്ണമുള്ളവളാകുന്നു. പക്ഷേ ഇനിക്കു ആ പൊണ്ണത്വമുള്ള ബന്ധുതയൊട്ടും രസിച്ചിട്ടില്ല.

സൈ. അന്റി - അങ്ങിനെയുണ്ടെടാ ഒരു ബന്ധുതയുള്ളു?

സൈ.ഡ്രോമി - ഒവ്വേ അതു ബന്ധുതയുടെ അല്ല. അവളുടെ പൊണ്ണത്വത്തെക്കുറിച്ചത്രേ ഞാൻ പറഞ്ഞതു. അവൾ ഇവിടത്തെ

കുശിനിക്കാരത്തിയാണെന്നു തോന്നുന്നു. അവളുടെ ഉടുപ്പിന്മെലുള്ള കൊഴുപ്പുകണ്ടാൽ നായ കഞ്ഞികുടിക്കയില്ല. അവളുടെ പഴന്തുണിക്കു തീ കൊളുത്തിയാൽ ആറു മാസത്തേക്കു നിന്നു കത്തുവാൻ വേണ്ടുന്ന കൊഴുപ്പുകാണും. അവളെ ഒരു വിളക്കാക്കുന്നതിനല്ലാതെ പിന്നെ എന്തിനു കൊള്ളിക്കാമെന്നു ഇനിക്കു അറിഞ്ഞുകൂടാ.

സൈ. അന്റി - അവളെ കണ്ടാൽ എങ്ങിനെ ഇരിക്കുന്നു.

സൈ. ഡ്രോമി - എന്റെ ചെരിപ്പുപോലെ കറുത്തിരിക്കുന്നു. എന്നാൽ അവളുടെ മുഖത്തുപോലും അത്രയും വെടിപ്പില്ല.

സൈ. അന്റി - അതു വെള്ളംകൊണ്ടു തീർക്കാകുന്ന ഒരു അറ്റകുറ്റമല്ലയോ?

സൈ.ഡ്രോമി - ഉവ്വുവ്വു. നോഹായുടെ കാലത്തിലെ ജലപ്രളയം പോലും അവളുടെ മുഖത്തേ അഴുക്കുകളവാൻ മതിയാകയില്ല.

സൈ. അന്റി - അവളുടെ പേർ എന്തു?

സൈ. ഡ്രോമി - പേർ എല്ലെൻ എന്നാണെ, പക്ഷേൽ ഒരിക്കോൽ താഴ്ചയിൽ കുഴിച്ചാലും എല്ലുകാണുമെന്നു തോന്നുന്നില്ല.

സൈ. അന്റി - അതെന്താ അവൾക്കു അത്ര പെരുത്തു വണ്ണമുണ്ടോ?

സൈ. ഡ്രോമി - വണ്ണവും നീളവും വ്യത്യാസപ്പെടുത്തുവാനില്ല. സാക്ഷാൽ പറകിൽ അവൾ ഭൂഗോളംപോലെ ഉരുണ്ടിരിക്കുന്നു. ചില ചില ദിക്കുകളൊക്കെയും ഞാൻ അവളുടെ സർവ്വാംഗത്തേൽ കാൺകയും ചെയ്തു.

സൈ. അന്റി - അതുവ്വോ? എന്നാൽ ഐല്ലാന്തു എവിടെയാ കണ്ടതു?

സൈ. ഡ്രോമി - അതു അവളുടെ ബാഹുമൂലത്തിലെ ഈർപ്പം കണ്ടിട്ടു അവിടെയെന്നാണെ തോന്നിയതു.

സൈ. അന്റി - സ്കോത്ത്ളാണ്ടോ?

സൈ.ഡ്രോമി - അതു പാഴുനിലയായി കിടക്കുന്ന ഉള്ളങ്കയ്യിലെന്നു തോന്നുന്നു.

സൈ. അന്റി - അപ്രിക്ക എവിടെയാ കണ്ടതു?

സൈ. ഡ്രോമി - അതു ഞാൻ കണ്ടില്ലെന്നുവരികിലും അവ

ളുടെ വാ പൊളിക്കുമ്പോൾ വരുന്ന ആവികൊണ്ടു അതു ആ ചുററു പാട്ടെണ്ടാണ്ടോ ആയിരിക്കുമെന്നു വിചാരിക്കാം.

സൈ. അന്റി – എടാ ഹിമാലയപർവ്വതങ്ങൾ കണ്ടുവോ?

സൈ.ഡ്രോമി – ഉവ്വു – അതിലെക്കും ഉയർന്ന ശിഖരങ്ങളായ ധവളഗിരി – ചിമുലാരി– എന്ന ഗിരികൾ രണ്ടും അവളുടെ മാറത്തു തിങ്ങിനില്പുണ്ടു.

സൈ. അന്റി – എടാ താണപ്രദേശമായ നെഥല്ലന്തൊ?

സൈ. ഡ്രോമി – കണ്ടില്ല. യജമാനനോടു പറയുമ്പോൾ പരമാർത്ഥം വെണ്ടയോ പറവാൻ? ഞാൻ അത്ര കുനിഞ്ഞു നോക്കുവാൻ പോയില്ല. ആ ജ്യേഷ്ട-മൂധേവി എന്റെമേൽ അവകാശം പറകയും കൂടക്കൂടെ എന്റെപേർ പറകയും ചെയ്യുന്നതുകൂടാതെ ഗൂഢസ്ഥലത്തു ഇനിക്കൊരു മറുവുള്ളതുംകൂടെ കണ്ടിട്ടുള്ളപ്രകാരം നടിക്കുന്നു. അതുവളരെ അതിശയമല്ലയോ? ഞാൻ നന്നാപ്പേടിച്ചു ആ ക്ഷുദ്രക്കാരിയുടെ കയ്യിൽനിന്നു രക്ഷപ്പെടുവാനായിട്ടു ഓടുകയാകുന്നു.

സൈ. അന്റി – എടാ എല്ലാവരും നമ്മെ അറികയും പേർ ചൊല്ലി വിളിക്കയും ചെയ്യുന്നു. നാം ഇവരിൽ ഒരുത്തരേയും അറിയുന്നുമില്ല. വേഗം ഇവിടെനിന്നു പൊയ്ക്കൊണ്ടില്ലെങ്കിൽ നിശ്ചയമായിട്ടു വല്ല ആപത്തും വന്നു ഭവിക്കും. ശീഘ്രംപോയി ഇന്നു വല്ലിടത്തേക്കും പോകുന്ന കപ്പൽ ഉണ്ടോയെന്നു തിരക്കിക്കൊണ്ടു വരിക. നീ വരുന്നതുവരെ ഞാൻ കമ്പോളത്തിൽ അങ്ങോട്ടുമിങ്ങോട്ടും നടന്നുകൊണ്ടു താമസിക്കാം.

സൈ. ഡ്രോമി – എന്റെ ഭാര്യ എന്നു പറഞ്ഞുങ്കൊണ്ടു പുറകേ വന്നവളുടെ അടുക്കൽനിന്നു കടുവായെപ്പേടിച്ചു ഓടുന്നവനെപ്പോലിതാ ഞാൻ ഓടിപ്പോകുന്നു.

(എന്നു പറഞ്ഞുങ്കൊണ്ടു പോയി)

സൈ. അന്റി – ഈ പട്ടണത്തിലുള്ളവരത്രയും ക്ഷുദ്രക്കാരാകുന്നു. എന്തുതന്നെ വന്നാലും എന്റെ ഭാര്യ എന്നു പറഞ്ഞുങ്കൊണ്ടു എന്നെപ്പിടിച്ചുവലിച്ചുകൊണ്ടു പോയവളെ അംഗീകരിക്കയില്ല. അവളുടെ അനുജത്തിയുടെ ഭംഗിയും ചാതുര്യവാക്കും ഹേതുവാൽ ഞാൻ വശീകരിക്കപ്പെട്ടുപോയിരിക്കുന്നു. അവളെ ഒരുവേള വിവാഹം

കഴിച്ചുകളയുന്നതിൽവച്ചു മോശമില്ല. എന്നാൽ അതിന്നായിട്ടു ഇവിടെത്താമസിച്ചാൽ ഉയിരുംകൊണ്ടു ഇവിടെനിന്നു പോവാൻ സംഗതിവരുമോ എന്നു ശങ്കിക്കുന്നു. (എന്നിപ്രകാരം വിചാരിച്ചുങ്കൊണ്ടു നില്ക്കുമ്പോൾ അൻജീലൊ വന്നു യജമാനനായ അന്റിപ്പൊലസ്സേ എന്നു വിളിച്ചു)

സൈ. അന്റി - അതേ. എന്റെപേർ അതുതന്നേ,

അൻജീലോ - ഉവ്വേ അതു ഞാൻ പണ്ടേ അറിയുമല്ലൊ. ഇതാ പൊന്മാല. ഞാൻ ഇതു പോർക്ക്യൂപ്പൈനിൽ തന്നെ കൊണ്ടുവന്നു തരുവാൻ കഴിയാഞ്ഞതു കൂട്ടിവിളക്കുവാനും നിറം കാച്ചുവാനും അധികത്താമസം വന്നുപോകകൊണ്ടത്രെ.

സൈ. അന്റി - ഞാൻ ഇതുകൊണ്ടു എന്തു ചെയ്യണമെന്നാണെ നിന്റെ അഭിലാഷം?

അൻജീലൊ - വല്ലതും കാണിച്ചാലും വേണ്ടതില്ല. എന്നോടു തീർത്തു കൊണ്ടുവരാൻ പറഞ്ഞു. ഞാൻ അങ്ങിനെ തന്നെ കൊണ്ടുവരികയും ചെയ്തു.

സൈ. അന്റി - എന്റെ പേർക്കായിട്ടു തീർത്തെന്നോ? ഞാൻ പറഞ്ഞിട്ടില്ലാഞ്ഞു.

അൻജീലൊ - ആ പറഞ്ഞതു പരമാർത്ഥം. ഒന്നും രണ്ടും തവണയല്ല ഒരു നൂറു പ്രാവശ്യം എന്നോടു പറഞ്ഞിരുന്നു. ഇതു കൊണ്ടു പോയിക്കൊടുത്തു വേഗം ഭാര്യയുടെ മുഷിച്ചിൽ തീർത്താട്ടെ. ഞാൻ വൈകുമ്പാടു വന്നു വില വാങ്ങിക്കൊള്ളാം.

സൈ. അന്റി - നിനക്കു വേണമെങ്കിൽ പണം ഇപ്പോൾ തന്നെ വാങ്ങിക്കൊണ്ടു പൊയ്ക്കൊള്ളുക. അല്ലെങ്കിൽ പിന്നെ കിട്ടുകയില്ലെന്നു വന്നേക്കുമെ.

അൻജീലൊ - നിങ്ങൾ വലിയ ഫലിതക്കാരനാണെ. ഞാൻ അങ്ങോട്ടു പൊയി വരട്ടെ.

(എന്നു പറഞ്ഞുംവെച്ചു നടന്നു)

സൈ. അന്റി - ഹാ! ഇതൊക്കെ എന്തൊരു വിസ്മയമെന്നു ഇനിക്കു അറിഞ്ഞുകൂടാ. എന്തായാലും ഇത്ര നല്ല ഒരു സമ്മാനത്തെ തള്ളിക്കളയുന്നതു യോഗ്യമല്ല. (എന്നു തന്നെത്താൻ പറഞ്ഞിട്ടു ആ മാല കഴുത്തിൽ ഇട്ടുംകൊണ്ടു ഡ്രോമിയൊയെ നോക്കി നടന്നു)

## 8

# ഒരു വ്യാപാരി ഒരു ശിപായി അൻജീലോ

വ്യാപാരി - അൻജീലോ നീ കീഴാണ്ടു കുംഭമാസത്തിൽ എന്നൊടു വാങ്ങിയ പണം ഇതുവരെ തന്നു തീർത്തില്ലല്ലൊ. ഇപ്പോൾ ഝടുതിയായിട്ടു ഇനിക്കു പാർസ്യായ്ക്കുപോവാൻ ഒരു അടിയന്തിരം വരികയും തല്ക്കാലം ഒരു ചെമ്പുകാശുപോലും കൈക്കൽ ഇല്ലാതെ വന്നിരിക്കയും ചെയ്തുകൊണ്ടു നീ തരുവാനുള്ള പണം തന്നു നാം തമ്മിലുള്ള ഇടപാടു തീർക്കുന്നില്ലെങ്കിൽ ഞാൻ ഇപ്പോൾതന്നെ ശിപായിയെക്കൊണ്ടു പിടിപ്പിച്ചു നിന്നെ തുറങ്കിൽ വയ്പിക്കും. അതിനായിട്ടാണെ ഞാൻ ഈയാളെ കൂടെ കൂട്ടിച്ചുംകൊണ്ടു വന്നിരിക്കുന്നതു.

അൻജീലോ - ഞാൻ തങ്ങൾക്കു തരുവാനുള്ള തുകയോളം തന്നേ ഇനിക്കു അന്റിപ്പോലസിന്റെ പക്കൽനിന്നു വരുവാനുള്ളതു കൊണ്ടു ദയവുചെയ്തു അങ്ങേരുടെ വീട്ടിലോളം പോരുമെങ്കിൽ ഇപ്പോൾതന്നേ അതു വാങ്ങിത്തന്നു കാര്യം തീർത്തു കച്ചീട്ടുവാങ്ങിക്കൊള്ളുകയും ആം. അഞ്ചുമണിക്കു ചെല്ലുമെന്നാണെ ഞാൻ പറഞ്ഞിരുന്നതു. (എന്നിങ്ങനെ പറഞ്ഞുകൊണ്ടുനില്ക്കുമ്പോൾ എഫേസൂസിലെ അന്റിപ്പൊലസും ഡ്രോമിയൊയും കൂടെ വരുന്നതു കണ്ടു)

ശിപായി - എടോ കൂവേ ആ പ്രയാസം കൂടിയേപോവു എന്നില്ല. ഇതാ അയാൾ അല്ലയൊ ആ വരുന്നതു?

എ. അന്റി - എടാ ഡ്രോമിയൊ നീ ചന്തയിൽ ചെന്നു നല്ലതായിട്ടൊരു ചൂരൽ വാങ്ങിക്കൊണ്ടുവാ. ഞാൻ തട്ടാന്റെ വീട്ടിലോട്ടു കേറട്ടെ. എന്നെപ്പുറത്തിട്ടു വാതിലടച്ചുകളഞ്ഞ അവളെയും അവളുടെ

ചേനാരെഎല്ലാവരെയും ഞാൻ ഒന്നു പഠിപ്പിച്ചേ മാറൂ. നോക്കു തേ-ഈ മുഴുപ്പുള്ളതായിരിക്കണം കേട്ടോ.

(ഡ്രോമിയോ ചന്തയിലെക്കുപോയി)

എ. അന്റി - (അൻജീലോയെക്കണ്ടുംകൊണ്ടു) കൊള്ളാം. കൊള്ളാം. നല്ല നേരുകാരൻ - നിന്നോടു മാല തീർത്തുംകൊണ്ടും പോർക്ക്യൂപ്പൈനിൽ വരുവാൻ പറഞ്ഞിരുന്നാറെ എന്തേ വരാഞ്ഞു?

അൻജീലൊ-ഹേ കളഞ്ഞാട്ടെ. സദാ കളി പറഞ്ഞാൽ അതിനു വിലയില്ലെന്നു വന്നുപോം. ഇങ്ങേരും ഞാനും ആയിട്ടൊരു ഏർപ്പാടുള്ളതു തീർപ്പാനായിട്ടു ആ മാലയുടെ വിലയിങ്ങു തന്നാട്ടെ. കാര്യത്തിനു തീർച്ചവരുത്തിക്കൊണ്ടു കപ്പൽ കേറുവാൻ അങ്ങേരു ധൃതിപ്പെടുന്നു.

എ. അന്റി - എന്റെ കയ്യിൽ പണമൊന്നും കിടപ്പില്ല. നീ ഇയ്യാളെ കൂട്ടിച്ചുംകൊണ്ടു വീട്ടിൽ ചെന്നു പണം വാങ്ങി കൊടുക്ക. ഞാൻ രണ്ടുനാഴികയ്ക്കകത്തു വന്നേക്കാം. "ഇത്തറ്റം പോയിട്ടു ഒരു ആവശ്യമുണ്ടു."

അൻജീലോ - എന്നാലെന്താ മാല ഞാൻ കൊണ്ടുപോകുന്നുവോ അതോ നിങ്ങൾതന്നെ കൊണ്ടുവന്നേക്കുന്നോ?

എ. അന്റി - നീ തന്നേ കൊണ്ടുപോകേ വേണ്ടൂ. ഞാൻ ഒരു വേള അല്പം താമസിച്ചുപോയെങ്കിൽപിന്നെ നിങ്ങൾക്കു അതു പ്രയാസമെന്നു വരേണ്ട.

അൻജീലൊ- എന്നാൽ മാലയിങ്ങോട്ടു തന്നാട്ടെ.

എ. അന്റി - അതു എന്റെ പക്കൽ തന്നിട്ടില്ലാത്തതുകൊണ്ടു നിന്റെ കയ്യിൽതന്നെ കാണുമായിരിക്കുമല്ലൊ.

അൻജീലൊ - ഇല്ല. കളി നീ കാര്യമായിത്തീർന്നേക്കുമേ. വൃഥാ മറ്റുള്ളവരെക്കൂടെ താമസിപ്പിക്കരുതു. ഇങ്ങേർക്കു വെക്കം പോയില്ലെങ്കിൽ തക്കം പിഴെക്കും.

എ.അന്റി - ഉവ്വെടാ. നീ ഇപ്പറയുന്നതിന്റെ സാരമിങ്ങു ഗ്രഹിച്ചു. മാല പറഞ്ഞിരുന്ന സമയത്തു തീർത്തുകൊണ്ടു വരായ്കകൊണ്ടു ശകാരിക്കാതെയിരിപ്പാൻ വേണ്ടിയല്ലയോ? ആകട്ടെ വേഗം കൊണ്ടു പോയിക്കൊടുത്തു പണം വാങ്ങിക്കൊടുക്ക.

വ്യാപാരി - (അൻജീലോയോടു) നോക്കൂ - നേരം പോകുന്നു. വേഗം ആകട്ടെ.

അൻജീലോ - (അന്റിപ്പോലിസിനോടു) അല്ല- ഇതു കേൾക്കുന്നില്ലയോ? മാലയിങ്ങോട്ടു തന്നാട്ടെ.

എ.അന്റി - നീ എന്നോടു മാല വാങ്ങിയിട്ടേ പിന്നെ ഇയാളെ പറഞ്ഞയക്കേണ്ടു - മാല കയ്യിലുണ്ടെങ്കിൽ കൊണ്ടുപോയിക്കൊടുത്തു വേഗം പണം വാങ്ങിക്കൊൾക.

അന്ജീലൊ - ഇതു നല്ല പുതുമയല്ലാകുന്നു. മാല ഞാൻ നിങ്ങളുടെ പക്കൽ തന്നിട്ടിപ്പോൾ അരനാഴികയിലധികം ആയിട്ടില്ലല്ലോ. കളിവാക്കുകൾ പറഞ്ഞുകൊണ്ടുനില്ക്കാതെ ഒന്നുകിൽ മാലയിങ്ങോട്ടു തരൂ. ആയതല്ലെങ്കിൽ തന്റെ ഭാര്യ പണം തന്നയക്കത്തക്കവണ്ണം വല്ല അടയാളവും പറഞ്ഞയക്കൂ.

എ. അന്റി - മാലകൂടാതെ പോയാൽ പണം കൂടാതെ പോരുന്നതുതന്നെ അടയാളം.

വ്യാപാരി - (അന്റിപ്പോലിസിനോടു) എടോ ഇനിക്കു നിങ്ങളുടെ പുതുമയും കേട്ടുകൊണ്ടുനിന്നാൽ പോരാ. താൻ ആ പണം തരുമോ ഇല്ലയോ? രണ്ടാലൊന്നു പറയൂ. അതറിഞ്ഞിട്ടുവേണം ഇനിക്കു പിന്നെ വാങ്ങുവാനുള്ള വഴി നോക്കുവാൻ.

എ.അന്റി - എന്താ ഞാൻ തനിക്കു വല്ലതും തുരവാനുണ്ടോ?

അൻജീലോ - മാലയുടെ വകയായിട്ടു ഇനിക്കു തരുവാനുള്ളതു ഇങ്ങേർക്കു കൊടുത്തേക്കൂ.

എ. അന്റി - ഞാൻ മാല വാങ്ങിയിട്ടുണ്ടെങ്കിൽ മാത്രമല്ലാതെ നിനക്കോ ഈയാൾക്കോ വല്ലതും തരികയോ കൊടുക്കയോ ചെയ്യേണമോ?

അൻജീലോ - നിങ്ങൾ എന്നോടു മാല വാങ്ങിയിട്ടില്ലെന്നോ?

എ. അന്റി - ഇല്ല. നീ ഒരുനാളും എന്റെ പക്കൽ തന്നിട്ടില്ല. പിന്നെ ഇങ്ങിനെ ഇല്ലാവചനം പറഞ്ഞു എന്നെ അപമാനിക്കുന്നതോർത്താറെ വളരെ ദണ്ഡം തോന്നുന്നു.

അൻജീലോ - കൊള്ളാകുന്ന ആളുകൾ ഇപ്രകാരമുള്ള നേരുകേടും അടാപിടിയും തുടങ്ങിക്കൊള്ളുന്നതിനാൽ ഇനിക്കെന്തുമാത്രം

ദണ്ഡംകൊണ്ടിരിക്കുന്നു. ഈ വർത്തമാനം കേൾക്കുന്നവർ ഇനി എന്നെ വിശ്വസിച്ചു വല്ലതും ഏല്പിക്കുമോ? എടോ താൻ എന്റെ പിച്ചച്ചട്ടിയിൽ മണ്ണു വാരിയിടുകയല്ലയോ ചെയ്യുന്നതു?

വ്യാപാരി - എടാ ശിപായി ഇവനെപ്പിടിച്ചുകെട്ടുക. ഇവൻ ചൊവ്വെ പണം തന്നു തീർപ്പാനുള്ള ഭാവം കാണുന്നില്ല.

ശിപായി - എന്നാൽ അങ്ങിനെതന്നേ. നടക്കെടോ ഢാണാവിലേക്കു. വേഗം ആകട്ടെ.

അൻജീലോ - (അന്റിപ്പോലസിനോടു) എന്നെ ഇപ്രകാരം അപമാനിപ്പിക്കുന്നതു ശരിയല്ല. അളമുട്ടിയാൽ കടിക്കേ നിർവ്വാഹമുള്ളു. നിങ്ങൾ ഇനിക്കു തരുവാനുള്ളതു തരികയില്ലെങ്കിൽ ഈ ശിപായിയെക്കൊണ്ടുതന്നെ നിങ്ങളേയും പിടിപ്പിക്കും.

എ. അന്റി - ഞാൻ നിനക്കു വല്ലതും തരുവാനുണ്ടോ? നീ എന്നെ ശിപായിയെക്കൊണ്ടു പിടിപ്പിക്കുമോ! എന്നാൽ അതൊന്നു കാൺകതന്നെ.

അൻജീലോ - (ശിപായിയോടു) താൻ എന്നെത്തടുത്തു വച്ചിരിക്കുന്നതും ഈയാൾക്കു കൊടുപ്പാനുള്ളതു കൊടുക്കായ്കകൊണ്ടല്ലയൊ? എന്നാൽ ഈ അന്റിപ്പോലസ്സു ഇനിക്കു തരുവാനുള്ളതു തരാതെ അന്തെക്കിന്ത പറഞ്ഞുംകൊണ്ടു നില്ക്കയാൽ അയാളെയും പിടിക്കു.

ശിപായി - (അന്റിപ്പോലസ്സിനോടു) എന്നാൽ താനും അങ്ങോട്ടു നടക്കേവേണ്ടു.

എ. അന്റി - കൊള്ളാകുന്ന ആളുകൾക്കു സർക്കാരിനെ അപമാനിക്കുന്നതു യോഗ്യമല്ലായ്കകൊണ്ടു ജാമ്യം തരുന്നതുവരെ താൻ പറയുന്നതു കേൾക്കേ പാടുള്ളു. എന്നാൽ ഈ തട്ടാരക്കഴുവെ - യോടു ഞാൻ ഇതിനു തക്കപോലെ ചോദിക്കുന്നില്ലാ എങ്കിൽ ഛീ! ഞാൻ പിന്നെ ആണായിട്ടു നടക്കുന്നില്ല. നീ ചെവിയെ നുള്ളിക്കൊൾകേവെണ്ടു.

അൻജീലോ - അത്ര പേടിപ്പിക്കേണ്ടായേ. ഈ എഫേസൂസിൽ നേരും ന്യായവും നടക്കുന്ന കാലത്തെങ്ങും തന്റെ ഈ പേപ്പിടി ഒന്നും ഇങ്ങോട്ടു പറ്റുകയില്ല. അമ്പൊ! വെടിക്കാരന്റെ കോഴിയല്ലയോ ഞാൻ തന്റെ ഈ ഭീഷണകെട്ടങ്ങു ഭ്രമിച്ചുപോവാൻ.

(എന്നിങ്ങിനെ അവർ തമ്മിൽ പറഞ്ഞുങ്കൊണ്ടു നില്ക്കുമ്പോൾ സൈറാക്ക്യൂസിലെ ഡ്രോമിയോ വന്നു അന്റിപ്പോലസ്സിനോടു)

യജമാനനെ എപ്പിഡാമ്നിലേക്കു പോകുന്ന ഒരു കപ്പൽ കിടപ്പുണ്ടു. നമ്മുടെ തട്ടുമുട്ടു സാമാനങ്ങൾ ഒക്കയും ഞാൻ അതിൽ ആക്കിയിരിക്കുന്നു. അതിന്റെ ഉടമക്കാരൻ കരെക്കിറങ്ങിയിരിക്കുന്നു. അങ്ങേരും നിങ്ങളും ചെന്നു കേറുന്ന താമസമേയുള്ളു നങ്കൂരം വലിച്ചു കപ്പൽ ഓടിക്കുന്നതിന്നു.

എ. അന്റി - എടാ ഭ്രാന്താ എന്റെ പേർക്കായിട്ടു താമസിക്കുന്ന കപ്പൽ ഏതു?

സൈ. ഡ്രോമി - അല്ലേ അവിടുത്തെ കല്പനപ്രകാരം ഞാൻ ചെന്നു കേവു പിടിച്ചതുതന്നേ. ആ കാര്യം മറന്നുപൊയി എന്നു തോന്നുന്നു.

എ. അന്റി - എടാ വിഡ്ഢീ ഞാൻ നിന്നെ പറഞ്ഞയച്ചതു ഒരു ചൂരൽ വാങ്ങിപ്പാനല്ലാഞ്ഞുവോ? അതു ഇന്നവകെക്കു എന്നുംകൂടെ ഞാൻ നിന്നോടു പറഞ്ഞുവല്ലൊ. അതു കിടക്കട്ടെ. മേലാൽ വല്ലതും പറഞ്ഞാൽ നല്ലപോലെ ശ്രദ്ധിച്ചു കേൾപ്പാൻ അവസരമുള്ളപ്പോൾ നിന്നെ പഠിപ്പിച്ചുകൊള്ളാം. ഇന്നാ ഈ താക്കോൽ കൊണ്ടുപോയി വീട്ടിൽ കൊടുത്തു ആ പെട്ടിക്കകത്തിരിക്കുന്ന പട്ടുമടിശ്ശീലയിങ്ങു എടുത്തുതരുവാൻ പറക. എന്നെ ഇതാ ഒരു ശിപായി തടുത്തുവച്ചുങ്കൊണ്ടു നില്ക്കുന്നു. വേഗം വന്നേക്കണം കേട്ടോ.

സൈ. ഡ്രോമി - (വീട്ടിലോ അതു ഏതായിരിക്കും - ഓഹോ - ഇന്നു ഉച്ചെക്കു യജമാൻ തീനിന്നുപോയ ആ വീട്ടിൽ. ശരിതന്നെ. എന്നാലൊരു ദൂഷ്യം വരുമെല്ലോ. അവിടെപ്പോയാൽ എന്റെ ഭാര്യ എന്നു പറഞ്ഞുങ്കൊണ്ടു വന്ന ആ പൊണ്ണി അവൾ ഓടിവന്നേക്കുമെല്ലോ. എന്തായാലും യജമാനന്റെ കല്പനപ്രകാരം ചെയ്കയല്ലാതെ ഭൃത്യനു പാങ്ങുണ്ടോ. എന്നിങ്ങനെ ഒക്കയും മനസ്സിൽ കരുതിക്കൊണ്ടു ഓടിച്ചെന്നു അഡ്രിയാനായൊടു) കൊച്ചമ്മേ - ഇതാ താക്കോൽ - ആ പെട്ടിക്കകത്തു - ഇരിക്കുന്ന ചുവന്ന മടിശ്ശീല - ഇങ്ങോട്ടു എടുത്തു തന്നാട്ടെ വേഗം.

അഡ്രി - എന്തെടാ ഇത്ര അണെക്കുന്നതു.

സൈ. ഡ്രോമി - എന്റെ അമ്മേ കുഴപ്പി ഓടിയതുകൊണ്ടിയിരിക്കും.

അഡ്രി - നിന്റെ യജമാനൻ എവിടെ?

സൈ. ഡ്രോമി - എന്റെ പൊന്നമ്മ അക്കാര്യം പറഞ്ഞാൽ ഒശ്ശിയുണ്ടു. ഇനിക്കു പോകുവാൻ വൈകി. യജമാനൻ ഇപ്പോൾ ഏകദേശം നരകത്തോടു സമമായ ഒരു സ്ഥലത്തെന്നു പറയാം. വിധിക്കു മുമ്പെ മനുഷ്യരെ അന്ധകാലയത്തിൽ കൊണ്ടുപോകുന്ന കാലന്റെ കിങ്കരന്മാരിൽ ഒരുവനെപ്പോലെയുള്ള ഒരു ശിപായി അങ്ങേരേയും കൊണ്ടു അങ്ങോട്ടു നടന്നു. അവിടെനിന്നു വിടീച്ചുകൊണ്ടുപോരുന്ന വകയ്ക്കു ആകുന്നു പണം എടുത്തുതരുവാൻ പറഞ്ഞതു.

അഡ്രി - അയ്യോ കാര്യമെന്തെടാ?

സൈ.ഡ്രോമി - അതു ഞാനും നല്ലപോലെ അറിയുന്നില്ല. മടിശ്ശീലയിങ്ങെടുത്തു തന്നാട്ടെ വേഗം.

അഡ്രി - ലൂസിയാനാ അതിങ്ങോട്ടു എടുത്തു കൊടുക്ക. മുടിഞ്ഞിനി ഇതെന്തൊരു കൂത്തെന്നു അറിഞ്ഞില്ലല്ലൊ. ഞാൻ അറിയാതെ വല്ല കൊള്ളക്കൊടുക്കലും ഉണ്ടായിട്ടുണ്ടോ?

ലൂസി - ഇതാ ജ്യേഷ്ഠത്തീ ചാളിക.

അഡ്രി - ഇന്നാ ഡ്രോമിയൊ ഇതു കൊണ്ടുചെന്നു നിന്റെ യജമാനനെ വിടുവിച്ചുകൊണ്ടുവാ.

(ഡ്രോമിയോ പണവും വാങ്ങിക്കൊണ്ടുപോയി)

## 9

# സൈറാക്ക്യൂസിലെ അന്റിപ്പൊലസ്സു

സൈ. അന്റി - എന്നെക്കാണുന്നവർ ഒക്കയും ഞാൻ അവർക്കു മുഖപരിചയമുള്ള ഒരു ആളെന്നപോലെ ആചാരം കഴിക്കയും പേർ പറയുകയും സല്ക്കരിക്കയും ചിലർ പൊന്മാല മുതലായതു സമ്മാനിക്കയും ചിലർ എന്നിൽനിന്നു വളരെ ഉപകാരങ്ങൾ ലഭിച്ചിട്ടുള്ളവരെപ്പോലെ ഉപകാരസ്മരണ കാണിക്കയും ചെയ്യുന്നു. അല്പം മുമ്പേ ഇതിലെകൂടെ. കടന്നുപോകുമ്പോൾ ഒരു തുന്നല്ക്കാരൻ വിളിച്ചു കേറ്റി ഇനിക്കു വിശേഷമായ ഒരു ഉടുപ്പുണ്ടാക്കുന്നതിന്നു പട്ടു വാങ്ങിയിരിക്കുന്നു എന്നും പറഞ്ഞു എന്റെ അളവെടുത്തു. സംശയം കൂടാതെ ഇതൊക്കയും ഏതാണ്ടോ ആപത്തിനുള്ള വഴിയാകുന്നു. ഈ ദിക്കിലുള്ളവരത്രയും കുണ്ടാമണ്ടിയും കൂടപത്രവും ഉള്ളവരാണെ. (എന്നിങ്ങിനെയൊക്കയും തന്നെത്താൻ പറഞ്ഞങ്കൊണ്ടുനില്ക്കുമ്പോൾ സൈറാക്ക്യൂസിലേ ഡ്രോമിയൊ വന്നു.) ഇതാ യജമാനനെ എന്നൊടു കൊണ്ടുവരുവാൻ പറഞ്ഞ പണം എന്നു പറഞ്ഞുങ്കൊണ്ടു ചാളികകൊടുത്തു.

സൈ. അന്റി - എന്തെടാ പേ പറയുന്നുവോ? നീ കപ്പൽ തിരക്കുവാൻ പോയിട്ടു എന്തായി?

സൈ. ഡ്രോമി - യജമാനനെത്തടുത്തുവച്ചുംകൊണ്ടു നിന്ന ആ ശിപായി എവിടെ? അയാൾ നിങ്ങളെ തടുത്തുവച്ചുംകൊണ്ടു നിന്നപ്പോൾ ആ വിവരം ഞാൻ വന്നു പറഞ്ഞുവല്ലൊ.

സൈ. അന്റ്ഫി - എന്നെ ശിപായി തടുത്തുവച്ചുവൊ? നിശ്ചയമീയിട്ടു ഇവനും ഇനിക്കും ബുദ്ധിഭ്രമം പിടിച്ചിരിക്കുന്നു.

(എന്നിങ്ങിനെ പറഞ്ഞുകൊണ്ടു നില്ക്കുമ്പോൾ ഒരു വേശ്യാസ്ത്രീ വന്നു അന്റിപ്പൊലസ്സിനോടു)

എടോ അന്റിപ്പൊലസ്സു! തന്നെക്കണ്ടതൊരു തക്കസമയത്തു തന്നെ. താൻ തട്ടാനെക്കണ്ടുവെന്നുതോന്നുന്നു. ഇതോ ഇനിക്കു തരാമെന്നു പറഞ്ഞ മാല?

സൈ. അന്റി - സാത്താനെ നീ എന്നെപ്പരീക്ഷിക്കാതെ പൊയ്ക്കൊൾക.

സൈ. ഡ്രോമി - യജമാനനെ ഇതാണോ ചെയിത്താന്റെ തള്ള?

വേശ്യ - ഇതെന്താ യജമാനനും ഭൃത്യനും പതിവല്ലാതൊരു സന്തോഷം കാണുന്നത്. എന്നോടുകൂടെ വന്നു തീൻ കഴിക്കരുതോ?

സൈ. ഡ്രോമി - യജമാനനെ ചെയിത്താട്ടികളോടുകൂടി തീനിന്നു പോവാൻ ഭാവമുണ്ടെങ്കിൽ നമുക്കൊരു നീളമുള്ള തവി സമ്പാദിച്ചുകൊണ്ടുവേണം.

സൈ. അന്റി - അതെന്തിന്നു?

സൈ. ഡ്രോമി - അല്ലേ പിന്നെ - പിശാചുക്കളൊടത്ര അടുക്കാമൊ? ഒട്ടു ദൂരെയിരുന്നാൽ എത്തത്തക്കവണ്ണം ഒരു തവിയുണ്ടായിരുന്നാൽ കൊള്ളാം.

സൈ. അന്റി - (വേശ്യയോടു) നീ എന്നെ തീനിന്നു വിളിപ്പാൻ എന്തു സംഗതി? നീയും ഈ പട്ടണത്തിലുള്ള മറ്റെല്ലാവരെപ്പോലെ ഒരു ക്ഷുദ്രക്കാരി ആകുന്നു. എന്റെ അടുക്കൽനിന്നു പൊയ്ക്കൊള്ളണമെന്നു ഞാൻ ആണയിട്ടു പറയുന്നു.

വേശ്യ - അങ്ങിനെയെങ്കിൽ താൻ ഉച്ചെക്കു വന്നപ്പോൾ ഒരു മാല പകരം തരാമെന്നു പറഞ്ഞുംകൊണ്ടു എന്നോടു വാങ്ങിയ ആ വൈരക്കല്ലുവച്ച മോതിരമോ ഈ മാലയോ രണ്ടാലൊന്നു ഇങ്ങുതരൂ. ഞാൻ പൊയ്ക്കൊള്ളാം. പിന്നെ തന്നെ അനർത്ഥപ്പെടുത്തുവാൻ ഒട്ടു വരുന്നുമില്ല.

സൈ.ഡ്രോമി - യജമാനനെ മുമ്പേ പറഞ്ഞതുപോലെ ഇതു ഒരു കൊടിയ പിശാചുതന്നെ. കുട്ടിപ്പിശാചുക്കൾ മനുഷ്യരോടു അടുക്കുന്നതു ചുണ്ണാമ്പും മറ്റും ചോദിച്ചുകൊണ്ടല്ലയോ? എന്നാൽ ഈ ആവേശി ഈ മുതുപിശാചു - പൊന്മാല ചോദിച്ചുംകൊണ്ടു വരുന്നതു കണ്ടുകൂടായൊ. അയ്യോ കൊടുത്തേക്കല്ലെ. കയ്യിൽ കിട്ടിയാൽ

ഉടനെ അവൾ ആ തുടലും കിലുക്കിക്കൊണ്ടു നമ്മുടെനേരെ വന്നേക്കും.

വേശ്യ - എടോ താൻ എന്നെ വഞ്ചിക്കുമെന്നു ഞാൻ തീരുമാനം കരുതിയിരുന്നില്ലല്ലോ. എന്നാൽ എന്റെ മോതിരമെങ്കിലും ഇങ്ങു തന്നേക്കു.

സൈ. അന്റി - എടാ ഡ്രോമിയോ ഈ പിശാചു നമ്മെ വിട്ടു പോകുവാൻ പറഞ്ഞാറെ പൊകുന്ന ഭാവമില്ല. എന്നാൽ ഇനി നമുക്കു പൊയ്ക്കളയാം.

(എന്നു പറഞ്ഞുകൊണ്ടു അവർ ഇരുപേരുംകൂടെ ഓടി)

വേശ്യ - സംശയംകൂടാതെ ഈ അന്റിപ്പോലസ്സിന്നു ഭ്രാന്തു പിടിച്ചിരിക്കുന്നു. അല്ലാഞ്ഞാൽ അയാൾ ഈ മാതിരി ആഭാസവൃത്തിയൊന്നും തുടങ്ങുകയില്ലായിരുന്നു. മാല തരാമെന്നുംപറഞ്ഞു എന്നോടു മോതിരം വാങ്ങിയാറെ ഇപ്പോൾ ഒന്നും കിട്ടുകയില്ലെന്നല്ലൊ വന്നിരിക്കുന്നതു. ഇന്നുച്ചക്കു അയാൾ വീട്ടിൽ വന്നപ്പോൾ പറഞ്ഞ വർത്തമാനവും എല്ലാം ഭ്രാന്തെന്നു തോന്നുന്നു. ഭാര്യ അയാളെപ്പുറത്തിട്ടു വാതിലടച്ചുകളഞ്ഞതു ഒരുവേള സത്യമായിരുന്നാൽ അതു പക്ഷെ ഈ ഭ്രാന്തൻ അകത്തുകേറി വല്ല നാശവും ചെയ്യാതിരിപ്പാൻവേണ്ടി ആയിരിക്കും. അഞ്ചാറു പൌൻ വിലപിടിച്ച മോതിരം വെറുതെ കളയുന്നതു കുറെ സങ്കടമാണെ. ഇനി അതു തിരികെ കൈക്കലാക്കുവാനുള്ള ഉപായം വേഗം അയാളുടെ വീട്ടിൽ ചെന്നു ഭാര്യയോടു അയാൾക്കും വേലക്കാരന്നും ഭ്രാന്തു പിടിച്ചിരിക്കുന്നുവെന്നും അവർ ഇരുപെരും കൂടെ എന്റെ വീട്ടിൽ ഓടിക്കേറി എന്റെ മോതിരം എടുത്തുകൊണ്ടു ഓടിക്കളഞ്ഞുവെന്നും പറയുന്നതുതന്നെ. (എന്നു കരുതിക്കൊണ്ടു വേഗം അദ്രിയാനായുടെ അടുക്കലേക്കു പോയി.)

# 10

# എപ്പെസൂസിലെ അന്റിപ്പൊലസ്സും ശിപായിയും

എ. അന്റി – എടോ താൻ അത്ര പേടിക്കേണ്ടാ. ഞാൻ ഒളിച്ചു ഓടിക്കളയുന്ന ഒരു പുള്ളിയല്ല. പണം തന്നിട്ടു മാത്രമേ ഞാൻ പോകൂ. എന്റെ ഭാര്യയ്ക്കു ഇന്നൊരു വിധം മാറ്റമാണെ. അതു കൂടാതെയും എന്നെ ഈ എപ്പേസൂസിൽ ഒരുത്തൻ തടുത്തുവച്ചിരിക്കുന്നു എന്നു കേട്ടാൽ അതു അവൾക്കു അത്ര എളുപ്പത്തിൽ വിശ്വസിക്കാവുന്ന ഒരു കാര്യമല്ല (എന്നു പറഞ്ഞപ്പോൾ എപ്പേസൂസിലെ ഡ്രോമിയോ ചൂരലുംകൊണ്ടു വരുന്നതു കണ്ടു) ഇതാ എന്റെ വേലക്കാരൻ വരുന്നു. അവൻ പണവുംകൊണ്ടായിരിക്കും വരുന്നതു. എന്തായി ഡ്രോമിയോ കിട്ടിയോ?

എ. ഡ്രോമി – ഉവ്വുവ്വു. അവർക്കു വേണ്ടുവോളവും അധികവും കൊടുപ്പാൻ ഇതു മതിയാകും.

എ. അന്റി – എന്നാൽ പണം എവിടെ?

എ.ഡ്രോമി – പണം എവിടെയെന്നോ? പണം കൊടുക്കാതെ ചൂരൽ തരുന്നതിന്നു അവിടെ ഇരിക്കുന്ന ആൾ നമുക്കു വല്ലതും ആയിവരുമോ?

എ.അന്റി – എടാ ഇരപ്പാളീ അഞ്ഞൂർ അറബിക്കാശു കൊടുത്തു ചൂരൽ വാങ്ങിയോ! നിന്നെ ഞാൻ എന്തൊരു കാര്യസാദ്ധ്യത്തിന്നായിട്ടാണു വിട്ടതു.

എ.ഡ്രോമി – ഞാൻ പോയ കാര്യം സാധിച്ചുകൊണ്ടല്ലയോ ഞാൻ വന്നിരിക്കുന്നതു.

എ.അന്റി - അങ്ങിനെയെങ്കിൽ അല്പ സമ്മാനം തരുവാൻ യൊഗ്യാമുണ്ടല്ലൊ.

(എന്നു പറഞ്ഞുകൊണ്ടു അവനെ ഒരുപാടു ചതെച്ചു)

ശിപായി - ഹേ കളഞ്ഞാട്ടെ. എന്തിന്നു ആ പാവത്തിനെ തല്ലുന്നു.

എ.ഡ്രോമി - ഈ അടിയും ഇടിയും ഒക്കെ വല്ല മരുന്നും തന്നു ബോധക്കേടു വരുത്തിക്കൊണ്ടു ആയിരുന്നെങ്കിൽ മോശമില്ലാഞ്ഞു. എന്റെ പൊന്നങ്ങുന്നേ - ഞാൻ ജനിച്ചനാൾ തുടങ്ങി ഇങ്ങേരെ സെവിച്ചിട്ടു ഇനിക്കു ഈ അടിയും തൊഴിയും അല്ലാതെ യാതൊന്നും മിച്ചമില്ല.

## 11

# അദ്രിയാനായും ലൂസിയാനായും ഒരു വേശ്യയും പിഞ്ചെന്നു പെരായിട്ടു മന്ത്രവാദിയായ ഒരു വൈദ്യനും മറ്റു ചില ആളുകളും

എ. അന്റി – നോക്കെടാ മിണ്ടരുതു – ഇതാ അവൾ വരുന്നു.

എ.ഡ്രോമി – യജമാനത്തീ സൂക്ഷിച്ചുകൊൾക. നിങ്ങളെ നല്ല ശീലം പഠിപ്പിക്കുന്ന വകെക്കു ഞങ്ങൾ ഏതാണ്ടോ കരുതിയിട്ടുണ്ടു.

എ.അന്റി – മിണ്ടരുതെന്നു പറഞ്ഞതു കേട്ടില്ലയോ നീ. (എന്നു പറഞ്ഞുകൊണ്ടു പിന്നെയും തല്ലുതുടങ്ങി,)

വേശ്യ – അദ്രിയാനാ ഞാൻ പറഞ്ഞതെന്തിരിപ്പൂ! കണ്ടോ-ഭ്രാന്തില്ലെങ്കിൽ ഇപ്പോൾ അവനെയിട്ടുകൊണ്ടു തല്ലേണമോ?

അദ്രി – ശരിതന്നെ. നമ്മെക്കണ്ടപ്പോൾ അയാളുടെ മുഖഭാവം മാറിയതു കണ്ടുകൂടായോ. എന്റെ വൈദ്യനെ ഈയാളുടെ നേർബുദ്ധി തിരികെ വരുത്തിത്തന്നാൽ എന്തുവേണമെങ്കിലും തന്നുകളയാം.

പിഞ്ചു – എടോ തന്റെ കൈ ഇങ്ങോട്ടു നീട്ടുക. നാഡി പിടിച്ചു നോക്കട്ടെ.

എ.അന്റി – താൻ നാഡിക്കു പിടിച്ചാൽ ഞാൻ താടിക്കുപിടിക്കും. അതു സമ്മതമെങ്കിലേ വേണ്ടു.

പിഞ്ചു –ഹേ ഈ മനുഷ്യനിൽ ആവസിച്ചിരിക്കുന്ന ദുരാത്മാവെ നീ എത്രമേൽ ഊറ്റപ്പെട്ടവനായിരുന്നാലും എന്റെ ശുദ്ധമുള്ള പ്രാർത്ഥ

നയാൽ ഇവനിൽനിന്നു ഇറങ്ങിപ്പോകേണമെന്നു ഞാൻ സ്വർഗ്ഗത്തിലുള്ള പുണ്യവാളന്മാരൊക്കയുടേയും നാമത്തിൽ നിന്നോടു കല്പിക്കുന്നു.

എ.അന്റി – ചെവി കേൾക്കെട്ടെടോ. എന്നെയല്ല തന്നെയത്രേ പിശാചു ബാധിച്ചിരിക്കുന്നതു.

അഡ്രി – അതുവ്വു. ഇതിനുമുമ്പെ അങ്ങിനെ ഒന്നും ഇല്ലാഞ്ഞു.

എ.അന്റി – പോടി പോ – ഇവരൊക്കയോ നിന്റെ ചേനാർ? ഈ എമ്പോക്കികൾ ഒക്കെ അകത്തുണ്ടായിരുന്നതുകൊണ്ടായിരിക്കും ഉച്ചെക്കു ഞാൻ വന്നു മുട്ടിയാറെ വാതിൽ തുറക്കാഞ്ഞതു ഇല്ലയൊ?

അഡ്രി – അയ്യോ ഇന്നുച്ചെക്കു വീട്ടിൽ വന്നു തീൻ കഴിച്ചതിന്നു ദൈവമുണ്ടല്ലൊ സാക്ഷി. അവിടെത്തന്നെ ഇരുന്നെങ്കിൽ ഇപ്പോൾ ഈ അപമാനത്തിനൊന്നിനും ഇടവരാഞ്ഞേനെ.

എ.അന്റി – എന്തു പറയുന്നു. ഇന്നുച്ചെക്കു ഞാൻ വീട്ടിൽ വന്നു തീൻ കഴിച്ചുവെന്നൊ? എന്തെടാ ഡ്രോമിയോ ഇന്നു നമ്മൾ വീട്ടിൽ ചെന്നു മുട്ടിയാറെ മുട്ടിത്തിരിഞ്ഞു പോരികയല്ലയോ ചെയ്തതു? ഇവൾതന്നെ എന്നെ നിന്ദിച്ചതു പോരാഞ്ഞിട്ടു വേലക്കാരക്കൊണ്ടും നിന്ദിപ്പിച്ചില്ലയൊ?

എ.ഡ്രോമി – ഉവ്വു. യജമാനൻ പറയുന്നതത്രയും പരമാർത്ഥം തന്നേ.

അഡ്രി – കണ്ടോ വൈദ്യനെ. ആ ദ്രോഹിയുംകൂടെ അയാളോടു ഒത്തു പറഞ്ഞുകൊള്ളുന്നതു.

പിഞ്ചു – ഒവ്വേ അതു അവന്റെ പേരിൽ ഒരു കുറ്റമായിട്ടു എണ്ണേണ്ട. തലക്കുസ്ഥിരമില്ലാത്തവരോടു ഒത്തുപറഞ്ഞുകൊണ്ടില്ലെങ്കിൽ തല്ലുകൊണ്ടേക്കുമെന്നു ഭയന്നിട്ടായിരിക്കും.

എ.അന്റി – ഈ തട്ടാൻ എന്നെ ഇപ്രകാരം അപമാനിക്കുന്നതിന്നും നീയല്ലയോ ഇടവരുത്തിയതു. ഇതൊക്കയും മനസ്സറിഞ്ഞുകൊണ്ടു നീ ചെയ്തിട്ടുള്ളതാകുന്നു.

അഡ്രി – അയ്യോ ഡ്രോമിയോ അവിടെ വന്നു ഈ വിവരം പറഞ്ഞമാത്രെക്കു ഞാൻ അവന്റെ പക്കൽ പണം കൊടുത്തയച്ചുവല്ലോ.

എ.അന്റി – നീ ചെന്നു പണം ചോദിച്ചില്ലയോ.

അഡ്രി - ഉവ്വുവ്വു ഇവൻ വന്നു ചോദിച്ചു. ഉടനെതന്നേ ഞാൻ എടുത്തു കൊടുക്കയും ചെയ്തു.

ലൂസി - അതേയതേ. ഞാൻ ചാളികയെടുത്തുകൊണ്ടു വന്നു ജ്യേഷ്ഠത്തിയുടെ കയ്യിൽ കൊടുത്തു. അവർ അതു ഇവന്റെ പക്കലും കൊടുത്തു.

എ.ഡ്രോമി - ഞാൻ പോയതു ഒരു ചൂരൽ വാങ്ങിപ്പാൻ മാത്രമായിരുന്നു എന്നുള്ളതിന്നു പടച്ചതമ്പുരാനും ആ ചൂരൽ കച്ചവടക്കാരനും സാക്ഷി.

പിഞ്ചു - എന്നീ തള്ളേ എന്തിന്നേറെപ്പറയുന്നു. യജമാനനേയും ഭൃത്യനേയും ഒരുപോലെ പിശാചു ബാധിച്ചിരിക്കുന്നു സംശയമില്ല. അതുകൊണ്ടു ഇരുപെരെയും ബന്ധിച്ചു അല്പനേരത്തേക്കു ഒരു ഇരുട്ടുമുറിയിൽ കൊണ്ടുപോയി ഇടാമെങ്കിൽ ഞാൻ സൌഖ്യം വരുത്താം.

എ.അന്റി - (അഡ്രിയാനയോടു) നീ എന്നെപ്പുറത്തിട്ടു വാതിൽ അടെച്ചുകളകയും പണത്തിന്നു ആളയച്ചാറെ കൊടുത്തയക്കാതിരിക്കയും ചെയ്തതു എന്തുകൊണ്ടെന്നു ഇപ്പോൾ പറയണം.

അഡ്രി - എന്റെ പ്രിയ ഭർത്താവേ ഞാൻ നിങ്ങളെപ്പുറത്തിട്ടു വാതിൽ അടച്ചിട്ടില്ല.

എ.ഡ്രോമി - എന്റെ പ്രിയ യജമാനനെ ഇവർ ഇന്നു എന്റെ പക്കൽ പണം തന്നയച്ചിട്ടില്ല. നമ്മെപ്പുറത്തിട്ടു കതകു അടച്ചുകളഞ്ഞതു പരമാർത്ഥവും ആകുന്നു.

അഡ്രി - അമ്പേ ദുഷ്ടാ! നീ അപ്പറഞ്ഞതു രണ്ടും വ്യാജമല്ലയോ?

എ.അന്റി - അമ്പേ ദുഷ്ടേ! നീ ഇപ്പറയുന്നതശേഷവും ശുദ്ധമേ ഭോഷ്കല്ലയോ? ഈ ആഭാസന്മാരെ ഒക്കെയും കൂട്ടിക്കൊണ്ടു എന്നെ ഇപ്രകാരം അപമാനിക്കുന്നതിന്നു നിന്നോടു ഞാൻ തക്കപോലെ ചോദിക്കയില്ലെന്നോ ഭാവം?

അഡ്രി - എന്റെ വൈദ്യനെ ഇവരെ വേഗം പിടിച്ചു കെട്ടുക. അല്ലെങ്കിൽ എന്നോടു ഇപ്പോൾ വക്കാണം തുടങ്ങും.

പിഞ്ചു - രണ്ടുമൂവരെക്കൂടെ വിളിപ്പീനോ! ഉതറിക്കുന്നുവല്ലോ.

എ. അന്റി - അയ്യോ പാവോ! എന്നെക്കൊല്ലുന്നേ! എടോ ശിപായി തന്റെ തടവുപുള്ളിയായ എന്നോടു ഇവർ ഇപ്രകാരം ചെയ്യുന്നതിന്നു താൻ സമ്മതിച്ചുകൊടുക്കുന്നുവോ?

ശിപായി - അല്ലകൂട്ടരേ. പറഞ്ഞതിന്മണ്ണം ഇതെന്തൊരു കുത്താണെ. ഇയാൾ തടവുകാരനാണെ. വിടുവിൻ. വിടുവിൻ.

പിഞ്ചു - അവനേയും കെട്ടു. അവനേയും കെട്ടു. അവനും തലയ്ക്കു നല്ല തുമ്പില്ലെന്നു തോന്നുന്നു.

ശിപായി - ഒവ്വേ അതു ദക്ഷിണ മേടിപ്പാനുള്ള പണിക്കാണെന്നു തോന്നുന്നു. ചോരയുള്ള കോയിലോടു കളിക്കരുതെന്നു കേട്ടിട്ടില്ലയോ? ഇയാളെ വിട്ടാൽ ഞാൻ ഉത്തരം പറയേണ്ടിവരും.

അഡ്രി - ആകട്ടെടോ താൻ വരൂ. അയാൾ ആർക്കാണെ കൊടുപ്പാനുള്ളതു? എന്തുമാത്രം കൊടുപ്പാനുണ്ടു? ആ കാര്യം ഞാൻ തീർത്തുകൊള്ളാം. നിങ്ങൾ ഏതെങ്കിലും ഇവരെ വീട്ടിൽ കൊണ്ടുപോയി എന്താണെന്നാൽ ചെയ്‌വിൻ.

(വൈദ്യനും കൂട്ടരുംകൂടെ അന്റിപ്പോലസ്സിനേയും ഡ്രോമിയോയെയും പിടിച്ചുകെട്ടിക്കൊണ്ടുപോയി)

ശിപായി - (അഡ്രിയാനായോടു) അൻജീലോ എന്നു പേരായ തട്ടാനെ അറിയുമോ? അവനോടു നിങ്ങളുടെ കെട്ടിയവൻ ഒരു പൊന്മാല വാങ്ങിയിട്ടുണ്ടു. അതിന്റെ വില കൊടുത്തിട്ടില്ല.

അഡ്രി - എന്റെപേർക്കൊരു മാല തീർപ്പിക്കുന്നുണ്ടു എന്നു പറയുന്നതു കേട്ടു. എന്നാൽ അവിടെ കൊണ്ടുവന്നു കണ്ടില്ല.

വേശ്യ - അയാളുടെ വിരലേൽ കിടക്കുന്ന എന്റെ മോതിരം തട്ടിയെടുത്തുകൊണ്ടു പോന്നപുറകേ ഞാൻ വന്നപ്പോൾ ഒരു പൊന്മാല കഴുത്തിൽ കിടക്കുന്നതു ഞാൻ കണ്ടു.

അഡ്രി - ഉള്ളതായിരിക്കും. ഏതെങ്കിലും തട്ടാനെക്കണ്ടു ഇതിന്റെ വിവരം മുഴുവനും അറികതന്നെ.

(എന്നു പറഞ്ഞുകൊണ്ടു അവർ കുറെ അങ്ങോട്ടു നടന്നപ്പോൾ ലൂസിയാനാ പുറകോട്ടുനോക്കി. സൈറാക്ക്യൂസിലെ അന്റിപ്പൊലസ്സും ഡ്രോമിയോയും വാളൂരി കയ്യിൽ പിടിച്ചുകൊണ്ടു പാഞ്ഞുവരുന്നതു കണ്ടു ജ്യേഷ്ഠത്തിയോടു) "എന്റെ പൊന്നു ചേടുത്തീ ഇതാ അവർ കെട്ടുപൊട്ടിച്ചുംകളഞ്ഞു ഊരിയ വാളോടുകൂടെ നമ്മുടെനേരേ

പാഞ്ഞുവരുന്നു. നമ്മേ കൊന്നുപോകേയുള്ളൂ."

അഡ്രി - നമുക്കു ഇവിടെ കിടന്നു നിലവിളിച്ചു അഞ്ചാറുപേരെക്കൂടെ വിളിച്ചുകൂട്ടി ഇവരെ ഇനിയും പിടിച്ചുകെട്ടണം. "അയ്യോ പാവോ - കൂവെ കുക്കുക്കൂവേ - ഓടിവരീനോ - പിടിപ്പീനോ."

ശിപായി - ജീവൻ വേണമെന്നുണ്ടായിരുന്നാൽ ഓടിക്കൊൾവിൻ.

സൈ. അന്റി - എടാ ഈ കാർമ്മിണികൾക്കൊക്കെയും വാളിനോടു വലിയ മടുപ്പുതന്നെ.

സൈ. ഡ്രോമി - അതെയതേ. യജമാനനേ ഭർത്താവെന്നു വിളിച്ചുകൊണ്ടുവന്നവൾ ഇതാ ഇപ്പോൾ പറുപറെ ഓടുന്നു.

സൈ. അന്റി - വഴിയമ്പലത്തിൽ ചെന്നു നമ്മുടെ കെട്ടുംകെടയും ഒക്കെ എടുത്തു കപ്പലിൽ കേറിയെങ്കിൽ മാത്രമേ ജീവൻ കിട്ടിയെന്നു പറയാവൂ.

സൈ. ഡ്രോമി - ഒവ്വേ ഈ പട്ടണത്തിലുള്ളവർ നല്ല ജന്മാന്ത്രക്കാരാണെ - അവർ നമ്മോടു ഒരു ദോഷവും ചെയ്കയില്ല. അവർ നല്ലവാക്കു പറകയും നമ്മെ സല്ക്കരിക്കയും സ്വർണ്ണസരപ്പളിമാല മുതലായതു കൊണ്ടുവന്നു കാഴ്ചവെക്കയും ചെയ്യുന്നതു കണ്ടില്ലയോ? ഈ രാത്രി ഇവിടത്തന്നെ താമസിക്കേണം. മാഹാമേരുപോലെയുള്ള ആ ശനിയുടെ അസഹ്യം ഇല്ലായിരുന്നെങ്കിൽ എന്റെ ആയുസ്സുകാലം മുഴുവനും ഈ സൌമ്മ്യ ആളുകളുടെ ഇടയിൽതന്നെ കഴിച്ചുകൊള്ളുന്നതു ഇനിക്കു പൊന്നു സമ്മതം.

സൈ. അന്റി - എന്തെല്ലാം നന്മയുണ്ടായാലും ഞാൻ ഈ രാത്രി ഇവിടെത്താമസിക്കയില്ല. നീ വേഗം പോയി നമ്മുടെ സാമാനങ്ങൾ എടുത്തുകൊണ്ടുവരിക.

## 12

## അൻജീലൊയും വ്യാപാരിയും

അൻജീലോ - കഷ്ടം! ഞാൻ മുഖാന്തിരം നിങ്ങൾക്കു ഈ താമസത്തിന്നു ഇടവരുത്തിയതു ഓർത്താറെ വളരെ മനക്ലേശം ഉണ്ടു. എന്നാൽ എന്തു കാണിക്കുന്നു. മാല ഞാൻ അയാളുടെ കയ്യിൽ കൊടുത്തുപോയി. അയാൾ ഇപ്പോൾ ഈ അടാപിടി പറഞ്ഞുകൊള്ളുന്നതു എന്റെ കാലദോഷമെന്നല്ലാതെ ഒന്നും പറവാനില്ല.

വ്യാപാരി - നീ പിന്നെ ഒരു ആധാരവും കൂടാതെ അതു അയാളുടെ കയ്യിൽ കൊടുത്തുവല്ലൊ. അയാൾ എന്താ ഒട്ടു മാനര്യാദയായിപ്പൊറുക്കുന്നവനാണോ?

അൻജീലോ - കൊള്ളാം - മാനര്യാദയ്ക്കു രാജാവു കഴിഞ്ഞാൽ പിന്നെ ഈ നാട്ടിൽ അയാളോടു സമനായിട്ടു ആരുമില്ലാഞ്ഞു. ഇന്നു ഈ നേരുകേടു തുടങ്ങിക്കൊള്ളുന്നതെന്തൊരു കഷ്ടമെന്നു അറിയുന്നുമില്ല.

വ്യാപാരി - മെല്ലെപ്പറക. അയാൾ അല്ലയോ ആ വരുന്നതു?

അൻജീലോ - അതേ അയാൾ തന്നെ. കണ്ടോ തീരുമാനം കണ്ടിട്ടും കേട്ടിട്ടും ഇല്ലെന്നു പറഞ്ഞ മാല ഇപ്പോൾ അയാളുടെ കഴുത്തിൽ കിടക്കുന്നതു നോക്കൂ. വരൂ ഒന്നുകൂടെപ്പറഞ്ഞുനോക്കാം.

അൻജീലോ - ഞാൻ തന്റെ പക്കൽ മാല തരികയോ താൻ വാങ്ങുകയോ ഒന്നും ഉണ്ടായിട്ടില്ലെന്നു പറഞ്ഞു മര്യാദക്കാരനായ ഈ വ്യാപാരിയെത്താമസിപ്പിച്ചു ഈ ദുഷ്കീർത്തിക്കൊക്കെയും ഇടവരുത്തിയുംവെച്ചു ഇപ്പോൾ ബഹുജനങ്ങൾ കാൺകെ അതു ധരി

ച്ചുകൊണ്ടു നടപ്പാൻ ലജ്ജയില്ലാത്തതോർത്തിട്ടു ആശ്ചര്യം തോന്നുന്നു. എന്താ ഇനിയും മറുത്തു പറവാൻ ഭാവമുണ്ടോ? തന്റെ കഴുത്തിൽ കിടക്കുന്ന ഈ മാല ഞാൻ തന്നതല്ലയോ?

സൈ. അന്റി – നീ തന്നെ ആയിരിക്കും തന്നതു. ഞാനൊണ്ടോ അതില്ലെന്നു പറഞ്ഞു?

വ്യാപാരി – ഉവ്വു. ഇല്ലെന്നു പറക മാത്രമല്ല ആണയിടുകയുംകൂടെ ചെയ്തു.

സൈ. അന്റി – ഞാനോ? അതാരു കേട്ടിട്ടുണ്ടു.

വ്യാപാരി – അതേ താൻതന്നെ. താൻ പറയുന്നതു എന്റെ ചെവി കൊണ്ടു കേട്ടുവല്ലോ. ഛീ ആണുങ്ങൾക്കു ഇതുചിതമല്ലെടോ!

സൈ. അന്റി – എന്തെടാ ആഭാസാ നീ ഇപ്രകാരം നമ്മെ അപമാനിക്കുന്നതു.

വ്യാപാരി – നീയാണു ആഭാസൻ. നീ എന്നെ ആഭാസനെന്നു വിളിച്ചുവൊ? എന്നാൽ വാടാ നമുക്കു അരക്കൈ കണ്ടിട്ടുതന്നെ കാര്യം. (എന്നു പറഞ്ഞുകൊണ്ടു വാളൂരി ഓങ്ങിയപ്പോൾ അഡ്രിയാനാ മുതൽപേർ ഒട്ടുവളരെ ആളുകളോടുംകൂടെ വന്നു)

അയ്യോ ഒടേതമ്പുരാനെ ഓർത്തിട്ടു അയാളോടൊന്നും ചെയ്തുപോകരുതേ. നിങ്ങൾ ഇത്ര കണ്ണിച്ചോരയില്ലാത്തവരോ? അയാൾക്കു തലെക്കു നല്ല സ്ഥിരമില്ല. വല്ലവരും അങ്ങോട്ടുചെന്നു അയാളുടെ കയ്യിൽ ഇരിക്കുന്ന വാൾ ഇങ്ങു പിടിച്ചുപറിപ്പിൻ.

സൈ. ഡ്രോമി – യജമാനനേ ഇതു നല്ല കണക്കല്ല ഓടിക്കോ. ഓടി വല്ല വീട്ടിലും കേറിക്കോണ്ടില്ലെങ്കിൽ ഇവർ നമ്മോടു വല്ലതും ചെയ്യും. ഇതാ ഒരു ആശ്രമം. ഇവിടെക്കേറിക്കൊള്ളാം.

ആശ്രമത്തലവി – ഇതെന്താ കൂട്ടരെ നിങ്ങൾ എല്ലാവരുംകൂടെ ഇങ്ങോട്ടു ഉരുണ്ടുകേറുവാൻ തുടങ്ങുന്നതു?

അഡ്രി – എന്റെ ഭർത്താവും വേലക്കാരനും ഇങ്ങോട്ടു ഓടിക്കേറി. അവർക്കു തലെക്കു നല്ല സ്ഥിരമില്ലായ്കകൊണ്ടു അവരെപ്പിടിച്ചുകെട്ടി വീട്ടിൽ കൊണ്ടുപോയി ഇട്ട് ചികിത്സിപ്പാനായിട്ടാണെ ഞങ്ങൾ വന്നിരിക്കുന്നതു.

അൻജീലോ – ഇയ്യാൾക്കു ബുദ്ധിഭ്രമം പിടിച്ചിരിക്കുന്നതു പര

മാർത്ഥം തന്നെയാണല്ലൊ.

വ്യാപിര - അയ്യോ അയാളുടെ നേരെ ഞാൻ വാൾ ഓങ്ങിയതു പെരുത്തു കഷ്ടമായിപ്പോയി! അയാൾ പറഞ്ഞതെല്ലാം പിച്ചായിരുന്നുവല്ലൊ.

ആശ്രമത്തലവി - ഇവർക്കു ഇതു തുടങ്ങീട്ടു ഇപ്പോൾ എത്ര നാളായി?

അഡ്രി - തുടങ്ങിയതു ഈ ആഴ്ചയുടെ ആദ്യത്തിങ്കൽ തന്നെ ആയിരുന്നു എന്നു പറയാം. എന്നാൽ ഇന്നു ഉച്ചകഴിഞ്ഞതിൽപിന്നെ മാത്രമെ ഇത്ര അമ്പരപ്പായുള്ളു. അയ്യോ നിങ്ങൾ വല്ലവരും അകത്തോട്ടു കേറി അവരെപ്പിടിച്ചു കെട്ടിക്കൊണ്ടുവരുവിൻ.

ആശ്രമത്തലവി - ഇല്ലില്ല. ഇവിടെ ഒരു ഭൂതരും കേറിക്കൂടാ.

അഡ്രി - എന്നാലൊന്നു ചെയ്വിൻ. നിങ്ങളുടെ വേലക്കാരെക്കൊണ്ടു അവരെ പുറത്താക്കിച്ചുതരുവിൻ.

ആശ്രമത്തലവി - അതും സാധിക്കയില്ല. അവർ ഇങ്ങോട്ടു ഓടിക്കേറിയതു നിങ്ങളുടെ കയ്യിൽനിന്നു രക്ഷപെടുവാനിട്ടല്ലയോ? അതുകൊണ്ടു അവർക്കു സുബോധം വരുമോ ഇല്ലയോ എന്നു ഒന്നു നോക്കിയിട്ടുമാത്രമെ അവരെ ഞാൻ വിടുകയുള്ളു.

അഡ്രി - അതെന്താ നിങ്ങൾക്കു അത്ര വലിയ ഊറ്റം. അയാളുടെ ഭാര്യയാകകൊണ്ടു അയാൾക്കു വരുന്ന സുഖദുഃഖങ്ങളിലൊക്കയും അനുഭോഗക്കാരി ആകുവാനുള്ളവൾ ഞാനാണെ. ആ വകയ്ക്കു ഇന്നൊരു മുക്ത്യാർനാമക്കാരെ ആക്കുവാൻ ഭാവമില്ല.

ആശ്രമത്തലവി - അല്പം ക്ഷമിക്കെണമേ. നിങ്ങൾ പോയി വരുവിൻ. എന്റെ ശുദ്ധമുള്ള പ്രാർത്ഥനയാൽ ഇവരെ സൌഖ്യമാക്കാമോയെന്നു നോക്കട്ടെ. അതു ഞാൻ ചെയ്യെണ്ടിയ ഒരു പുണ്യപ്രവൃത്തിയാകകൊണ്ടു അതു കഴിക്കാതെ ഞാൻ ഇവരെ വിട്ടയക്കില്ല.

അഡ്രി - കൊള്ളാം. കൊള്ളാം. ഭാര്യാഭർത്താക്കന്മാരെ വേർപിരിക്കുന്നതിനോളം നല്ല പുണ്യപ്രവൃത്തി മറ്റൊന്നുമില്ല! അതുചിതമെന്നോ തോന്നിയിരിക്കുന്നത്?

ആശ്രമത്തലവി - മിണ്ടാതെ പോകേ വേണ്ടു. ഞാൻ ഇവരെ ഇപ്പോൾ വിടുകയില്ലെന്നു പറഞ്ഞതു കേട്ടില്ലയോ?

അഡ്രി - അതൊരുകാലവും ഉണ്ടാകയില്ല. ഞാൻ എന്റെ ഭർത്താവിനെ ഇവിടെ വിട്ടുംവെച്ചു പോകുമൊ?

ലൂസി - ജ്യേഷ്ടത്തീ നിങ്ങൾ അവരൊടു അത്ര കെഞ്ചുന്നതു എന്തിന്നു? ഇവിടെ ന്യായം കേൾക്കുന്ന സ്ഥലമില്ലായ്കകൊണ്ടോ?

അഡ്രി - ശരിതന്നെ. ഞാൻ ചൊവ്വെ രാജസന്നിധിലേക്കു ചെന്നു സാഷ്ടാംഗം വീണാൽ പിന്നെ എന്റെ സങ്കടത്തിന്നൊരു നിവാരണം വരുത്തിത്തന്നല്ലാതെ ഞാൻ അവിടെനിന്നു എഴുന്നീല്ക്കയില്ല.

വ്യാപാരി - എന്നാൽ അതിന്നു ഞാൻ ഒരു എളുപ്പവഴി പറയാം. നിങ്ങൾ രാജധാനിയിലോളം പോകണ്ടാ.

സൈറാക്ക്യൂസുകാരനായ ഒരു വ്യാപാരിയെ തൂക്കിപ്പാനായിട്ടു തിരുമനസ്സുകൊണ്ടു ഇപ്പോൾ ഇതിലെ എഴുന്നെള്ളും.

ലൂസി - കൊള്ളാം. എഴുന്നെള്ളത്തു ഈ ആശ്രമത്തിന്നപ്പുറം കടക്കുന്നതിന്നു മുമ്പേ ജ്യേഷ്ഠത്തി ചെന്നു സാഷ്ടാംഗം വീഴെണം.

## 13

# ഈജയിനെ തൂക്കിപ്പാനായിട്ടു രാജാവിന്റെ എഴുന്നെള്ളത്തു

രാജാവു - നമുക്കു ഈ വൃദ്ധന്റെ പേരിൽ എത്രയും കരുണ തോന്നുകയാൽ ഈയാളെ വീണ്ടുകൊൾവാൻ വല്ലവരും ഉണ്ടോ യെന്നു ഒരിക്കൽകൂടെ പ്രസിദ്ധപ്പെടുത്തുവിൻ. (എന്നു പറഞ്ഞ ഉടനെ അഡ്രിയാനാ ചെന്നു കാല്ക്കൽ വീണുകൊണ്ടു) പൊന്നു സ്വാമീ സങ്കടം തീർത്തു രക്ഷിപ്പാറാകണമേ - ഈ ആശ്രമത്തലവി എന്നോടു അന്യായം ചെയ്തിരിക്കുന്നു. (എന്നു നിലവിളിച്ചുപറഞ്ഞു)

രാജാവു - ആശ്രമത്തിലെ അഗ്രഗണ്യയായവരൊ? അവർ വളരെ സുകൃതവും മാനമര്യാദയും ഉള്ള ഒരു സ്ത്രീ ആകകൊണ്ടു അവർ ഒരുത്തരോടും അന്യായം ചെയ്യുന്നതല്ല.

അഡ്രി - പൊന്നു തിരുമേനി അവിടത്തെ കല്പനപ്രകാരം ഭർത്താവായി വരിച്ചിട്ടുള്ള അന്റിപ്പോലസ്സിനു അഞ്ചാറു ദിവസമായിട്ടു തലെക്കു നല്ല സ്ഥിരമില്ലാതെ ആയി. ഇന്നു അതു ഏറ്റവും കർശനം ആകകൊണ്ടു അയാളും അയാളെപ്പോലെതന്നെ പിച്ചനായ വേലക്കാരനുംകൂടെ കമ്പോളംതോറും നടന്നു പട്ടണവാസികളെ ഉപദ്രവിക്കയും അവരുടെ വീടുകളിൽ കേറി മോതിരം മുതലായ ആഭരണങ്ങൾ കൊള്ള ചെയ്കയും ചെയ്തപ്രകാരം കേട്ടു ഞാൻ ആളുവിളിച്ചു കൂട്ടിക്കൊണ്ടുചെന്നു. ഒരിക്കൽ അവരെ ഇരുപേരെയും ബന്ധിപ്പിച്ചു വീട്ടിലേക്കു കൊണ്ടുപോകുന്നതിനു പറഞ്ഞും വെച്ചു അവർ വരുത്തിയിരിക്കുന്ന അഴിമതികൾ നോക്കിക്കണ്ടു പ്രതികാരം ചെയ്യുന്നതിനു പുറപ്പെട്ടു. ഏതു വിധേനയോ അവർ കെട്ടുപൊട്ടിച്ചു വാൾ ഊരിപ്പിടിച്ചുകൊണ്ടു പിന്നെയും ഞങ്ങളുടെ പുറകേ വന്നശേഷം രണ്ടാമതും ഞാൻ ആളുവിളിച്ചുകൂട്ടി അവരെ വീണ്ടും ബന്ധിപ്പിപ്പാൻ ഭാവിച്ചാറെ അവർ ഈ ആശ്രമത്തിൽ ഓടിക്കേറിക്കളഞ്ഞു. അവരെ ക്കെട്ടിച്ചു വീട്ടിൽ കൊണ്ടുപോയി ഇട്ടു ചികിത്സിപ്പിക്കുന്നതിനായിട്ടു ഞങ്ങൾ ചെന്നശേഷം അവിടെയിരിക്കുന്ന "പുണ്യസ്ത്രീ" അവരെ അകത്തിട്ടു വാതിൽ അടച്ചുംകൊണ്ടു ഞങ്ങളെ ആട്ടി ഓടിച്ചിരിക്കുന്നു. തിരുമനസ്സിലെ കൃപയുണ്ടായിട്ടു അവരെ അവിടെ നിന്നിറക്കിത്തരുവിപ്പാറാകെണം.

രാജാവു - നമ്മുടെ ആഗ്രഹപ്രകാരം നിങ്ങൾ അയാളെ ഭർത്താവായി കൈക്കൊണ്ടിട്ടുള്ളതുകൊണ്ടും അയാൾ വളരെ നാൾ നമ്മേ സേവിച്ചു ഇവിടെയുണ്ടായിട്ടുള്ള യുദ്ധങ്ങളിൽ ഒക്കെയും കൂടെച്ചേർന്നു നമ്മെപ്രതി വളരെ കഷ്ടപ്പെട്ടിട്ടുള്ളതുകൊണ്ടും നമ്മാൽ കഴിയുന്ന സഹായങ്ങൾ ഒക്കെയും നിങ്ങൾക്കു ചെയ്തുതരാതെയിരിക്കയില്ല. എടാ വല്ലവരും അങ്ങോട്ടു ചെന്നു ആ സ്ത്രീയെ ഇവിടെ വിളിച്ചു കൊണ്ടുവരുവിൻ. ഈ കാര്യം തീർന്നിട്ടു മാത്രമെ നാം ഇവിടെനിന്നു പൊകുവാൻ ഭാവിച്ചിട്ടുള്ളു.

അഡ്രിയാനായുടെ ഒരു വേലക്കാരൻ - കൊച്ചമ്മേ കൊച്ചമ്മേ വേഗം വല്ലിടവും ഓടിപ്പൊയ്ക്കൊള്ളുക! യജമാനനും ഡ്രോമിയെയും കെട്ടു പൊട്ടിച്ചുംവെച്ചു അവിടെയുണ്ടായിരുന്ന വേലക്കാരികളെ ഒക്കെയും ആളാംപ്രതി എടുത്തിട്ടുതല്ലി. വൈദ്യനെപ്പിടിച്ചു കെട്ടി അങ്ങെരുടെ മീശെക്കു തീവെച്ചു. അതു കെടുത്തുവാനായിട്ടു ചേറും മറ്റും വാരി മുഖത്തു എറിഞ്ഞു. അങ്ങേരെ ഇട്ടുകൊണ്ടു പണി തീർക്കുന്നു. വേഗം വല്ലവരും സഹായത്തിന്നു ചെല്ലുന്നില്ലെങ്കിൽ താമസിയാതെ കൊലപാതകം ഉണ്ടായിപ്പോകും.

അഡ്രി - പോടാ വിഡ്ഢി. യജമാനനും ഡ്രോമിയെയും ഇവിടെ ഇരിക്കുമ്പോൾ നീ പറഞ്ഞതു പരമാർത്ഥമായ്വരുന്നതെങ്ങിനെ?

വേലക്കാരൻ - ഞാൻ പറഞ്ഞിട്ടുള്ളതത്രയും പരമാർത്ഥം തന്നെ. വൈദ്യനെ തല്ലുന്നതിനു ഇടയിൽ കൊച്ചമ്മ എവിടെയെന്നു അന്വെഷിക്കയും കയ്യിൽ കിട്ടിയാൽ തീ കൊണ്ടു പൊള്ളിച്ചു മുഖം വിരൂപമാക്കേണമെന്നു പറകയും ചെയ്യുന്നതു കേട്ടു. അല്ലല്ല ആ വരുന്നതാരെന്നു നോക്കൂ! ഓടിക്കോ ഓടിക്കോ!

രാജാവു - നിങ്ങൾ ഒട്ടും ഭ്രമിക്കേണ്ട. പട്ടാളക്കാർ അവരുടെ ചുറ്റും വളഞ്ഞുനില്പിൻ.

അഡ്രി - ആ വരുന്നതു എന്റെ ഭർത്താവുതന്നെ. അവർ ഇരുപെരും ഇപ്പോൾ ഈ ആശ്രമത്തിലേക്കു ഓടിക്കേറുന്നതു നാം എല്ലാവരും കണ്ടില്ലയോ? ഇതിനിടയിൽ ഇവർ വീട്ടിൽ ചെന്നു ഈ ധൃതിയൊക്കയും ഉണ്ടാക്കിയുംവെച്ചു വരുന്നതെന്തൊരു വിസ്മയം എന്നറിഞ്ഞുകൂടാ.

(എന്നു പറഞ്ഞുകൊണ്ടു നില്ക്കുമ്പോൾ എഫേസൂസിലെ

അന്റിപ്പോലസ്സു വന്നു രാജസന്നിധിയിൽ സാഷ്ടാംഗം വീണു കൊണ്ടു)

പൊന്നുടയതെ അവിടത്തെ ജീവരക്ഷയ്ക്കായി ഞാൻ ഏറ്റി ട്ടുള്ള മുറിവുകളെ ഓർത്തിട്ടു എന്റെ സങ്കടം കേൾപ്പാറാകെണം. (എ ന്നുണർത്തിച്ചു)

ഈജയിൻ - മരണഭീതികൾകൊണ്ടു ഇനിക്കു തോന്നിപ്പോക മാത്രമല്ലെങ്കിൽ ഞാൻ എന്റെ മകനായ അന്റിപ്പൊലസ്സിനേയും അവന്റെ വേലക്കാരനായ ഡ്രോമിയോയെയും കാണുന്നു.

എ.അന്റി - തിരുമനസ്സിലെ കല്പനപ്രകാരം ഞാൻ വിവാഹം ചെയ്തിട്ടുള്ള ഈ സ്ത്രീ ഇന്നു എന്നോടു ചെയ്തിരിക്കുന്ന ദോഷവും കാണിച്ചിരിക്കുന്ന നിന്ദയും ഇനിക്കു വരുത്തിയിരിക്കുന്ന അപമാനവും ഒക്കെ ഓർത്താൽ സഹിയാവതല്ലായ്കകൊണ്ടു എന്റെ സങ്കടത്തിന്നു ഒരു നിവാരണം വരുത്തിത്തരുമാറാകേണം.

രാജാവു - ആകട്ടെ കാര്യമെന്തെന്നു ഗ്രഹിച്ചാൽ പിന്നെ അതു തീർക്കുന്നതിലേക്കു നോം താല്പര്യപ്പെടാം.

എ.അന്റി - ഇവൾ ഇന്നേ ദിവസി ഇനിക്കു തീൻ തരാതെ എന്നെ പ്പുറത്തിട്ടു വാതിലും അടച്ചുംകൊണ്ടു ജാരന്മാരോടുകൂടി ഉല്ലസിച്ചി രിക്കുന്നു.

രാജാവു - അപ്പറഞ്ഞതു സത്യമെങ്കിൽ മഹാ കഷ്ടം തന്നെ! അല്ലെയോ സ്ത്രീ നിന്റെ കെട്ടിയവൻ ബോധിപ്പിച്ചിട്ടുള്ളതു പര മാർത്ഥം തന്നെയൊ?

അഡ്രി - അയ്യോ മനസ്സാ വാചാ കർമ്മണാ അറിഞ്ഞിട്ടുള്ള ഒരു കാര്യമല്ലേ ഇപ്പറഞ്ഞുകൊള്ളുന്നതു. ഇന്നു ഉച്ചെക്കു ഞാനും ഇങ്ങേരും എന്റെ അനുജത്തിയും എല്ലാം ഒരുമിച്ചിരുന്നാണെ തീൻ കഴിച്ചിട്ടുള്ളതു.

ലൂസി - ഇവർ തിരുമനസ്സറിയിച്ചിരിക്കുന്നതു പരാർത്ഥം അല്ലെന്നു വന്നാൽ ഇപ്പോൾതന്നെ തല വെട്ടിക്കൊള്ളുന്നതു സമ്മതം.

അൻജീലോ - അമ്പേ കള്ളികൾ. ഇവർ ഇപ്പറഞ്ഞതു കബന്ധ മല്ലാകുന്നു. ഭ്രാന്തനെങ്കിലും ഇക്കാര്യത്തിൽ നേരു അയാളുടെ പക്ക ലാകുന്നുവല്ലൊ.

എ.അന്റി - പൊന്നു തിരുമേനി ഞാൻ കുടിച്ചു മത്തു പിടിച്ചിട്ടു

ണ്ടെങ്കിലും എന്റെ ബുദ്ധിക്കു ഭ്രമം പിടിച്ചിട്ടെങ്കിലും പറയുന്നു എന്നു ഓർത്തുപോകരുതെ. ഞാൻ ഇന്നു സഹിച്ചിട്ടുള്ള ദണ്ഡങ്ങളൊക്കെയും ഏതൊരു ബുദ്ധിമാനെയും ഭ്രമിപ്പിക്കത്തവയാകുന്നു. ഇവൾ ഇന്നു ഇനിക്കു ഭക്ഷണം തരാതെ എന്നെപ്പുറത്തിട്ടു കതകു അടച്ചുകളകയാൽ ഞാനും ബൽതാസ്സേറുംകൂടെ വേറൊരു അഗാരത്തിൽ ചെന്നു ഊണു കഴിച്ചെന്നുള്ളതിന്നു ആ നില്ക്കുന്ന സ്ത്രീയും ഈ തട്ടാനും സാക്ഷിയുണ്ടു. ഈ തട്ടാനൊടു മാല തീർത്തു പോർക്ക്യുപ്പൈനിൽ കൊണ്ടുവരത്തക്കവണ്ണം പറഞ്ഞിരുന്നാറെ കാണായ്കയാൽ തിരക്കി ഇറങ്ങി കമ്പോളത്തിൽ വന്നപ്പോൾ ഇവനും ആ നില്ക്കുന്ന വ്യാപാരിയുംകൂടെ ഒരു പോലീസ്സുനായ്ക്കനെകൂട്ടിക്കൊണ്ടുവന്നു. ഞാൻ മാല വാങ്ങീട്ടു വില കൊടുക്കാത്തതെന്തുകൊണ്ടെന്നും പറഞ്ഞു. വെറുതെ തീരുമാനം കണ്ടിട്ടും കേട്ടിട്ടും ഇല്ലാത്ത ഒരു കാര്യത്തിന്നുവേണ്ടി എന്നെപ്പിടിപ്പിച്ചു. വല്ലവിധേനയും അവരുടെ കയ്യിൽനിന്നു രക്ഷപെടുവാനായിട്ടു ഏതാനും പണം കൊണ്ടുവരുവാൻ ഇവനെ വീട്ടിലേക്കു അയച്ചാറെ വെറുങ്കയ്യായി മടങ്ങിവരികകൊണ്ടു ആ ശിപായിയോടു ഇണങ്ങിക്കൂടി നല്ലവാക്കു പറഞ്ഞു അയാളെ വീട്ടിലോളം കൊണ്ടുപോകുവാൻ ഭാവിച്ചു. ഒട്ടുവഴി ചെല്ലുമ്പോൾ ഇവളും അനുജത്തിയും കൂടെയൊട്ടുവളരെ പുരുഷാരവും വരുന്നതു കണ്ടു. അക്കൂട്ടത്തിൽ പിഞ്ചെന്നു പേരായിട്ടൊരു മന്ത്രവാദിയും ഉണ്ടായിരുന്നു. അവൻ വന്നോണെ വന്നു എന്റെ കൈനാഡി പിടിച്ചുനോക്കി എന്നെപ്പിശാചു ബാധിച്ചിട്ടുണ്ടെന്നു പറഞ്ഞുംകൊണ്ടു എന്നെയും വേലക്കാരനെയും ബന്ധിച്ചു ഒരു ഇരുട്ടുമുറിയിൽ കൊണ്ടുപോയി ഇട്ടു വളരെ ദുഃഖിപ്പിച്ചു. ഒടുക്കം ഞങ്ങൾ ഒരു പ്രകാരത്തിൽ ആ കെട്ടുകളൊക്കെയും കടിച്ചു പൊട്ടിച്ചുംവച്ചു ഞങ്ങളുടെ സങ്കടം ബോധിപ്പിപ്പാനായി ഇവിടേക്കു വന്നിരിക്കുന്നു.

അൻജീലൊ - ഇങ്ങേർ ഇന്നുച്ചക്കു വീട്ടിൽ ചെന്നപ്പോൾ വാതിൽ അടച്ചിരിക്കുന്നതുകണ്ടു. ഏറിയനേരം മുട്ടി വിളിച്ചാറെ അതും ഇതും നിന്ദ്യമായ വാക്കുകൾ പറഞ്ഞതല്ലാതെ ആരും വന്നു കതകു തുറക്കായ്കയാൽ മറ്റെങ്ങാണ്ടോ പോയി തീൻ കഴിച്ചതു പരമാർത്ഥം തന്നെ.

രാജാവു - അതു കിടക്കട്ടെ. നീ ഇവന്റെ പക്കൽ മാല കൊടുത്തെന്നു പറയുന്നതു സത്യമൊ?

അൻജീലൊ - കൊടുത്തെന്നു പറയുന്നതു സത്യമെന്നൊ?

അല്പംമുമ്പെ ഇങ്ങേരുടെ കഴുത്തിൽ ആ മാല കിടക്കുന്നതു ഇവരൊക്കെയും കണ്ടിട്ടുണ്ടു.

വ്യാപാരി - ഇയാൾ ആദ്യം കമ്പോളത്തിൽവച്ചു മാല വാങ്ങിയിട്ടില്ലെന്നു പറകയും പിന്നീടു കഴുത്തിൽ കിടക്കുന്നതു കണ്ടുകൊണ്ടു ചോദിച്ചപ്പോൾ സമ്മതിക്കയും ചെയ്കയാൽ ഞങ്ങൾ തമ്മിൽ ഒരു വാഗ്വാദം ഉണ്ടായി. ഞാൻ വാൾ ഊരിയപ്പോൾ ആ ആശ്രമത്തിലോട്ടു ഓടിക്കേറിയെന്നുള്ളതിന്നു ഞാൻ ഒരു സാക്ഷിയാണെ. എന്നാൽ അവിടെ നിന്നു ഏതുവിധത്തിൽ പുറത്തിറങ്ങിയിട്ടിപ്പോൾ മറ്റേടത്തു നിന്നു വരുന്നെന്നു ഓർത്തിട്ടു വളരെ അത്ഭുതവും തോന്നുന്നു.

എ.അന്റി - ഞാൻ ആ മാല കാൺകയൊ ഈയാൾ എന്റെ നേരെ വാൾ ഓങ്ങുകയൊ ഞാൻ ആശ്രമത്തിൽ ഓടിക്കേറുകയൊ ഒന്നുംതന്നെ ഉണ്ടായിട്ടുള്ളതല്ലെന്നുള്ളതിന്നു സർവ്വേശ്വരൻതന്നെ സാക്ഷി.

രാജാവു - ഇതെന്തൊരു കൊനഷ്ടാണെ. നിങ്ങൾ എല്ലാവരും കേവലം കുടിച്ചിരിക്കുന്നെന്നു തോന്നുന്നു. ഇവനെ വീട്ടിൽ ഇട്ടു അടച്ചിരുന്നെങ്കിൽ അവിടെത്തന്നെ കിടക്കുമായിരുന്നു. ഭ്രാന്തുണ്ടെങ്കിൽ ഇത്ര വിവരംവഴി കാര്യങ്ങളൊന്നും ബോധിപ്പിക്കയില്ലാഞ്ഞേനെ. ഉച്ചെക്കു വീട്ടിൽ വച്ചു ഭക്ഷണം കഴിച്ചു എന്നു നിങ്ങളും തട്ടാൻ അതിനെ നിഷേധിച്ചും പറയുന്നു. ഇനിയും നിന്റെ വായ്മൊഴി ഒന്നു കേൾക്കട്ടെടാ ഡ്രോമിയോ.

എ.ഡ്രോമി - യജമാനൻ ഇന്നു ആ നില്ക്കുന്ന സ്ത്രീയുടെ വീട്ടിൽ ചെന്നാണെ തീൻ കഴിച്ചതു.

വേശ്യ - ഉവ്വു. അപ്പോഴത്രെ എന്റെ മോതിരം തട്ടിയെടുത്തതു.

എ.അന്റി - ഈ മോതിരം അവളുടേതുതന്നെ.

രാജാവു - ഈയാൾ ആശ്രമത്തിലോട്ടു ഓടിക്കേറുന്നതു നീ കണ്ടുവോ?

വേശ്യ - ഉവ്വു കണ്ടു.

രാജാവു - ഇതു മഹാവിസ്മയംതന്നെ! എടാ വല്ലവരും ചെന്നു ആ ആശ്രമവിചാരക്കാരത്തിയെ ഇവിടെ വിളിച്ചുകൊണ്ടുവരിക. ഇവർക്കാർക്കും തലെക്കു നല്ല സ്ഥിരം ഉണ്ടെന്നു തോന്നുന്നില്ല.

ഈൗജയിൻ - ഞാൻ ഒരു വാക്കുകൂടെ പറഞ്ഞുകൊള്ളട്ടെ. ഭാഗ്യം പോലെ എന്റെ ജീവനെ രക്ഷിപ്പാൻ വേണ്ടും പണം തന്നു എന്നെ വിടുവിക്കുന്നതിന്നു ഒരു ആൾ ഉണ്ടായിരിക്കുന്നു. ഡ്രോമിയോ നിങ്ങൾ എന്നെ ഓർക്കുന്നില്ലയോ?

എ.ഡ്രോമി - ഉവ്വു ഓർക്കുന്നുണ്ടു. കുറെ മുമ്പു ഞങ്ങളും തന്നെപ്പോലെ ബന്ധിക്കപ്പെട്ടവരായിരുന്നു. താനും പിഞ്ചെന്ന വൈദ്യന്റെ അധീനതയിൽ അകപ്പെട്ടുവോ അതില്ല.

ഈൗജയിൻ - അന്റിപ്പോലസ്സെ നീയെന്താ ഒരുനാളും കണ്ടിട്ടില്ലാത്ത ഭാവം നടിച്ചുകളയുന്നതു? നീ എന്നെ നല്ലപോലെ അറിവാൻ ഇടയുണ്ടല്ലൊ.

എ.അന്റി - എന്റെ മൂപ്പീന്നേ ഞാൻ എന്റെ ഈ ആയുസ്സോടു ഇടയിൽ ഇന്നു മാത്രമല്ലാതെ തന്നെ ഒരിക്കലും കണ്ടിട്ടില്ല.

ഈൗജയിൻ - ദുഃഖംകൊണ്ടും മറ്റും എന്റെ മുഖഭാവം മാറിപ്പോയെന്നിരുന്നാലും എന്റെ ശബ്ദം ഓർക്കേണമെല്ലൊ.

എ.അന്റി - ഞാൻ ഒട്ടു ശബ്ദവും ഓർക്കുന്നില്ല.

ഈൗജയിൻ - നീയോടാ ഡ്രോമിയോ?

എ.ഡ്രോമി - എന്നോടൊ ചോദിക്കയും വേണ്ടായെല്ലൊ.

ഈൗജയിൻ - എടാ അറിയുമെന്നു പറയുന്നതിൽവെച്ചു നിനക്കൊരു മാനഹാനിയും വന്നുപോകയില്ലെ. എന്നാൽ എന്റെ മകനായ അന്റിപ്പോലസ്സേ ഈ ഏഴുവർഷത്തോടിടയിൽ നീ എന്നെ അശേഷം മറന്നുപോയതോർത്താറെ വളരെ അത്ഭുതം തോന്നുന്നു.

എ. അന്റി - ഇനിക്കു ഓർമ്മയായതിൽപിന്നെ ഒരിക്കലും എന്റെ അപ്പനെക്കണ്ടിട്ടില്ല.

ഈൗജയിൻ - എടാ കുഞ്ഞെ ഏഴു വർഷത്തിന്നുമുമ്പേ സൈറാക്ക്യൂസിൽവെച്ചു നാം തമ്മിൽ വേർപിരിഞ്ഞതു നീ ഓർക്കുന്നില്ലയോ? പക്ഷേ ഇപ്പടുതിയിൽ നില്ക്കുന്ന എന്നെ അപ്പനെന്നു വിളിക്കുന്നതു അസാരം മദ്ധ്യമമെന്നു കരുതീട്ടായിരിക്കും ഇപ്രകാരം പറഞ്ഞുകൊള്ളുന്നതു.

എ.അന്റി - അതു അങ്ങിനെയല്ല എന്നുള്ളതിന്നു തിരുമനസ്സുകൊണ്ടു സാക്ഷിപറയും. സൈറാക്ക്യൂസെന്ന ദേശം ഞാൻ ഒരിക്കലും കണ്ടിട്ടില്ല.

## 14

# ആശ്രമവിചാരക്കാരത്തിയും സൈറാക്ക്യൂസിലെ അന്റിപ്പൊലസ്സും ഡ്രോമിയൊയും

ആശ്രമവിചാരക്കാരത്തി - പൊന്നു തിരുമേനി ഇതാ വളരെ കഷ്ടങ്ങൾ സഹിച്ച ഒരുത്തനെക്കണ്ടാലും.

അഡ്രി - അല്ലല്ല ഇതെന്തൊരു കൂത്തു! ഞാൻ രണ്ടു ഭർത്താക്കന്മാരെക്കാണുന്നതു സത്യമൊ? അതോ ഇനിക്കു അങ്ങിനെ തോന്നുന്നതെയുള്ളോ?

രാജാവു - ഇവരിൽ ഒരുത്തൻ സാക്ഷാലുള്ളവനും മറ്റേതു അവന്റെ പ്രതിബിംബവും ആകുന്നു. അങ്ങിനെ തന്നെ ഒരു ഡ്രോമിയോ സാക്ഷാലുള്ളവനും മറ്റേതു പ്രതിബിംബവും ആകുന്നു. എന്നാൽ സാക്ഷാലുള്ളവനേതു പ്രതിച്ഛായ ഏതു എന്നെങ്ങിനെ അറിഞ്ഞുകൊള്ളുന്നു.

സൈ. ഡ്രോമി - സാക്ഷാലുള്ള ഡ്രോമിയോ ഞാനാണെ. മറ്റവനെത്തള്ളിക്കളക.

എ.ഡ്രോമി - അങ്ങിനെയല്ല. സാക്ഷാലുള്ളവൻ ഞാനാണെ. എന്നെ നിർത്തിക്കൊള്ളുക.

സൈ. അന്റി - (ഈജയിനോടു) നിങ്ങളുടെ പേർ ഈജയിനെന്നല്ലയൊ?

സൈ. ഡ്രോമി - അയ്യോ എന്റെ വല്യെജമാനനൊ? ഇങ്ങേരെപ്പിടിച്ചുകെട്ടി ഇവിടെക്കൊണ്ടുവന്നു നിറുത്തിയിരിക്കുന്നതാർ?

ആശ്രമവിചാരക്കാരത്തി - അതു ആരുതന്നെ ആയാലും ഞാൻ ഈ കെട്ടുകളെ അഴിച്ചു എന്റെ ഭർത്താവിനെ സ്വാതന്ത്ര്യപ്പെടുത്തി വിടും. സുന്ദരപുരുഷന്മാരായ രണ്ടു ആൺകുട്ടികളെ ഇരുപത്തേഴു വർഷംമുമ്പേ പ്രസവിച്ച എമീലിയ എന്നവളുടെ ഭർത്താവായ ഈജയിൻ നിങ്ങൾ തന്നെ അല്ലയോ?

ഈജയിൻ - ഞാൻ സ്വപ്നം കാണുന്നില്ലെങ്കിൽ നീ എമീലിയാ തന്നെയെന്നു തോന്നുന്നു. നീ അവൾ തന്നെയെങ്കിൽ നിന്നോടുകൂടെ ഉണ്ടായിരുന്ന മകന്നു എന്തുവന്നെന്നു പറക.

ആശ്രമത്തലവി - എന്നെയും അവനേയും ഡ്രോമിയോമാരിൽ ഒരുവനെയും എപ്പിഡാമ്നമിലുള്ളവർ പിടിച്ചുകേറ്റിയശേഷം കൊറിന്തിലേ മുക്കവരിൽ ചിലർ വന്നു നമ്മുടെ മകനേയും ഡ്രോമിയോയേയും അവരുടെ കയ്യിൽനിന്നു ബലാല്ക്കാരത്തോടെ പിടിച്ചു പറിച്ചുകൊണ്ടു പൊയ്ക്കളഞ്ഞു. അതിൽപിന്നെ അവർക്കെന്തു ഭവിച്ചോ അറിയുന്നില്ല. ഞാൻ കുറെ നാൾ എപ്പിഡാമ്നിൽതന്നെ താമസിച്ചു. പിന്നെ ഇവിടെവന്നു ഇക്കാണുന്ന സ്ഥിതിയിൽ ആയെന്നല്ലാതെ എന്തു പറവാനുള്ളു.

രാജാവു - ഓഹോ ഇപ്പോൾ നമുക്കു എല്ലാം മനസ്സിലായിരിക്കുന്നു. ഈജയിൻ മുമ്പേ പറഞ്ഞിട്ടുള്ളതൊക്കെയും ഓർത്താറെ തരം തിരിച്ചറിഞ്ഞുകൂടാത്തവണ്ണമുള്ള ഈ അന്റിപ്പൊലസ്സന്മാർ ഇരുപേരും ഈജയിന്റെ പുത്രന്മാരും ഈ എമീലിയാ അവരുടെ മാതാവും. അങ്ങിനെതന്നെ ഡ്രോമിയോമാർ ഇരുപേരും അന്റിപ്പോലസ്സന്മാരുടെ ഭൃത്യന്മാരും ആകുന്നു. അന്റിപ്പോലസ്സെ നീയല്ലയോ കോറന്തിൽനിന്നു വന്നവൻ?

സൈ. അന്റി - അല്ല തിരുമേനി. ഞാൻ സൈറാക്ക്യൂസിൽനിന്നാണെ വന്നതു.

രാജാവു - നില്ലു നീയങ്ങോട്ടു മാറിനില്ക്കൂ. നിങ്ങളെ ഇരുപെരെയും തമ്മിൽ തിരിച്ചറിഞ്ഞുകൊൾവാൻ വഹിയായല്ലൊ.

എ.അന്റി - ഞാൻ ആകുന്നു കോറന്തിൽനിന്നു വന്നതു.

എ.ഡ്രോമി - ഞാനും യജമാനനോടുകൂടെ കോറന്തിൽ വന്നവനാകുന്നു.

എ.അന്റി - നിങ്ങളുടെ അമ്മാവനായ മെനഫൻ രാജാവായിരു

ന്നുവല്ലോ ഞങ്ങളെ ഇവിടെ കൊണ്ടുവന്നതു.

അഡ്രി - നിങ്ങൾ ഇരുപെരിൽ ആരായിരുന്നു ഇന്നു എന്നോടു കൂടെ തീൻ കഴിച്ചതു?

സൈ. അന്റി - അതു ഞാൻതന്നെ ആയിരുന്നു.

അഡ്രി - (എപ്പേസൂസിലെ അന്റിപ്പോലസ്സിനോടു) അങ്ങിനെ വരട്ടെ - താൻ ആകുന്നു എന്റെ ഭർത്താവു അല്ലയോ?

എ.അന്റി - അല്ലല്ല. ഇനിക്കു നിന്നോടു യാതൊരു സംബന്ധവുമില്ല.

സൈ. അന്റി - ഞാൻ അല്ല എന്നു അപ്പോൾ പറഞ്ഞപോലെ ഇപ്പോഴും പറയുന്നു. എന്നാൽ നിങ്ങൾ എന്നെ ഭർത്താവെന്നും നിങ്ങളുടെ അനുജത്തി എന്നെ ജ്യേഷ്ഠനെന്നും വിളിക്കയുണ്ടായി. ഞാൻ ഇപ്പോൾ കാൺകയും കേൾക്കയും ചെയ്യുന്നതു ഒരു സ്വപ്നമെന്നു വരാതിരുന്നാൽ അപ്പോൾ നിങ്ങളുടെ അനുജത്തിയോടു പറഞ്ഞതു ഇപ്പോൾ നിവൃത്തിക്കാം.

അൻജീലോ - ഇതെല്ലാകുന്നു എന്നോടു വാങ്ങിയ മാല.

സൈ. അന്റി - അതേ അങ്ങിനെതന്നെ ആയിരിക്കും. ഞാൻ ഇതുവരെയും അതിന്നു വിരോധം പറഞ്ഞിട്ടില്ലല്ലോ.

എ.അന്റി - കണ്ടോ ഈ മാലെക്കു വേണ്ടിയല്ലയോ നീ എന്നെ ഇപ്രകാരമൊക്കെയും അപമാനിച്ചതു.

അൻജീലോ - ഉവ്വു എന്നാൽ അതു അറിയാതെ വന്നുപോയിട്ടുള്ളതാകകൊണ്ടു എന്നോടു ക്ഷമിച്ചുകൊള്ളണം.

അഡ്രി - നിങ്ങൾ പറഞ്ഞയച്ചിട്ടു ഡ്രോമിയോ വന്നു പണം വാങ്ങിക്കൊണ്ടു പോന്നുവല്ലോ.

സൈ. അന്റി - എന്നാൽ അപ്പണം എന്റെ പക്കലാണെ വന്നു ചേർന്നതു. ഇത്തപ്പിതങ്ങളൊക്കയും ഉണ്ടായതു ആൾമാറാട്ടം വന്നുപോകകൊണ്ടത്രെ. എന്റെ വേലക്കാരനെക്കണ്ടു ഇങ്ങേരുടെ വേലക്കാരനെന്നും ഇയ്യാളുടെ വേലക്കാരനെക്കണ്ടു എന്റെ വേലക്കാരനെന്നും അങ്ങിനെതന്നെ എന്നെ ഇയ്യാളെന്നും ഇയ്യാളെ ഞാനെന്നും എല്ലാവരും കരുതിപ്പോയി.

എ.അന്റി - എന്നാൽ അപ്പണം എന്റെ അപ്പനെ വിടുവിക്കുന്ന

വകെക്കിരിക്കട്ടെ.

രാജാവു - അതു വേണമെന്നില്ല. നിങ്ങളുടെ അച്ഛന്നു നാം മാപ്പുകൊടുത്തിരിക്കുന്നു.

വേശ്യ - എന്റെ മോതിരമൊ?

എ.അന്റി - ഇതാ കൊണ്ടുപൊയ്ക്കൊൾക.

ആശ്രമത്തലവി - പൊന്നു തിരുമേനി കൃപയുണ്ടായിട്ടു ഇവിടെ കൂടിയിരിക്കുന്ന ഈ ആളുകളോടെല്ലാവരൊടുംകൂടെ ഈ ആശ്രമത്തിൽ എഴുന്നെള്ളിയിരുന്നു ഞങ്ങളുടെ വൃത്താന്തം മുഴുവനും വിവരംപോലെ കേട്ടെങ്കിൽ കൊള്ളായിരുന്നു. ഈ ഒരു ദിവസംകൊണ്ടു ഉണ്ടായ സഹതാപയോഗ്യമായ തപ്പുതലിനാൽ എന്തെല്ലാം ഖേദങ്ങൾ ആർക്കെല്ലാം ഉണ്ടായിരിക്കുന്നുവോ അവരൊക്കയും ഞങ്ങളോടുകൂടെപ്പോന്നാൽ തക്കതായ പ്രതികാരം ചെയ്യാൻ ഞങ്ങൾ ഒരുങ്ങിയിരിക്കുന്നു. "എൻ പ്രിയ മക്കളെ നിങ്ങളെച്ചൊല്ലി ഇരുപത്തഞ്ചു സംവത്സരമായി ഇനിക്കുണ്ടായിരുന്ന സന്താപോല്ക്കാരം ഇപ്പോൾ ഈ നാഴികയിൽ മാത്രമേ തീരുന്നുള്ളൂ." ഏറിയ ദുഃഖത്തിന്റെ ശേഷം ഉണ്ടായിരിക്കുന്ന സന്തോഷത്തെപ്പുണർത്തി വരുത്തുവാനായിട്ടു ഒരു വിരുന്നു കഴിപ്പാൻ ഞാൻ ഭാവിച്ചിരിക്കുന്നു. അതിൽ എന്റെ ഭർത്താവും മക്കൾ ഇരുപേരും അവരുടെ പരിചാരകന്മാരായ ഡ്രോമിയോമാരും ഓഹരിക്കാരാകുന്നതുകൂടാതെ തിരുമനസ്സുകൊണ്ടും കൂടെ ഉൾപ്പെടേണമെന്നു ഞങ്ങൾ ആഗ്രഹിക്കുന്നു.

രാജാവു - നിങ്ങളുടെ വിരുന്നിൽ കൂടുന്നതിന്നു നമുക്കു വളരെ സന്തോഷം. (എന്നു കല്പിച്ചശേഷം എല്ലാവരും കൂടെ ആശ്രമത്തിലേക്കു പുറപ്പെട്ടു)

സൈ. ഡ്രോമി - യജമാനനെ ഞാൻ ചെന്നു നമ്മുടെ സാമാനങ്ങൾ കപ്പലിൽനിന്നു തിരികെ ഇറക്കിക്കൊണ്ടു വരട്ടോ?

എ.അന്റി - നിന്നോടു ആരുപറഞ്ഞു എന്റെ സാമാനങ്ങൾ കൊണ്ടുപോയി കപ്പലിൽ കേറ്റുവാൻ?

സൈ. അന്റി - സഹോദരാ അവൻ എന്നോടാ പറയുന്നതു. എടാ ഞാനാടാ നിന്റെ യജമാനൻ. അതു പൊയ്ക്കൊള്ളട്ടെ. നീയിങ്ങു പോരെ. നിന്റെ സഹോദരനെച്ചുംബിച്ചു അവനോടുകൂടെ സന്തോഷിച്ചുകൊൾക. നാം അന്വേഷിച്ചിറങ്ങിയ കാര്യം സാധിച്ചിരിക്കുന്നു.

(എന്നു പറഞ്ഞുംവെച്ചു അവർ മുമ്പും ഇവർ പുറകും ആയി നടന്നു)

സൈ. ഡ്രോമി - സഹോദരാ നിങ്ങളുടെ വീട്ടിൽ ഒരു തടിച്ച ചങ്ങാതിയുണ്ടു. അവൾ എന്നെ ഭർത്താവെന്നു വിളിച്ചുകൊണ്ടു പുറകെ വന്നു. അതെന്റെ സഹോദരി ആയിരിക്കും ഇല്ലയോ?

എ.ഡ്രോമി - എന്റെ പ്രിയ ജ്യേഷ്ഠാ താൻ എന്റെ പ്രതിചരായ യല്ലാകുന്നു. വന്നാട്ടെ നമുക്കു അവരുടെ സന്തോഷത്തിൽ കൂടെച്ചെന്നുകൂടാം.

സൈ. ഡ്രോമി - ഞാനല്ല താനായിരിക്കും മൂത്തതു?

എ.ഡ്രോമി - അത്തർക്കമിപ്പോൾ തീർപ്പാൻ തെല്ലു വിഷമം പോലിരിക്കുന്നുവല്ലൊ.

സൈ.ഡ്രോമി - അതിനൊരു കാര്യം ചെയ്യാം മൂത്തതാരെന്നു അറിഞ്ഞാൽ ആ ആളിന്നൊരു അടയാളം വെക്കാം. അതുവരെ താൻതന്നെ ജ്യേഷ്ഠനായി നടന്നുകൊള്ളൂ.

എ.ഡ്രോമി - സഹോദരാ അതിനെക്കാൾ നല്ല ഒരു കൗശലം ഞാൻ പറയാം. നാം ഇരുപെരും മൂപ്പുചായിപ്പു കൂടാതെ ഒരുമിച്ചെന്നപോലെയല്ലയോ ഈ ലോകത്തിലേക്കു വന്നതു. മുമ്പെന്നും പുറകെന്നു ഉള്ള വ്യത്യാസമേല്ലുള്ളു. അതുകൊണ്ടു ഞാൻ വലിയവൻ നീ വലിയവൻ എന്നുള്ള ഭാവംകൂടാതെ നമുക്കു സമന്മാരായി നമ്മുടെ ആയുസ്സുകാലം കവിച്ചുകൊള്ളാമെന്നു പറഞ്ഞുംകൊണ്ടു അവരുടെ യജമാനന്മാരോടുകൂടെ ആശ്രമത്തിലേക്കു പ്രവേശിച്ചു.

അവസാനം